KNANAYADEEPAM

# ക്നാനായദീപം

Vol: 35 / Issue: 1 January 2024 ₹:10/-



# CLEMIS SCHOOL
## CHINGAVANAM

(Affiliated to CBSE, New Delhi. Affiliation No. 930142) Phone: 0481-2430108, 7736407895



# ADMISSIONS OPEN
## 2024-2025
## PLAY SCHOOL LKG to IX & XI

- Smart Class - Interactive Panel (Senses) with AI features
- Personal and intensive care on slow learners
- Loving and friendly atmosphere
- School buses through all major local routes
- Choice of extra curricular activities
- Committed teachers
- Senior Secondary streams
- A long tradition of academic excellence and leadership





**Science-**
Physics, Chemistry, Biology / Computer Sc., Mathematics / Informatics Practices, Malayalam / IT

**Commerce-**
Business studies, Accountancy, Economics, Mathematics / Informatics Practices, Malayalam / IT










Email: clemisschool@yahoo.com Website: www.clemisschool.com

For Admission and other queries please contact School office

Advt -O

# ക്നാനായ ദീപം

2024 ജനുവരി പുസ്തകം 35 ലക്കം 1

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ഇടകലരാത്ത ജനം 09
റ്റി. യു. ജോസ് തൈത്തറ

നീ മർത്യനെ പൊടിയിലേയ്ക്ക്... 10
അമ്മാൾ രാജൻ പുളിമൂട്ടിൽ

2024-ൽ തലമുറയെ ശ്രദ്ധിക്കാം... 19
സുനിൽ ഡി. കുരുവിള

സഭയിൽ സ്ത്രീകൾക്കുള്ള പങ്ക്... 21
ഡോ. മറിയാമ്മ തോമസ് കുന്നുപറമ്പിൽ

മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ് 23

ഇരുവായ്ത്തലവാൾ III 24
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

ദൈവകൃപയുടെ കാര്യസ്ഥൻ 25
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

ഏവൻഗേലിയോൻ ദീപം 26
ഫാ. പി.ഒ. ഏലിയാസ്

ക്ഷമ എന്ന പുണ്യം കൈവരിക്കാൻ 28
ജയ്നമ്മ മർക്കോസ് നടുവിലേപറമ്പിൽ

ആരാണു സാക്ഷാൽ ആടുകളുടെ ഇടയൻ 29
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

30 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 ചിന്തയുടെ ചീന്തുകളിൽ നിന്ന്
പ്രൊഫ. ഡോ. അന്നമ്മ ജേക്കബ് മള്ളൂശ്ശേരിൽ

40 ഓതറ നസ്രേത്ത് ആശ്രമം

42 ചെങ്കടലിലും വഴിതുറക്കുന്ന ദൈവം
സീമ ഷിന്റോ കന്നിയേൽ

43 മല്പാനോട് ചോദിക്കാം

45 കാൽപ്പാടുകൾ
എബി

46 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Roy Mathew Core Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.
knanayadeepam.in



**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




കർത്താവിൽ പ്രിയ ക്നാനായ ദീപം വായനക്കാർക്ക് 2024 ലെ മംഗളങ്ങൾ നേരുന്നു. ഒരു വർഷം നമ്മെവിട്ടു കടന്നു പോയി. 2024 ഇതാ ദൈവം നമുക്ക് സമ്മാനിച്ചിരിക്കുന്നു. ഹബക്കുക്ക് പാടിയതുപോലെ ആണ്ടുകൾ കഴിയുന്നു. ഓരോ വർഷവും കഴിഞ്ഞതിനെക്കാൾ സംഭവബഹുലം തന്നെ. 2023 എത്രയോ ഭീകരം ആയിരുന്നു. പ്രകൃതി നാശ ങ്ങൾ, യുദ്ധങ്ങൾ, ജാതിമത്സരങ്ങൾ, പീഡകൾ, പീഢനങ്ങൾ, രാഷ്ട്രീയ കോളിളക്കങ്ങൾ, ഉന്നതന്മാരുടെ തകർച്ചകൾ എന്തെല്ലാം ദുരന്തസംഭവങ്ങൾക്ക് നാം സാക്ഷികളാണ്. മല്ല ന്മാരെ കടപുഴക്കിയ കാലപ്രവാഹത്തിൽ ഏഴകളായ നമ്മുടെ കാലുകൾ പതറാതെ ശാശ്വതപാറയായ ക്രിസ്തു നമ്മെ നിർത്തി. ഈ പുതുവർഷം കഴിഞ്ഞ വർഷത്തിലെ നമ്മുടെ തെറ്റുകൾ തിരുത്തുവാൻ ദൈവം നമുക്ക് നൽകിയിരിക്കുന്ന ഒരു അവസരമാണ്. ഈ വർഷത്തിൽ നമുക്ക് എന്തെല്ലാം സംഭവിക്കുമെന്ന് ആർക്കും തന്നെ അറിഞ്ഞുകൂട. ഈ പശ്ചാ ത്തലത്തിൽ നമുക്ക് ഉണ്ടായിരിക്കേണ്ടത്; നിരാശയോ, നിസ്സം ഗതാ മനോഭാവമോ അല്ല. നാം ധൈര്യപൂർവ്വം ജാഗ്രതയു ള്ളവരായി പ്രവർത്തിക്കേണ്ടതാണ്. ഒന്നാമതായി ദൈവത്തി ലുള്ള നമ്മുടെ വിശ്വാസം മുറുകെ പിടിക്കുക എന്നതാണ്. അഖിലാണ്ഡത്തെ മനോഹരമാംവിധം സൃഷ്ടിച്ച മഹാദൈവം തന്നെയാണ് ഇന്നും എന്നും ഭരിക്കുന്നത്. വിശ്വാസത്തിൽ അന്തർഭവിച്ചിരിക്കുന്നത് സമ്പൂർണ്ണ സമർപ്പണം ആണ്. എല്ലാറ്റിനും ദൈവിക ഉദ്ദേശം മറഞ്ഞു കിടക്കുന്നുണ്ട് എന്ന് നാം മനസ്സിലാക്കണം. ആ ഉദ്ദേശം നാം ഗ്രഹിക്കുകയും അംഗീകരിക്കുകയും അതിന്റെ നിർവ്വഹണത്തിനായി അണി നിരക്കുക എന്നതുമാണ് വിശ്വാസംകൊണ്ട് സാധിക്കേണ്ട ത്. ഇതാണ് നമ്മുടെ കർത്തവ്യം. സർവ്വശക്തനും സ്നേഹ വാനുമായ ദൈവത്തിന്റെ സാന്നിദ്ധ്യം എപ്പോഴും നമ്മോടു കൂടെയുണ്ട്. അവൻ എന്നോടു പറ്റിയിരിക്കയാൻ ഞാൻ അവനെ വിടുവിക്കും. അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും. അവൻ എന്നെ വിളിച്ചപേക്ഷി ക്കും, ഞാൻ അവന് ഉത്തരം അരുളും. കഷ്ടകാലത്ത് ഞാൻ അവനോടുകൂടെ ഇരിക്കും, ഞാൻ അവനെ വിടുവിച്ച് മഹ ത്വപ്പെടുത്തും, ദീർഘായുസ്സുകൊണ്ട് ഞാൻ അവന് തൃപ്തി വരുത്തും. എന്റെ രക്ഷയെ അവന് കാണിച്ചുകൊടുക്കും. (സങ്കീ.91:14–1). ഈ പാട്ട് യിസ്രായേൽ ജനതയുടെ അനുഭ വത്തിൽനിന്നും ഉത്ഭവിച്ചതാണ്. ദൈവം യിസ്രായേലിനു വേണ്ടി എന്തു ചെയ്തു എന്നതിന്റെ പശ്ചാത്തലത്തിൽ നമു ക്കുവേണ്ടി ദൈവം എന്തു ചെയ്യും എന്ന ഒരു പ്രവചനവും പ്രബോധനവുമാണ് ഈ വാക്യങ്ങളുടെ കാതലായ ഭാഗം.

# *Happy New Year*

**ഈ പുതുവർഷം കഴിഞ്ഞ വർഷത്തിലെ നമ്മുടെ തെറ്റുകൾ തിരുത്തുവാൻ ദൈവം നമുക്ക് നൽകിയിരിക്കുന്ന ഒരു അവസരമാണ്. ഈ വർഷത്തിൽ നമുക്ക് എന്തെല്ലാം സംഭവിക്കുമെന്ന് ആർക്കും തന്നെ അറിഞ്ഞുകൂട. ഈ പശ്ചാത്തലത്തിൽ നമുക്ക് ഉണ്ടായിരി ക്കേണ്ടത്; നിരാശയോ, നിസ്സംഗതാ മനോഭാവമോ അല്ല. നാം ധൈര്യ പൂർവ്വം ജാഗ്രതയുള്ളവരായി പ്രവർത്തിക്കേണ്ടതാണ്.**

1) വിടുവിക്കുന്നവനാണ് ദൈവം. പ്രയാസങ്ങളിൽനിന്നും ഭയങ്ങളിൽനിന്നും ഒരു വിടുതലിനുവേണ്ടി മനുഷ്യൻ സദാ ശ്രമിക്കുന്നുണ്ട്. ഇതിനായി സ്വന്തം ബുദ്ധിയും പ്ലാനും പ്രയോ ഗിച്ച് നോക്കുന്നു. പക്ഷേ ഫലം നാസ്തിയാണ്.

2) കഷ്ടകാലത്ത് ദൈവം നമ്മോടുകൂടിയിരിക്കും.

3) ദൈവം നമ്മെ ഉയർത്തും:– തന്നെത്താൻ ഉയർത്തുന്ന വൻ താഴ്ത്തപ്പെടുകയേ ഉള്ളൂ എന്ന് മനസ്സിലാക്കിയ മോശ 40 വർഷക്കാലം താഴ്ന്നിരുന്നു. തൽഫലമായി ദൈവം മോശയെ ഉയർത്തി.

4) ദൈവം നമ്മെ തൃപ്തരാക്കും– ദൈവത്തിൽ വിശ്വസി ക്കുന്നവർക്ക് പട്ടിണിയാണെങ്കിലും രോഗകിടക്കയിൽ ആണെങ്കിലും പ്രതികൂലങ്ങളുടെ മദ്ധ്യത്തിലാണെങ്കിലും അതിൽ ഒക്കെയും അത്ഭുതകരമായ ഒരു സംതൃപ്തി ഉള വാക്കുവാൻ ദൈവത്തിനു കഴിയും. ജീവിതത്തിലുള്ള തൃപ്തി യഥാർത്ഥത്തിൽ ദൈവത്തിന്റെ വിലയേറിയ ദാനമാണ്. ദൈവം നിന്നെ തൃപ്തനാക്കും. അതിനുവേണ്ടി നീ ഇപ്പോൾ തന്നെ ദൈവത്തെ സമീപിക്കുക. അപ്പോൾ പുതുവർഷ ത്തിന്റെ ഓരോ ദിവസങ്ങളും അനുഗ്രഹകരമായിതീരും.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



**'ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന അരുളപ്പാട് ശ്രവിച്ച ജനം യേശുവിനെ രക്ഷകനായി മനസ്സിലാക്കുന്നു. ആ ഉൾക്കാഴ്ച അവരെ യേശുവിങ്കലേക്ക് ആകർഷിക്കുന്നു. അവർ യേശുവിനെ അനുഗമിക്കുന്നു. യേശുവിന്റെ അത്ഭുതപ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു.**

**2024** എന്ന പുതുവർഷത്തിന്റെ പ്രഥമ മാസത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. കഴിഞ്ഞ കാലത്ത് അനുഭവിച്ച ദൈവകൃപയ്ക്കും, പരിപാലനത്തിനുമായി ദൈവസന്നിധിയിൽ മഹത്വം കരേറ്റി, പുതുവർഷത്തിലും ദൈവതണലിൽ ആയിരിക്കുവാൻ പ്രാർത്ഥനയോടെ നമ്മെ ദൈവസന്നിധിയിൽ സമർപ്പിക്കാം. സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നതുപോലെ 'ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ നിൽക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും യഹോവയുടെ ന്യായപ്രമാണത്തെ രാപ്പകൽ ധ്യാനിക്കുന്ന' ഒരു സമൂഹമായി നമുക്ക് ആയിത്തീരാൻ ശ്രമിക്കാം.

ജനുവരി 6-ന് ദനഹാപെരുന്നാൾ നാം ആചരിച്ചു. നമ്മുടെ കർത്താവും രക്ഷിതാവുമായവൻ വി. യോഹന്നാൻ സ്നാപകനിൽ നിന്ന് മാമോദീസാ സ്വീകരിച്ചതിനെ അനുസ്മരിച്ചു 'ഉദയത്തിന്റെ' പെരുന്നാളായ ദനഹായിൽ യേശു ദൈവപുത്രനായി ലോകത്തിന് വെളിപ്പെടുന്നു. 'ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന അരുളപ്പാട് ശ്രവിച്ച ജനം യേശുവിനെ രക്ഷകനായി മനസ്സിലാക്കുന്നു. ആ ഉൾക്കാഴ്ച അവരെ യേശുവിങ്കലേക്ക് ആകർഷിക്കുന്നു. അവർ യേശുവിനെ അനുഗമിക്കുന്നു. യേശുവിന്റെ അത്ഭുതപ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു. നമുക്കും ലോക രക്ഷകനും, വീണ്ടെടുപ്പുകാരനുമായ യേശുതമ്പുരാന്റെ സന്നിധിയിൽ സമർപ്പണത്തോടെ ആയിരിക്കാം. യേശുവിനെ സാക്ഷിക്കുന്ന ഒരു ജനസമൂഹമായി മാറാൻ ശ്രമിക്കാം.

ഈ വർഷത്തെ മൂന്ന് നോമ്പ് ദിനങ്ങൾ ജനുവരി 22, 23, 24 തീയതികളിലാണല്ലോ. ദൈവത്തിന്റെ പ്രവാചകനായ യോനായ്ക്കും, ജനത്തിനും വലിയൊരു തിരിച്ചറിവും, രൂപാന്തരവും യാഥാർത്ഥ്യമാകുന്നു. നോമ്പ് ദിനങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും, ഉപവാസവും നടത്താറുണ്ട്. ധ്യാനത്തിന്റെ അവസരമായി അതിനെ വേർതിരിക്കുന്നു. ദൈവത്തിന്റെ സ്നേഹവും കരുതലും അനുഭവിക്കുവാനും ദൈവത്തിങ്കലേയ്ക്ക് തിരിയുവാനും ഈ ദിനങ്ങൾ സഹായകമാകണം. ജീവിതത്തിൽ ഇന്നയോളം നടത്തിയ ദൈവത്തെ സ്തുതിക്കുവാനും, ദൈവസന്നിധിയിൽ രൂപാന്തരത്തിന്റെ അനുഭവത്തിൽ ജീവിക്കുവാനും നമുക്ക് ശ്രമിക്കാം. അങ്ങനെ ഈ വർഷത്തെ മൂന്ന് നോമ്പ് ആചരണം നമ്മെ രൂപാന്തരത്തിലേയ്ക്ക് നയിക്കട്ടെ. മൂന്ന് നോമ്പ് പിന്നിട്ട് 18 ദിവസങ്ങൾക്കു ശേഷം പരി. വലിയ നോമ്പിലേയ്ക്ക് സഭ പ്രവേശിക്കുകയാണല്ലോ. നോമ്പിൽ ചില അയവുകൾ വരുത്തിയിട്ടുണ്ടെങ്കിലും തലമുറകളുടെ അനുഗ്രഹത്തിനായി എല്ലാവരും നോമ്പ് മുഴുവനായി ഏറ്റവും ഭക്തിപുരസരം ആചരിക്കുവാൻ ശ്രദ്ധിക്കണം.

സൺഡേസ്ക്കൂൾ ഒരു വർഷം പിന്നിട്ട് പുതുവർഷത്തിലെ അധ്യായനവർഷം ആരംഭിക്കുകയാണല്ലോ. നമ്മുടെ എല്ലാ കുഞ്ഞുങ്ങളും സൺഡേസ്ക്കൂൾ ക്ലാസ്സുകളിൽ സംബന്ധിക്കുവാൻ തക്കവിധം മാതാപിതാക്കൾ ഉത്സുകരാകണമെ. നമ്മുടെ ഭാവിതലമുറയായ കുഞ്ഞുങ്ങൾക്ക് ആവശ്യമായ സ്നേഹവും കരുതലും ദൈവാശ്രയബോധവും നൽകുവാൻ ഇടയാകണം.

നമ്മുടെ സമുദായത്തിലെ സീനിയർ വൈദികൻ ബഹു. അറയ്ക്കൽ എ.റ്റി. തോമസ് കോർ എപ്പിസ്ക്കോപ്പ ഇഹലോകത്തിലെ തന്റെ ദൗത്യമെല്ലാം പൂർത്തീകരിച്ച് ദൈവസന്നിധിയിലേയ്ക്ക് വാങ്ങിപ്പോയല്ലോ. അച്ചന്റെ ശ്രേഷ്ഠതയും, മഹനീയതയും നമുക്കെല്ലാം അറിവുള്ളതാണല്ലോ. അച്ചന്റെ നിര്യാണത്തിൽ ക്നാനായ സമുദായത്തിന്റെ അനുശോചനങ്ങളും, പ്രാർത്ഥനകളും രേഖപ്പെടുത്തുന്നു.

ഏവർക്കും പുതുവർഷത്തിന്റെ എല്ലാ അനുഗ്രഹങ്ങളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
സമുദായ മെത്രാപ്പോലീത്ത

# സമുദായ വാർത്തകൾ



ററി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

ക്നാനായ സമുദായത്തിലെ എല്ലാ സമുദായ അംഗങ്ങൾക്കും പുതുവത്സര ആശംസകൾ നേരുന്നു. സമുദായത്തിന്റെ കടങ്ങൾ എല്ലാം തീർത്തു 2024 പുതുവർഷം ബാദ്ധ്യതരഹിത വർഷമായി തീർന്നതിൽ ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

ഈ പുതുവർഷം ക്നാനായ കമ്മറ്റി വളരെ സന്തോഷത്തോടും, ചാരിതാർത്ഥ്യത്തോടും കൂടിയാണ് പുതുവർഷത്തിലേയ്ക്ക് കാൽവയ്ക്കുന്നത്. രണ്ടു കാരണങ്ങളുണ്ട് അതിൽ ഒരു കാര്യം നെല്ലിക്കൽ സ്ഥലം വീണ്ടും സമുദായത്തിന് തിരികെ കിട്ടി.

2013 വരെ ക്നാനായ സമുദായത്തിന്റെ ഉടമസ്ഥതയിൽ ഒരു ബാദ്ധ്യതയും ഇല്ലായിരുന്ന നെല്ലിക്കൽ തോട്ടം 2013 ലെ മുൻ ഭരണസമിതി ഒരു കാര്യവുമില്ലാതെ ചിങ്ങവനം സൗത്ത് ഇന്ത്യൻ ബാങ്കിൽ പണയം വച്ച് ഒരു കോടി 50 ലക്ഷം രൂപ എടുത്ത് ഒരു കോടി 10 ലക്ഷത്തിന് 30 സെന്റ് സ്ഥലം വാങ്ങിയത് എന്തിനാണെന്നുള്ളത് ഇപ്പോഴും അവ്യക്തതയാണ്. 2012/2015 ൽ ഉണ്ടാക്കിയ കെടുകാര്യസ്ഥതയുടെ ഫലമായാണ് സമുദായത്തിന്റെ 8 കോടി രൂപ വിലമതിക്കുന്ന നെല്ലിക്കൽതോട്ടം ബാങ്കിൽ പണയപ്പെടുത്തി ചിങ്ങവനം ക്ലീമ്മീസ് സ്കൂളിന്റെ പുറകുവശത്ത് യാതൊരു ആദായവുമില്ലാത്ത 30 സെന്റ് തരിശുസ്ഥലം ഒരു കോടി 10 ലക്ഷം രൂപയ്ക്ക് വാങ്ങുന്നതിനുവേണ്ടി ഒന്നരക്കോടി രൂപ ബാങ്കിൽ നിന്നും കടം എടുത്തു.

2018–ൽ സമുദായത്തിൽ നിലവിൽ വന്ന ഭരണസമിതി ഏതാണ്ട് 80 ലക്ഷം രൂപ ബാങ്കിൽ അടച്ചു. ആയതിന്റെ സിംഹഭാഗവും പലിശ ഇനത്തിൽ ബാങ്ക് വരവ് വയ്ക്കുകയാണ് ഉണ്ടായത്. 2023 നവംബർ മാസം ഒന്നാം തീയതി ബാങ്ക് Notice under Section 13(2) of the Securitisation and Reconstruction of Financial Assets and Enforcement of Security Interest Act, 2002 അനുസരിച്ച് നോട്ടീസ് സമുദായത്തിന് തരുകയുണ്ടായി. നോട്ടീസിൽ പറഞ്ഞിരിക്കുന്നത് Rs.10531377.83 (Rupees One Crore Five Lakh Thirty One Thousand Three Hundred Seventy Seven and Paise Eighty Three Only) 2023 ഒക്ടോബർ 31 മുമ്പ് അടച്ചില്ല എങ്കിൽ ബാങ്ക് സമുദായത്തിന്റെ സ്ഥലം ഏറ്റെടുത്ത് ലേലം ചെയ്യുമെന്നാണ്.

സമുദായ സ്ഥലം ബാങ്ക് ജപ്തിയിലേയ്ക്ക് പോകുവാൻ നോട്ടീസ് ലഭിച്ചു കഴിഞ്ഞ് ക്നാനായ കമ്മറ്റി ബാങ്കിനെ സമീപിച്ച് വൺ ടൈം സെറ്റിൽമെന്റിന് തുനിഞ്ഞു. മുൻ ആക്ടിംഗ് ട്രസ്റ്റി തോമസുകുട്ടി മറ്റയ്ക്കാട്ടും, ക്നാനായ കമ്മറ്റി അംഗങ്ങളായ ലിനു വരാത്രയും, രെഞ്ചു കോഴിമറ്റവും എറണാകുളത്ത് കളമശ്ശേരിയിലുള്ള ബാങ്കിന്റെ ഡി.ജി.എം.മും ആയി പ്രാരംഭ ചർച്ച നടത്തി. പിന്നീട് ക്നാനായ കമ്മറ്റി ഡി.ജി.എം. മും ആയി പലപ്രാവശ്യം ബന്ധപ്പെട്ടു.

സമുദായ മെത്രാപ്പോലീത്തയുടെയും ശ്രമഫലമായി 26–12–2023 ന് സമുദായ സെക്രട്ടറിയും, ക്നാനായ കമ്മറ്റി അംഗം ലിനു ചെറിയാൻ വരാത്രയും കൂടി എറണാകുളത്ത് കളമശ്ശേരിയിൽ പോയി സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ ഡി.ജി.എം. മു ആയി വളരെ സമയമെടുത്ത് വിശദമായി ചർച്ചകൾ നടത്തി. ആയതിന്റെ ഫലമായി നമുക്ക് തന്ന നോട്ടീസിലെ ഒരു കോടി 5 ലക്ഷത്തിൽപരം രൂപ കൂടാതെ ഇന്നുവരെയുള്ള പലിശ ഉൾപ്പെടെ 1 കോടി 15 ലക്ഷത്തിൽ നിന്നും 88 ലക്ഷം രൂപയായിട്ട് കുറച്ച് വൺ ടൈം സെറ്റിൽമെന്റിന് ബാങ്കിന്റെ ഡി.ജി.എം. നെ സമ്മതിപ്പിക്കുവാൻ കഴിഞ്ഞു.

അവർ പറഞ്ഞ കണ്ടീഷൻ 2023 ഡിസംബർ 31–ന് മുമ്പ് ഈ പണം അടച്ചെങ്കിൽ മാത്രമെ ഇതു നടപ്പാക്കുകയുള്ളൂ. ഡിസംബർ 31–ന് മുമ്പ് അടച്ചില്ല എങ്കിൽ ടേംസിൽ നിന്ന് ബാങ്ക് പുറകോട്ടു പോകും, സമുദായത്തിന്റെ സ്ഥലം ലേലത്തിലാകും. എങ്ങനെയെങ്കിലും 88 ലക്ഷം രൂപ സ്വരൂപിക്കുന്നതിന്റെ ബുദ്ധിമുട്ടിലായിരുന്നു ക്നാനായ കമ്മറ്റി. 29–12–2023 ൽ അടിയന്തിര മാനേജിംഗ് കമ്മിറ്റി കൂടി.

ഒരു രൂപപോലും കൈയ്യിൽ ഇല്ലാതെ ചുരുങ്ങിയ നാല് ദിവസം കൊണ്ട് ഇത്രയും തുക കണ്ടെത്തുവാൻ കഴിയുമോ എന്ന് ക്നാനായ കമ്മറ്റിയ്ക്ക് ആശങ്കയുണ്ടായിരുന്നു. പരമകാരുണ്യവാനായ ദൈവത്തിന്റെ കൃപയാലും സമുദായ മെത്രാപ്പോലീത്തായുടെ ഹൃദയം നുറുങ്ങിയ പ്രാർത്ഥനയുടെ ഫലമായും 30–12–2023 ൽ 88 ലക്ഷം രൂപ സ്വരൂപിച്ച് ബാങ്കിൽ അടയ്ക്കുവാൻ സാധിച്ചു. സമുദായത്തിലെ സ്ഥാപനങ്ങളും, സംഘടനകളും സഹായിച്ചു. അതുകൊണ്ട് മുഴുവൻ തുകയും ആയില്ല. ദൈവാലയങ്ങളിൽ നിന്നും സമുദായത്തിന് തരുവാനുള്ള കുടിശിഖ കുറച്ച് ദൈവാലയങ്ങൾ ഡിസംബർ 31 ന് മുമ്പായി തന്നു. പ്രതിസന്ധിയിൽ കൈത്താങ്ങായി നിന്ന് എല്ലാ സ്ഥാപനങ്ങളും സമുദായത്തെ സഹായിച്ചു.

ഏറ്റവും മുൻപന്തിയിൽ നിന്ന് സഹായിച്ച ഓതറ ഫാർമസി കോളേജിന്റെ മാനേജർ സോബൻ ലൂക്കോസ് കോയിപ്പുറത്തിനോടും, സെക്രട്ടറി പി.എ. ഏബ്രഹാം കുഴിക്കണ്ടത്തിലിനോടും, ഗവേണിംഗ് ബോർഡ് അംഗങ്ങളോടും ഉള്ള നന്ദി അറിയിക്കുന്നു.

പിന്നീട് നന്ദി പറയേണ്ടത് ക്നാനായ ദീപത്തിന്റെ മാനേജിംഗ് എഡിറ്റർ ജേക്കബ്കുട്ടി കല്ലുകുളം അച്ചനോടും, ചീഫ് എഡിറ്റർ റോയി മാത്യൂസ് കോർ എപ്പിസ്ക്കോപ്പാ മുളമൂട്ടിൽ അച്ചനോടും, മാനേജിംഗ് കമ്മറ്റി അംഗങ്ങളോടും ഉള്ള നന്ദി അറിയിക്കുന്നു.

അതുപോലെ ക്ലീമ്മീസ് സ്കൂളിന്റെ പ്രസിഡന്റ് സമുദായ മെത്രാപ്പോലീത്തായോടും, മാനേജർ സാജൻ സി. അലക്സ് അച്ചനോടും, ഗവേണിംഗ് ബോർഡ് അംഗങ്ങളോടും ഉള്ള നന്ദി അറിയിക്കുന്നു.

കൂടാതെ നസ്രേത്ത് ആശ്രമം വൈസ് പ്രസിഡന്റ് വി.

എ. ഏബ്രഹാം ഇളയശ്ശേരിയിൽ അച്ച നോടും, സെക്രട്ടറി ശ്രീ. സ്മിജു ജേക്കബ് മറ്റയ്ക്കാടിനോടും, കമ്മറ്റി അംഗങ്ങളോടും ഉള്ള നന്ദി അറിയിക്കുന്നു.

സുവിശേഷ സമാജത്തിന്റെ വൈസ് പ്രസിഡന്റ് ബെന്നി ഏബ്രഹാം അച്ച നോടും, സെക്രട്ടറി ശ്രീ. ജിജി കറുക യിലിനോടും, കമ്മറ്റി അംഗങ്ങളോടു മുള്ള നന്ദി അറിയിക്കുന്നു.

ക്ലീമ്മീസ് പ്രസ്സ് മാനേജർ ഷെറിൻ സി. കൊല്ലംപറമ്പിൽ അച്ചനോടും, കമ്മറ്റി അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

ഒന്നും ഇല്ലായ്മയിൽ നിന്നും സഹായിച്ച ഫാമിലി ഡയറക്ടറേറ്റിന്റെ ഡയറക്ടർ രാജൻ കുളമട അച്ചനോടും, സെക്രട്ടറി ജിജി പുന്നൂസ് അച്ചനോടും, മറ്റുള്ള വൈദിക ശ്രേഷ്ഠരോടുമുള്ള നന്ദിയും അറിയിക്കുന്നു.

പള്ളി കുടിശിഖ അടച്ച് സഹായിച്ച ദൈവാലയങ്ങളിലെ ട്രസ്റ്റി, സെക്രട്ടറി, വികാരി, കമ്മറ്റി, അസ്സോസിയേഷൻ അംഗങ്ങളോടും ഉള്ള നന്ദി അറിയിക്കുന്നതോടൊപ്പം, മുൻകൂർ പണം അടച്ച് സഹായിച്ച അഞ്ചാനിപള്ളി ഭാരവാഹികളോടും ഉള്ള നന്ദിയും അറിയിക്കുന്നു.

ക്നാനായ കമ്മറ്റി ഏറ്റെടുത്ത ഈ വലിയ ദൗത്യം നിറവേറ്റുവാൻ സഹായിച്ച സമുദായ മെത്രാപ്പോലീത്ത, സോഷ്യൽ മീഡിയയിൽ കൂടി ഞങ്ങൾക്ക് ആത്മധൈര്യം തന്ന എല്ലാ ക്നാനായ സമുദായ അംഗങ്ങളോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. ഈ തുക കണ്ടെത്തിയതിൽ ക്നാനായ കമ്മറ്റിക്ക് കുറച്ച് ബാദ്ധ്യത ഉണ്ട്. അത് നിറവേറ്റുന്നതിനുവേണ്ടി കുടിശിഖയുള്ള വിദേശത്തും, സ്വദേശത്തും ഉള്ള പള്ളികൾ കുടിശിഖ ഉടനെ അടയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരമകാരുണ്യവാനായ ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

പുതുവർഷത്തിൽ സന്തോഷത്തിന്റെ രണ്ടാമത്തെ കാര്യം

ബാംഗ്ലൂർ കേളച്ചന്ദ്ര ശ്രീ.കെ.ജെ. ജോർജും കുടുംബവും സമുദായത്തിന് വർഷങ്ങൾക്ക് മുൻപ് സംഭാവനയായി നൽകിയ സ്ഥലത്ത് ബിൽഡിംഗ് പണിയുന്നതിന് ശോഭാ ബിൽഡേഴ്സുമായി ജോയിന്റ് വെഞ്ചറിൽ ബിൽഡിംഗ് പണിയുന്നതിന് ഇതിന്റെ ഡെവലപ്പറായി ശ്രീ. റ്റി. വി. ഏലിയാസിന്റെ നേതൃത്വത്തിൽ എഗ്രിമെന്റ് വയ്ക്കുന്നതിനു ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിലും 19-12-2023 ബാംഗ്ലൂർ എത്തി സമുദായം വക സ്ഥലം സന്ദർശിച്ച് എഗ്രിമെന്റിലായി. ഏതാണ്ട് 10 കോടി രൂപ വിലമതിക്കുന്ന കെട്ടിട സമുച്ചയമാണ് പണി പൂർത്തീകരിച്ചു കഴിയുമ്പോൾ സമുദായത്തിന് ഇവിടെ ലഭിക്കുന്നത്.

ബാംഗ്ലൂരിൽ എത്തിയ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയേയും, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിലും, സ്ഥലം സംഭാവനമായി നൽകിയ ബഹു. കർണ്ണാടക ഇലക്ട്രിസിറ്റി ക്യാബിനറ്റ് മിനിസ്റ്റർ ശ്രീ. കെ.ജെ. ജോർജ് കേളച്ചന്ദ്രയുടെ പ്രത്യേക ക്ഷണം സ്വീകരിച്ച് അദ്ദേഹത്തിന്റെ ഭവനത്തിൽ പ്രഭാത ഭക്ഷണത്തിൽ പങ്കെടുത്തു. ബഹു. മന്ത്രി ശ്രീ.കെ.ജെ.ജോർജിന്റെ നിർദ്ദേശപ്രകാരമാണ് ഇക്കാര്യങ്ങൾ എല്ലാം പ്രവർത്തിച്ചത്. ക്നാനായ സമുദായത്തെ ആത്മാർത്ഥമായിട്ട് സ്നേഹിക്കുന്ന ബഹു. മന്ത്രിയോടും കുടുംബത്തോടും ഉള്ള നന്ദി ഈ അവസരം അറിയിക്കുന്നു.

മലങ്കര സുറിയാനി ക്നാനായ സമുദായ ത്തിന്റെ നിലവിലിരിക്കുന്ന ഭരണഘടന കാലോചിതമായി പരിഷ്ക്കരിക്കണമെന്നുള്ള ക്നാനായ കമ്മിറ്റിയുടെ തീരുമാനപ്രകാരം 16-12-2023 ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് ചിങ്ങവനം മോർ അപ്രേം സെമ്മിനാരിയിൽ കൂടിയ "ഭരണഘടന ഭേദഗതി കമ്മിറ്റി" മീറ്റിംഗിൽ ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റ് റവ. ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരിൽ, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, വൈദിക ട്രസ്റ്റി റവ. ഫാ. എം. സി. സഖറിയ മധുരംകോട്ട്, ഭദ്രാസന സെക്രട്ടറി റവ. ഫാ.ഏലിയാസ് സ്കറിയ ഇളവൻകുളം, നിലവിലുള്ള മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, മുൻ സമുദായ സെക്രട്ടറി ശ്രീ. തമ്പാൻ തോമസ്, അഡ്വക്കേറ്റ് സന്ദീപ് ഏബ്രഹാം, ശ്രീ. വില്ലി വടാമറ്റം എന്നിവർ സംബന്ധിച്ചു വളരെ വിശദമായ ചർച്ചകൾ നടത്തി.

വിശദമായ പഠനങ്ങൾക്ക് ശേഷം വീണ്ടും കൂടുവാൻ തീരുമാനിച്ചു. ഭരണഘടന ഭേദഗതി കമ്മറ്റിയുടെ കൺവീനറായി ശ്രീ. തമ്പാൻ തോമസിനെ തെരഞ്ഞെടുത്തു.

ക്നാനായ സുവിശേഷ സമാജം അപ്രേം തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് അൽമായർക്കുവേണ്ടി നടത്തിയ ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സിന്റെ കോൺവൊക്കേഷൻ സെറിമണി ഉദ്ഘാടനം സമുദായ വലിയ മെത്രാപ്പോലീത്ത നടത്തി. മോർ അപ്രേം സെമിനാരിയിൽ കൂടിയ സമ്മേളനത്തിൽ സുവിശേഷ സമാജം വൈസ് പ്രസിഡന്റ് ഫാ. ബെന്നി ഏബ്രഹാം മാമലശ്ശേരിയിൽ അദ്ധ്യക്ഷത വഹിച്ചു. ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, വൈദിക ട്രസ്റ്റി റവ. ഫാ. എം. സി. സഖറിയ മധുരം കോട്ട്, അപ്രേം തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ചീഫ് കോർഡിനേറ്റർ ഫാ.രാജൻ ഏബ്രഹാം കുളമടയിൽ, സുവിശേഷ സമാജം ജനറൽ സെക്രട്ടറി ജിജി ഏബ്രഹാം കറുകേലിൽ, ട്രസ്റ്റി സജി മുണ്ടക്കൽ, ജിയ സ്മിജു എന്നിവർ പ്രസംഗിച്ചു. പഠിതാക്കൾക്കുള്ള സർട്ടിഫിക്കറ്റുകൾ സമുദായ വലിയ മെത്രാപ്പോലീത്ത വിതരണം ചെയ്തു.

കോട്ടയത്ത് കേരള മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ പങ്കെടുത്ത നവ കേരള സദസ്സിന്റെ പ്രഭാത യോഗത്തിൽ 2023 ഡിസംബർ 13-ാം തീയതി വിശിഷ്ഠാതിഥിതിയായി ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിലും പങ്കെടുത്തു. ക്നാനായ സമുദായത്തിന്റെ ആവശ്യങ്ങളും പൊതുസമൂഹത്തിന്റെ താൽപര്യങ്ങളും സമുദായ മെത്രാ

പ്പോലീത്ത സദസ്സിൽ ഉന്നയിച്ചു. പത്തനംതിട്ടയിൽ കേരളാ മുഖ്യമന്ത്രി നയിക്കുന്ന നവകേരള പ്രഭാത സദസ്സിൽ പ്രത്യേക ക്ഷണിതാവായി സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ പങ്കെടുത്തു.

കേരള കൗൺസിൽ ഓഫ് ചർച്ചസ് (KCC) ന്റെ ചിൽഡ്രൻസ് കമ്മീഷൻ സംസ്ഥാനതല ഉത്ഘാടനം, മലങ്കര സിറിയൻ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി മലങ്കര സിറിയൻ ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിലിന്റെയും, KCC ന്റെ ചിൽഡ്രൻസ് കമ്മീഷൻ ചെയർമാൻ സ്മിജു ജേക്കബ് മറ്റയ്ക്കാട്ടിന്റെയും വിവിധ ഭാരവാഹികളുടെയും, മറ്റ് വിശിഷ്ഠ വ്യക്തികളുടെയും സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു.

രാജ്ഭവനിൽ കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഒരുക്കിയ ക്രിസ്തുമസ് ആഘോഷത്തിൽ കേരളത്തിലെ വിവിധ ക്രൈസ്തവ സഭാ മെത്രാപ്പോലീത്താമാരോടും, മറ്റ് സമുദായ നേതാക്കളോടും, വിശിഷ്ഠാതിഥികളോടും ഒപ്പം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി പങ്കെടുത്തു.

ഓതറ നസ്രേത്ത് കോളജ് ഓഫ് ഫാർമസിയുടെ ക്രിസ്തുമസ് ആഘോഷങ്ങൾ "ESPERANZA 2023" ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉത്ഘാടനം ചെയ്തു. വികാരി ജനറാൾ ഫാ.വി.എ.ഏബ്രഹാം ഇളയശ്ശേരിൽ, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, കോളേജ് മാനേജർ ജേക്കബ് ലൂക്കോസ് കോയിപ്പുറത്ത്, കോളജ് സെക്രട്ടറി പി. എ. ഏബ്രഹാം കുഴികണ്ടത്തിൽ തുടങ്ങിയ എല്ലാ ഗവേണിംഗ് ബോർഡ് അംഗങ്ങളും പങ്കെടുത്തു.

ക്നാനായ ദീപത്തിന്റെയും, ക്ലീമ്മീസ് പ്രസ്സിന്റെയും സംയുക്ത ക്രിസ്തുമസ് ആഘോഷം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ ദീപം മാനേജിംഗ് എഡിറ്റർ, ഫാ. ജേക്കബ്കുട്ടി കല്ലുകുളം, ക്ലീമ്മീസ് പ്രസ്സ് മാനേജർ ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ, ഭദ്രാസന സെക്രട്ടറി ഫാ. ഏലിയാസ് സ്കറിയ ഇളവൻകുളം, ഗവേണിംഗ് ബോർഡ് അംഗങ്ങൾ എന്നിവരോടൊപ്പം കേക്ക് മുറിച്ച് ഉത്ഘാടനം ചെയ്തു.

സീറോ മലങ്കര കത്തോലിക്കാ സഭയിലെ പൂനെ-ഖഡ്കി രൂപതയുടെ നിയുക്ത മെത്രാനായി തെരഞ്ഞെടുക്കപ്പെട്ട ക്നാനായ വംശജനായ ബഹു. മത്തായി കടവിൽ കശ്ശീശാ ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ വന്ന് മലങ്കര സുറിയാനി ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അനുഗ്രഹം തേടി.

29-12-2013 ൽകൂടിയ ക്നാനായ മാനേജിംഗ് കമ്മറ്റിയുടെ പ്രധാനപ്പെട്ട തീരുമാനങ്ങൾ

ക്നാനായ സമുദായ ദിനവും ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്തായുടെ മേൽപ്പട്ട സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തതിന്റെ 20-ാം മെത്രാഭിഷേക വാർഷികവും സേവേറിയോസ് വിദ്യാഭ്യാസ നിധിയുടെ ശതാബ്ദി ആഘോഷവും സംയുക്തമായി ഓതറ നസ്രേത്ത് ഫാർമസി കോളേജിൽ വച്ച് മന്ത്രിയുടെയും, ഹൈക്കോടതി ജഡ്ജിയുടെയും മറ്റു സാമൂഹിക സാമുദായിക രാഷ്ട്രീയ നേതാക്കന്മാരുടെയും സാന്നിധ്യത്തിൽ വിപുലമായി നടത്തുന്നതിന് തീരുമാനിച്ചു. പ്രോഗ്രാം കൺവീനറായി മാനേജിംഗ് കമ്മറ്റി അംഗം തോമസുകുട്ടി തേവരുമുറിയെ തിരഞ്ഞെടുത്തു.

ക്നാനായ സമുദായംവക ബാംഗ്ലൂർ ഉള്ള സ്ഥലത്തിൽ ശോഭാ ഗ്രൂപ്പുമായി ജോയിൻ വെഞ്ചറിൽ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ആയതിന്റെ കോഡിനേറ്റർ ആയ ഇ. വി. ഏലിയാസുമായി പ്രാരംഭ എഗ്രിമെന്റ് വയ്ക്കുന്നതിന് സമുദായം മെത്രാപ്പോലീത്തായോട് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

നെല്ലിക്കൽ വസ്തു ലോൺ വെച്ച് സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നും കടമെടുത്ത തുക ഒറ്റത്തവണ തീർപ്പാക്കലിൽ കൂടി സെറ്റിൽ ചെയ്യുന്നതിനും ഡിസംബർ 31 മുമ്പായി 88 ലക്ഷം രൂപ ബാങ്കിൽ അടച്ച് സെറ്റിൽ ചെയ്യുന്നതിന് തീരുമാനിച്ചു.

നെല്ലിക്കൽ സ്ഥലത്ത് റിട്ടയർമെന്റ് ഹോം നിർമ്മിക്കുന്നതിനും തീരുമാനിച്ചു.

ക്നാനായ കമ്മറ്റിക്കുശേഷം ഭരണഘടന അമൻമെന്റ് കമ്മറ്റി കൂടുകയുണ്ടായി. പുതിയ ഭരണഘടന അമെന്റ് ചെയ്യുന്നതിന് നിർദ്ദേശങ്ങൾ പഠിച്ച് വരുവാൻ എല്ലാ മെമ്പർമാർക്കും നിലവിലുള്ള ഭരണഘടനയുടെ പ്രിന്റ് ചെയ്ത കോപ്പി കൊടുത്തു. എത്രയും വേഗം അമൻമെന്റ് കമ്മറ്റി കൂടുവാൻ തീരുമാനിച്ചു.

കോട്ടയം ജില്ലയിലെ തോട്ടയ്ക്കാട് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സേവേറിയോസ് ക്നാനായ കോളേജിൽ B.Sc Nursing ഉൾപ്പെടെയുള്ള പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങുന്നതിനുവേണ്ടി സ്പെഷ്യൽ സാങ്ഷൻ തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 03-01-2024 ൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിലും ക്നാനായ കമ്മറ്റി അംഗം ആലിച്ചൻ ആറൊന്നിലും ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനുമായി തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ കൂടിക്കാഴ്ച നടത്തി വളരെ അനുകൂല നിലപാടാണ് മുഖ്യമന്ത്രിയിൽ നിന്നും ഉണ്ടായത്.

മുൻ ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റും, ക്നാനായ സമുദായത്തിലെ സീനിയർ വൈദികനും, കോർ എപ്പിസ്ക്കോപ്പയും ആയ റവ. ഫാ. എ. റ്റി. തോമസ് അറയ്ക്കലിന്റെ നിര്യാണത്തിൽ ക്നാനായ സമുദായത്തിന്റെ അനുശോചനം അറിയിക്കുന്നു. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ക്നാനായ സമുദായവും പങ്കുചേരുന്നു. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരുന്നതിനോടൊപ്പം ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ക്നാനായ കമ്മറ്റിയ്ക്കുവേണ്ടി
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി

# ഇട കലരാത്ത ജനം

റ്റി.യു. ജോസ്, തൈത്തറ, കുറിച്ചി

വി. ബൈബിളിൽ സംഖ്യ 23-ൽ ഇസ്രായേൽ ജനത്തെ ശപിച്ച് യുദ്ധത്തിൽ അവരെ പരാജയപ്പെടുത്തുവാൻ മോവോബ് രാജാവായ ബാലാക്ക് ദൈവപുരുഷനായ ബാലാമിനോട് പറയുമ്പോൾ സംഖ്യ 23-9 ൽ കൂടി ഇസ്രയേൽ ജനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ കരുതൽ ബാലാമിന് വെളിപ്പെടുത്തുന്നു. "ഇതാ തനിച്ച് പാർക്കുന്ന ഒരു ജനം, ജാതികളുടെ കൂട്ടത്തിൽ പെടുന്നുമില്ല." p.o.c. ബൈബിളിൽ ഈ ഭാഗം കുറച്ചുകൂടി നമുക്ക് വ്യക്തമാകും. "വേറിട്ട് പാർക്കുന്ന ജനം ജനതകളോട് ഇടകലരാത്ത ജനം." ഇസ്രയേൽ ജനത്തെക്കുറിച്ച് ദൈവത്തിന്റെ വെളിപ്പെടുത്തൽ ഇതായിരിക്കെ ഇസ്രയേലിന്റെ പിൻതലമുറക്കാരായ ക്നാനായക്കാർ ഇതര സമുദായക്കാരെ വിവാഹം ചെയ്തു ഇടകലരാൻ ദൈവം ആഗ്രഹിക്കുന്നുണ്ടോ? ഈ വചനങ്ങൾ ഉൾക്കൊണ്ടാണ് നമ്മുടെ പൂർവ്വപിതാക്കന്മാർ വംശശുദ്ധിയും പാരമ്പര്യവും പൈതൃകവുമൊക്കെ നിലനിർത്തിപോന്നതും നമ്മൾ അഭംഗുരം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നതും.

സ്വസമുദായത്തിൽപ്പെട്ടവർ തമ്മിലുള്ള പ്രണയ വിവാഹങ്ങൾ, ക്നാനായ ഇതരമായിട്ടുള്ള പ്രേമ വിവാഹങ്ങൾ ഇവ ഇന്ന് ധാരാളമായി നടക്കുന്ന ഒരു സംഭവം "സാക്ഷ്യമുള്ള ജീവിതത്തിന്റെ ഉടമകളായ ഒരു കുടുംബത്തിലെ മാതാപിതാക്കളുടെ മകന്റെയും മകളുടെയും വിവാഹാലോചനയുമായി നമ്മുടെ പല കുടുംബങ്ങളിലുമുള്ളവരായിട്ട് സമ്പർക്കം പുലർത്തി എങ്കിലും തങ്ങൾക്ക് പറ്റിയ കുട്ടികളെല്ലാം പഠിക്കുന്നകാലം മുതലെ "Booked" ആയി പോയെന്നാണ് അവരുടെ മാതാപിതാക്കൾ പറഞ്ഞത്. ശൈശവം മുതൽ ലഭിക്കേണ്ട എല്ലാം ആത്മീയശിക്ഷണവും ആത്മീയ മൂല്യങ്ങളും കൊടുത്ത് വളർത്തിയ തങ്ങളുടെ മക്കൾക്ക് തക്ക ഒരു തുണയെ കണ്ടെത്തുവാൻ സാധിക്കാത്തതിൽ "ദൈവമെ ഞങ്ങളുടെ കുഞ്ഞുങ്ങൾ പ്രേമിക്കാതിരുന്നത് കൊണ്ടാണ്?" ആ പിതാവ് ആത്മഗതം ചെയ്തു. നമ്മുടെ സമുദായത്തിൽ നിന്നല്ലാതെ വിവാഹം കഴിക്കുകയില്ല എന്നുള്ള ഉറച്ച തീരുമാനവുമായി ആ കുഞ്ഞുങ്ങൾ നില കൊണ്ടു. അവസാനം മാതാപിതാക്കളുടെ ദുഃഖവും പ്രയാസവുമൊക്കെ കണ്ടിട്ട് വിവാഹബന്ധം വേർപെടുത്തിയ ഒരു പെൺകുട്ടിയെ സ്വസമുദായത്തിൽ നിന്നും തങ്ങളുടെ മകന് വിവാഹം ചെയ്യേണ്ടതായി വന്നു. തന്റെ സഹോദരന്റെ തീരുമാനവുമായി ആ മകളും ഇപ്പോഴും നിലകൊള്ളുന്നു. ഇതുപോലുള്ള സാഹചര്യം ഇന്നു പല കുടുംബങ്ങളിലും നമുക്ക് കാണുവാൻ സാധിക്കും. നമ്മുടെ കുട്ടികൾ തമ്മിൽ പഠിക്കുന്ന കാലം മുതലുള്ള പ്രേമബന്ധങ്ങൾ മാതാപിതാക്കളുടെ അറിവോടോ അറിവു കൂടാതെയോ നടക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. ഇവരുടെ പ്രേമവിവാഹമാണെങ്കിലും ആലോചിച്ച് നടത്തിയ രീതിയിൽ മറ്റുള്ളവരുടെ അടുത്ത് അവതരിപ്പിക്കും. വധുവരന്മാർ നമ്മുടെ സമുദായത്തിൽ പെട്ടവരായതുകൊണ്ട് ആരും ഇതൊന്നും ഗൗനിക്കുന്നില്ലെന്ന് മാത്രം. സ്വസമുദായത്തിൽപ്പെടാത്തവരെ വിവാഹം ചെയ്യുന്നവർ മറ്റ് ക്രിസ്തീയ സമൂഹങ്ങളിലെ ദൈവാലയങ്ങളിൽ നല്ലതുക സംഭാവന കൊടുത്ത് മെമ്പർഷിപ്പ് എടുത്ത് വിവാഹം നടത്തുന്നു. ഇതൊക്കെ ഇന്ന് സർവ്വസാധാരണമായി കാണപ്പെടുന്നു. പ്രേമ ലഹരി മത്ത്പിടിച്ച് അമേരിക്കയിലും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലുമുള്ള നമ്മുടെ എത്രയോ കുഞ്ഞുങ്ങളാണ് മാതാപിതാക്കളെ ദുഃഖത്തിലും നിരാശയിലും ആക്കിക്കൊണ്ട് അന്യജാതിയിൽപ്പെട്ടവരെ വിവാഹം കഴിക്കുന്നത്. മാതാപിതാക്കളുടെ അനുവാദമൊന്നും ഇക്കൂട്ടർക്ക് ആവശ്യമില്ല. ഏതാണ്ട് ഈ പ്രവണത ഇന്ന് നമ്മുടെ ഇടയിലും കാണുവാൻ തുടങ്ങിയിരിക്കുന്നു. ഒരു കൂട്ടർ മറ്റ് മതത്തിൽപെട്ടവരെ വിവാഹം കഴിച്ച് അവരുടെ വിശ്വാസത്തിലും ആചാരത്തിലും പോകുന്നു. വേറൊരു കൂട്ടർ ഹിന്ദു മതത്തിൽ നിന്നോ, മുസ്ലീം മതത്തിൽ നിന്നോ ഉള്ളവരെ ക്രിസ്ത്യാനി ആക്കി വിവാഹം ചെയ്യുന്നു. അതിനൊക്കെയുള്ള സൗകര്യം ചെയ്തുകൊടുക്കുന്ന സംവിധാനമൊക്കെ പലയിടത്തും വളരെ ചുരുക്കമാണെങ്കിലും കാണുവാൻ സാധിക്കുന്നുണ്ട്. ആരെങ്കിലും ഈ വിവാഹത്തെപ്പറ്റി ചോദിച്ചാൽ പറയും "ഒരു അക്രൈസ്തവനെ ക്രിസ്ത്യാനി ആക്കി എന്ന ഒരു മഹാകാര്യം പറയും. കൂടാതെ സുപ്രീംകോടതി വിധിവരെ തങ്ങൾക്ക് അനുകൂലമാണെന്ന് കൂടി പറയും.

കാര്യസാദ്ധ്യത്തിനുവേണ്ടി എത്ര മതപരിവർത്തനം നടത്തിയാലും എന്ത് വിശ്വാസത്തിൽ ജനിച്ച് വളർന്നോ ആ വിശ്വാസത്തിൽനിന്ന് ഒരിക്കലും ഇവരുടെ ഹൃദയത്തിൽനിന്ന് അവരുടെ ആചാരങ്ങളോ വിശ്വാസമോ മാറുകയില്ല. ക്നാനായ ഇതരുമായിട്ടുള്ള വിവാഹമാണെങ്കിലും നമ്മുടെ ആചാരങ്ങളായ ചന്തംചാർത്തും, മൈലാഞ്ചി ഇടീലുമൊക്കെ ഇങ്ങനെയുള്ളവരുടെ ഭവനത്തിൽ നടക്കുന്നതും നമുക്കു കാണുവാൻ സാധിക്കുന്നു. ഇത് കൂടാതെ വിവാഹത്തലേന്നും അതിനു മുമ്പും വിവാഹശേഷവും ഒളിച്ചോട്ടങ്ങൾ നമ്മുടെ ഇടയിൽ അപൂർവ്വമായിട്ടാണെങ്കിലും കാണപ്പെടുന്നുണ്ടല്ലോ?

നമ്മുടെ ആചാരനുഷ്ഠാനങ്ങളും പാരമ്പര്യവും പൈതൃകവും വംശശുദ്ധിയുമൊക്കെ നിലനിർത്തുന്നതിന്റെ ആവശ്യകതയെപ്പറ്റി വരുംതലമുറയ്ക്ക് മനസ്സിലാക്കികൊടുക്കുവാൻ മാതാപിതാക്കൾ, സൺഡേസ്കൂൾ അദ്ധ്യാപകർ, വൈദികർ, കന്യാസ്ത്രീകൾ, ആത്മീയ നേതൃത്വങ്ങൾ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ മുഖാന്തരം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# നീ മർത്ത്യനെ പൊടിയിലേയ്ക്ക് മടങ്ങി ചേരുമാറാക്കുന്നു സങ്കീ.90:3

അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്

ഇന്നു കൊച്ചു കുഞ്ഞുങ്ങൾ മുതൽ പ്രായമായവർ വരെ അവരവരുടേതായ തിരക്കിലാണ്. എന്നാൽ ഒരു തിരക്കുമില്ലാതെ വീടിന്റെ മുൻവശത്ത് മണിക്കൂറുകളോളം കിടക്കേണ്ടി വരുന്ന ഒരു ദിവസമുണ്ടെന്ന് ഈ തിരക്കിനിടയിൽ ആരും ഓർക്കാറില്ല. "ഒരു തലമുറ പോകുന്നു. മറ്റൊരു തലമുറ വരുന്നു. ഭൂമിയോ എന്നേക്കും നിലനിൽക്കുന്നു" (സഭ.1:4). ഒരു മെഴുകുതിരി ശ്രദ്ധിച്ചു നോക്കിയാൽ മനുഷ്യജീവിതവുമായി ഒത്തിരി താരതമ്യപ്പെടുത്താവുന്നതാണ്. മെഴുകുതിരിക്കു ഒരു സിസ്റ്റം ഇല്ല. ശ്വാസം എടുക്കാൻ കഴി



യത്തില്ല. എന്നാലും മെഴുകുതിരിയുമായി മനുഷ്യ ജീവിതത്തെ ഒന്നു താരതമ്യപ്പെടുത്തിയാൽ അതു കത്തിച്ചാൽ കാറ്റു വരുമ്പോൾ അതുകെട്ടുപോകുമെങ്കിലും ദൈവത്തിന്റെ സാന്നിദ്ധ്യം നമ്മളെ കാണിക്കുന്നു. തിരി കത്തിക്കുമ്പോൾ ശ്രദ്ധിച്ചിട്ടുണ്ടോ? തിരി കറുത്തതാണ്. പക്ഷേ അതിന് ചുറ്റും വെളിച്ചമാണ്. അത് ഉരുകി ഉരുകി കണികകളായി താഴെ വീഴുമ്പോൾ അതു നമ്മുടെ തലമുറകളെ കാണിക്കുകയാണ്. ആ മെഴുകുതിരി കത്തി കത്തി തീരുമ്പോൾ അതിൽ നിന്ന് ഒത്തിരി മുൻഗാമികളും ഉണ്ടായിക്കൊണ്ടിരിക്കും. മെഴുകുതിരി കത്തി നിൽക്കുമ്പോൾ ഒരു കാറ്റു വന്നാൽ അങ്ങോട്ടും ഇങ്ങോട്ടുമൊക്കെ ആളികത്തിക്കൊണ്ടിരിക്കും ചിലപ്പോൾ കെട്ടുപോകയും ചെയ്യും. മെഴുകുതിരി ചൂടുകൂടുമ്പോൾ ഉരുകും നമ്മളും പ്രശ്നങ്ങൾ വരുമ്പോൾ ഉരുകും. മെഴുകുതിരി കാറ്റു വരുമ്പോൾ അങ്ങോട്ടും ഇങ്ങോട്ടും ചരിഞ്ഞു കത്തുന്നതുപോലെയും ആളി കത്തുന്നതുപോലെയും ചിലപ്പോൾ കെട്ടുപോകുന്നതുമൊക്കെ നമ്മുടെ ജീവിതത്തെ കാണിക്കുകയാണ്. നമ്മുടെ ജീവിതത്തിലും ആർക്കും പൂർണ്ണമായ Protection കിട്ടുകയില്ല. നമ്മുടെ ജീവിതം മുഴുവൻ സുഖമാണെങ്കിൽ പിന്നെ ദൈവം വേണോ? ദൈവത്തിനെ ആരെങ്കിലും നോക്കുമോ. മെഴുകുതിരി കത്തി തീരുന്നതുപോലെ നമ്മളും കത്തിത്തീരും. തനിയെ തുടങ്ങുന്നൊരു യാത്ര. വഴിയിൽ പലരും കൂടെ കൂടും. ചിലർ ചിരിപ്പിക്കും, ചിലർ കരയിക്കും, ചിലരു നമ്മളെ സഹായിക്കും. യാത്ര അവസാനിക്കുമ്പോൾ വീണ്ടും നമ്മൾ തനിച്ചാകും. അതാണു ജീവിതം. അവസ്ഥ നല്ലതാണെങ്കിൽ എല്ലാവരും സ്വന്തക്കാരാണ് "തന്റെ കഷ്ടകാലത്ത് സഹോദരന്റെ വീട്ടിൽ പോകയുമരുത്" (സദൃ.27:10).

ജനനവും മരണവുമൊക്കെ ആരെങ്കിലുമൊക്കെ അറിയും; അതിനിടയിലുള്ള നെടുവീർപ്പുകളാണ് ആരും അറിയാതെ പോകുന്നത്. മണ്ണിനുവേണ്ടി പടവെട്ടിയവനേയും ഒരു തരി മണ്ണുപോലും ഇല്ലാത്തവനേയും ആറടി മണ്ണു സ്വന്തമാക്കും. അതാണു മനുഷ്യജീവിതം. നമ്മുടെ ഈ ലോകവുമായുള്ള ബന്ധംമുറിച്ച് ഹൃദയം രാജിവയ്ക്കുന്ന ദിവസത്തേക്കുറിച്ച് ആരെങ്കിലും ചിന്തിച്ചിട്ടുണ്ട്. ജീവിതത്തിന്റെ പഠനകാലം അവസാനിക്കുന്നത് മരണമെന്ന പൊതുപരീക്ഷയിൽ കയറുമ്പോഴാണെന്ന് ആരെങ്കിലും ചിന്തിക്കുന്നുണ്ടോ? ഇതൊന്നും ചിന്തിക്കാൻ സമയം ഇല്ല. വലിയവരാണെങ്കിലും ചെറിയവരാണെങ്കിലും മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും കണ്ടുപിടിക്കാനുള്ള വാസനയാണ് മനസ്സിൽ മുഴുവൻ. ഒരു കഥ കേട്ടിട്ടുണ്ട്. മനുഷ്യൻ പാടുന്ന കുയിലിനോടു നിന്റെ ശബ്ദം കൊള്ളാം പക്ഷേ നീ കറുത്തതാണ്. റോസാ പുഷ്പത്തോടു പറഞ്ഞു നിനക്കു നല്ല മണമാണ് പക്ഷേ നിന്നെ അമർത്തി പിടിച്ചാൽ മുള്ളുകൊണ്ട് ദേഹം മുറിയും. താമരയോടു പറഞ്ഞു നിനക്കു നല്ല ഭംഗിയാണ്. പക്ഷേ നീ നിൽക്കുന്നത് ചേറിലാണ്. ഇതെല്ലാം കേട്ടിട്ടു ഇവരെല്ലാവരും ഒത്തുചേർന്ന് മനുഷ്യനോട് പറഞ്ഞു നീ അടിപൊളിയാണ്; പക്ഷേ എന്തുകണ്ടാലും അതിന്റെ കുറ്റങ്ങളും കുറവുകളും കണ്ടുപിടിക്കാനുള്ള ഈ വാസനയാണ് നിന്റെ ഏറ്റവും വലിയ കുഴപ്പം. "സകല പ്രയത്നവും സാമർത്ഥ്യവുമുള്ള പ്രവൃത്തിയൊക്കെയും ഒരുവനു മറ്റവനോടു അസൂയയിൽ നിന്ന് ഉളവാക്കുന്നു (സഭ.4:4). ചിലർ അഹങ്കാരത്തോടെ പറയും എന്തുവിലകൊടുത്തും ഞാൻ ആ മണ്ണ് സ്വന്തമാക്കും. മണ്ണു വിനയത്തോടെ തിരിച്ചു പറയും ഒരു വിലയും തരാതെ നിന്നെ ഞാനും സ്വന്തമാക്കും. മരണമെന്ന മൂന്നക്ഷരത്തോടു കൂടി നമ്മുടെ ഈ ലോകത്തിലെ വിലയും നിലയും ഇല്ലാതാകുന്നു. മണ്ണിൽ നിന്നെടുത്ത നമ്മെ മെനഞ്ഞു മണ്ണിനു തന്നെ തിരികെ കൊടുക്കും. മനുഷ്യാ നീ മണ്ണാകുന്നു മണ്ണിലേക്കുതന്നെ തിരികെ ചേരുകയും ചെയ്യും. മെഴുകുതിരി കത്തിത്തീരുന്നതുപോലെ തന്നെ നമ്മളും ആളികത്തിയിട്ടു ചെറുതായി ചെറുതായി തീർത്തും ഇല്ലാതാകുന്നു.

# വിവാഹിതരായി



റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ കാവുങ്കൽ മനു ജോസഫിന്റെ മകൻ **ഔസു (Owsu) വും** സീതത്തോട് സെന്റ് ജോർജ്ജ് ക്നാനായപള്ളി ഇടവകയിൽ പുതുപ്പറമ്പിൽ ലിജു സഖറിയായുടെ മകൾ **സാന്ദ്ര (Sandra) യും** 30-12-2023 ൽ റാന്നി സെന്റ് തോമസ് വലിയപള്ളിയിൽ വിവാഹിതരായി.

Advt -O



**30th**

*Happy Wedding Anniversary*

## Baby John & Sheeba John

**Pazhooparampil House, Houston USA**

With love:
Bibin John & Alan John

Advt -O


ST. JACOB'S KNANAYA CHURCH
BRISBANE , AUSTRALIA
COMMITTEE
2023-2024
PRESIDENT
Rev. Fr.Biby Kizhakkemuriyil
TRUSTEE
Tinkle Andrews
St:George Knanaya Valliyapalli Neelamperoor.
SECRETARY
Mithun Pothen Peter
St Thomas valiyapally Ranni
YOUTH REP
Tanya Tibi
St Mary's Knanaya Church Kattode
YOUTH REP
Kevin Kuruvilla
St. George Knanaya Church, Mulackamthuruthy.
AUDITOR
Gence Thomas
St.John's Dhayara Church Chingavanam
AUDITOR
Christy Thomas
St.John's Dhayara Church Chingavanam
VANITHA SAMAJAM
Sindhu Mary John
St.George Knanaya Church, Vallamkulam
SUNDAY SCHOOL HM
Tintu Elias
St:George Knanaya Valliyapalli Neelamperoor.
EXECUTIVE COMMITTEE MEMBERS
Abraham Kuruvilla
St. George Knanaya Church, Mulackamthuruthy
Reji Joseph
St.George Knanaya Church, Vallamkulam
Kurian Mannichery
St George Knanaya Valiyapalli Neelamperoor
Milty Thomas
St kuriakose knanaya Church, Ranni
Moncy Kurian
St.John's knanaya church Thuruthicadu
Kuriakose Abraham
St. George Kananaya Valiyapalli Neelamperoor

Advt - O

# വിവാഹിതരായി



കോട്ടയം സെന്റ് മേരീസ് ക്നാനായ വലിയ പള്ളി ഇടവകയിൽ പാറേകുന്നുംപുറത്ത് സാബു പി. തോമസിന്റെയും ഷേബാ സാബുവിന്റെയും മകൻ **അജിൽ പി. സാബുവും** ചിങ്ങവനം സെന്റ്മേരീസ് ശാലേം പള്ളി ഇടവകയിൽ ഫാ. ജേക്കബ് കല്ലുകുളത്തിന്റെയും റ്റിഷാ ജേക്കബിന്റെയും മകൾ **ക്രിസ്റ്റി മറിയം ജേക്കബും** തമ്മിൽ 28/12/2023–ൽ കോട്ടയം സെന്റ്മേരീസ് വലിയ പള്ളിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ വിവാഹിതരായി.




Advt -O

# ST. KNAI THOMMAN KNANAYA CHURCH,

## BANBURY (OXFORDSHIRE), UNITED KINGDOM

### Managing Committee (2023-2024)

Vicar



**Fr.Mathews Abraham,**
Kizhaketheverkuzhi,
Mannar

Trustee



**Shinu K Punnoose,**
Kovelal, Mazhukker

Secretary



**Sibi Kuriakose,**
Thazhatheparayil,
Eraviperoor

Joint Secretary



**Anoop K Abraham,**
Kadaloor, Kattodu

### *Committee Members*



**Jerin Mathew,**
Thathukattil,
Thiruvanvandoor



**Jacks Jacob Saju,**
Palliyampil, West
Othera



**Santhosh Jacob,**
Mathullaparampil,
Kallissery



**Judy Thomas,**
Marangattu house,
Vakathanam



**Emerson T. Thomas,**
Palakudi Thoppil,
Chingavanam



**Jikku Roy Jacob,**
Thundiyil, Ranny

Auditor &
Knanaya Association
Member



**Abey T. Jacob, (Shibu)**
Manavelipallathu
(Thongayil),
Thiruvanvandoor

Knanaya Association
Member



**Naveen Thomas,**
Parumalayil,
Anchani

Advt - O

# ക്രിസ്തുമസ്സ് ആഘോഷം രാജ് ഭവനിൽ





രാജ് ഭവനിൽ കേരളാ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഒരുക്കിയ ക്രിസ്തുമസ്സ് ആഘോഷത്തിൽ, കേരളത്തിലെ വിവിധ ക്രൈസ്തവ സഭാ മെത്രാപ്പോലീത്താമാരോടും, മറ്റ് സമുദായ നേതാക്കളോടും, വിശിഷ്ഠാതിഥികളോടും ഒപ്പം ക്നാനായ സമുദായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി പങ്കെടുത്തപ്പോൾ.

## നവ കേരള സദസ്സ്



കോട്ടയത്ത് കേരള മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ പങ്കെടുത്ത നവകേരളസദസ്സിന്റെ പ്രഭാത യോഗത്തിൽ (ഡിസംബർ 13–ാം തിയതി) വിശിഷ്ഠാതിഥിയായി ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും, സമുദായ സെക്രട്ടറി റ്റി.ഒ ഏബ്രാഹാമും പങ്കെടുത്തു.

## നിർമ്മാണ വികസന പ്രവർത്തനങ്ങൾ



കർണാടക ഇലക്ട്രിസിറ്റി വകുപ്പ് ക്യാബിനറ്റ് മന്ത്രിയും, ക്നാനായ സമുദായ അംഗവുമായ ശ്രീ. കെ.ജെ.ജോർജ്ജ് കേളച്ചന്ദ്രയും, മലങ്കര സുറിയാനി ക്നാനായ സമുദായ വലിയ മെത്രാപ്പോലിത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും, ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ.ഏബ്രാഹാമും, ഇ.വി. ഏലിയാസും, റവ. ഫാ. ജിനു മേലേലും ബാംഗ്ലൂരിൽ മന്ത്രിയുടെ വസതിയിൽ സമുദായത്തിന് സംഭാവനയായി നൽകിയ സ്ഥലത്ത് നിർമ്മാണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായുള്ള കാര്യങ്ങൾ ചർച്ച ചെയ്യ്തു

## തിയോളജിക്കൽ ഡിപ്ലോമ കോഴ്സ് കോൺവൊക്കേഷൻ സെറിമണി



ആഗോള ക്നാനായ സുവിശേഷ സമാജം അല്മായവർക്ക് വേണ്ടി നടത്തിയ തിയോളജിക്കൽ ഡിപ്ലോമ കോഴ്സിന്റെ കോൺവൊക്കേഷൻ സെറിമണി ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. ടി. സി. ജേക്കബ്, സജി മുണ്ടക്കൽ, ജിജി ഏബ്രഹാം കറുകേലിൽ, ഫാ. രാജൻ കുളമടയിൽ, ടി. ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ. ബെന്നി ഏബ്രഹാം മാമലശ്ശേരിൽ, ഫാ. എം. സി. സക്കറിയ മധുരംകോട്ട്, മാത്യു ഏബ്രഹാം, ഫാ. ടിനോ മഠത്തിൽമണ്ണിൽ, ഫാ. ലിജോ പട്ടുകാലയിൽ, ഫാ. ജിജി പുത്തൻപുരയ്ക്കൽ എന്നിവർ സമീപം.

## നിയുക്ത മെത്രാൻ ബഹു. മത്തായി കടവിൽ കശ്ശീശ്ശോ അഭി. തിരുമേനിയോടൊപ്പം.



സീറോ മലങ്കര കത്തോലിക്കാ സഭയിലെ പൂനെ–ഖഡ്കി രൂപതയുടെ നിയുക്ത മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട ക്നാനായ വംശജനായ ബഹു. മത്തായി കടവിൽ കശ്ശീശ്ശോ ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ മലങ്കര സുറിയാനി ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ അഭിവന്ദ്യ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ അനുഗ്രഹം തേടി എത്തിയപ്പോൾ



ബാംഗ്ലൂരിൽ ക്നാനായ സമുദായത്തിന്റെ സ്ഥലത്ത് ബാംഗ്ലൂരിലെ പ്രമുഖ നിർമ്മാണ കമ്പനിയായ ശോഭാ ഗ്രൂപ്പുമായി ജോയിന്റ് വെഞ്ച്വറിൽ കെട്ടിടം നിർമ്മിക്കുന്നതിനും, എഗ്രിമെൻറ് ഒപ്പ് വെയ്ക്കുന്നതിനും ആയുള്ള പ്രാരംഭ നടപടികൾക്ക് വേണ്ടി ശോഭാ ഗ്രൂപ്പ് ചെയർമാൻ രവി മേനോൻ, മാനേജിംഗ് ഡയറക്ടർ എന്നിവരുമായുള്ള കൂടിക്കാഴ്ച്ചയ്ക്ക് ശേഷം മലങ്കര സുറിയാനി ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, മലങ്കര സുറിയാനി ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രാഹം തോട്ടത്തിൽ, ഡെവലപ്പർ ശ്രീ. റ്റി. വി. ഏലിയാസ് എന്നിവർ.

## ഭരണഘടനാ അമെൻഡ്മെന്റ് കമ്മറ്റി



29/12/2023 വെള്ളിയാഴ്ച്ച മോർ അപ്രേം സെമിനാരിയിൽ പ്രാരംഭ ചർച്ചകൾക്കായി സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ. ഏബ്രഹാം തോട്ടത്തിലിന്റെ നേതൃത്വത്തിൽ കൂടിയ ഭരണഘടനാ അമെൻഡ്മെന്റ് കമ്മറ്റി. അടുത്ത സിറ്റിംഗിൽ വിശദമായി ചർച്ച ചെയ്ത് ഡ്രാഫ്റ്റ് ഉണ്ടാക്കുവാൻ കമ്മറ്റി തീരുമാനം എടുത്തു.

# വിവാഹിതരായി



Advt - O

ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ പള്ളി ഇടവകയിൽ, മണലേൽച്ചിറയിൽ ടോംസി ആൻഡ്രൂസിന്റെയും നിസിയുടെയും മകൻ **Akash ഉം** ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ പള്ളി ഇടവകയിൽ പട്ടശ്ശേരിൽ രാജീവൻ മാത്യുവിന്റെയും മഞ്ജുവിന്റെയും മകൾ **Dr. Golda യും** തമ്മിലുള്ള വിവാഹം 09-11-2023 ൽ കോട്ടയം സെന്റ് മേരീസ് ക്നാനായ വലിയപള്ളിയിൽ വെച്ച് **അഭി. കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ**യുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു.




ഓതറ നസ്രേത്ത് കോളജ് ഓഫ് ഫാർമസിയുടെ ക്രിസ്തുമസ് ആഘോഷങ്ങൾ **ESPERANZA 2023 ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ് കുറിയാക്കോസ് മോർ സേവേറിയോസ്** ഉത്ഘാടനം ചെയ്യുന്നു. വികാരി ജനറാൾ ഫാ. വി എ ഏബ്രഹാം ഇളയശേരിൽ, സമുദായ സെക്രട്ടറി ടി. ഒ. ഏബ്രഹാം തോട്ടത്തിൽ, കോളജ് മാനേജർ ജേക്കബ് ലൂക്കോസ് കോയിപ്പുറത്ത്, കോളജ് സെക്രട്ടറി പി. എ. ഏബ്രഹാം കുഴികണ്ടത്തിൽ, പ്രിൻസിപ്പൽ ഡോ. എൽസി ഏബ്രഹാം, ആശ്രമം സെക്രട്ടറി സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്, ബൈജുമോൻ ചാക്കോ പുലയകുന്നേൽ, പ്രൊഫ. ബേബി എബ്രഹാം പുളിക്കാവിൽ, സണ്ണി കുര്യാക്കോസ് ഇടയാടിയിൽ, പി. കെ. കുര്യൻ പാട്ടമ്പലത്ത്, ടോണി അട്ടച്ചിറയിൽ, ഡോ. ശ്രീജിത്ത് എം എന്നിവർ സമീപം.



# 'ഹാദൂസോ 23'

ക്നാനായ കോൺഗ്രസ്സിന്റെ 'ഹാദൂസോ 23' ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത കുറിയാക്കോസ് മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. തോമസുകുട്ടി മങ്ങാട്ട്, അനീഷ് റ്റി. സി., മാത്യു ജേക്കബ്, ഫാ. ജേക്കബ് കല്ലുകുളം, സിബി ബേബി, കൊച്ചുമോൻ മടക്കുംമൂട്ടിൽ എന്നിവർ സമീപം



ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി

## 20 – ാം വിവാഹവാർഷികം (18.01.2024)

വാകത്താനം പുതുശ്ശേരി സെന്റ് സൈമൺസ് ക്നാനായപള്ളി ഇടവകയിൽ ആലഞ്ചേരിൽ ഫാദർ മാത്യൂസിന്റെ മകൻ തോമസ് മാത്യുവിന്റെയും ലീലാമ്മ തോമസിന്റെയും മകൾ **ലിറ്റി സൂസൻ തോമസ്സും** (Matron, University Hospital, Bristol, U.K.) മാഞ്ഞൂർ അമ്പാട്ട് ജോസഫ് ചാക്കോയുടെയും ശാന്തമ്മ ചാക്കോയുടെയും മകൻ **അലക്സ് ചാക്കോയും** തമ്മിലുള്ള വിവാഹം 18.01.2004–ൽ കോട്ടയം വലിയപള്ളിയിൽ വച്ച് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ (അഭിവന്ദ്യ തിരുമനസ്സിന്റെ ആദ്യവിവാഹ കൂദാശ) നടത്തപ്പെട്ടു.

Advt -O

Best Wishes from:
Suresh, Shiny, Aaron & Darron
Sunoj, Teena, Daniel & Adon
Gabriela Ann Alex & Gavin Jospeh Alex

## ക്നാനായ ദീപത്തിന്റെയും, ക്ലീമിസ് പ്രസ്സിന്റെയും സംയുക്ത ക്രിസ്തുമസ്സ് ആഘോഷം



**ക്നാനായ ദീപത്തിന്റെയും, ക്ലീമിസ് പ്രസ്സിന്റെയും സംയുക്ത ക്രിസ്തുമസ്സ് ആഘോഷം സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രാഹാം തോട്ടത്തിൽ, ക്നാനായ ദീപം മാനേജിങ് എഡിറ്റർ ഫാ. ജേക്കബ് കല്ലുകുളം, ക്ലീമിസ് പ്രസ്സ് മാനേജർ ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ, ഭദ്രാസന സെക്രട്ടറി ഫാ. ഏലിയാസ് സ്കറിയ ഇളവൻകളം, ഗവേണിങ്ങ് ബോർഡ് അംഗങ്ങൾ എന്നിവരോടൊപ്പം കേക്ക് മുറിച്ച് ഉത്ഘാടനം ചെയ്തു.**

# 2024-ൽ തലമുറയെ ശ്രദ്ധിക്കാം! ജീവനെ പരിപോഷിപ്പിക്കാം!!!



സുനിൽ ഡി. കുരുവിള

"Every child you encounter is a divine appointment."

ഡോ. എ.പി.ജെ അബ്ദുൾ കലാമിന്റെ 'വിഷൻ 2020' എന്ന പ്രോജക്റ്റ് ആണ് എനിക്ക് ഈ രംഗത്ത് പ്രവർത്തിക്കാനുള്ള പ്രചോദനമായത്. ഒരു രാജ്യത്തിന്റെ -സമൂഹത്തിന്റെ പുരോഗതി യുവതയിലൂടെ- കുഞ്ഞുങ്ങളിലൂടെ മാത്രമേ സാധ്യമാകൂ എന്ന അദ്ദേഹത്തിന്റെ തിരിച്ചറിവ് എനിക്കും പ്രോത്സാഹമായി. കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. കുട്ടികളിൽ എന്ത് മാറ്റം വരുത്തണമെങ്കിലും അവർക്കു ചുറ്റുമുള്ള മുതുർന്നവരിൽ മാറ്റം വരുത്തിയേ സാധ്യമാവുകയുള്ളു. മാതാപിതാക്കൾ അദ്ധ്യാപകർ സാമൂഹിക നേതാക്കൾ പുരോഹിതർ എന്നിവരിലൊക്കെ അർത്ഥവത്തായ കാഴ്ചപ്പാടും ദർശനവും സൃഷ്ടിക്കാതെ കുട്ടികളിൽ രൂപാന്തരം സാധ്യമല്ല. കുട്ടികളുടെ നിലവാരം കുറഞ്ഞുപോയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം അവരെ നയിച്ചവരുടെ കുറവുകൾ തന്നെയാണ്. കണ്ടുപഠിക്കാൻ വലുതായൊന്നും ഇല്ല എന്നുള്ളതാണ് ഇന്ന് കുട്ടികൾ നേരിടുന്ന വലിയ സാമൂഹിക ദാരിദ്ര്യം.

"കുഞ്ഞുങ്ങളിലൂടെയാണ് ലോകത്തിന്റെ രക്ഷ. കുഞ്ഞുങ്ങളിലൂടെയാണ് ലോകത്തിന്റെ പ്രത്യാശ. കുഞ്ഞുങ്ങളാണ് ലോകത്തിന്റെ വെളിച്ചം- നക്ഷത്രം! ഇന്നത്തെ യുവതയുടെ വിശ്വാസമാണ് നാളത്തെ ലോകത്തിന്റെ സമാധാനം!"

ഇൻസൈറ്റ് മിഷന്റെ പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ:

* കുഞ്ഞുങ്ങളെ സന്തോഷമുള്ളവരാക്കുക
* വ്യക്തികളെ ബലപ്പെടുത്തുക
* കുടുംബങ്ങളെ ശാക്തീകരിക്കുക
* വിദ്യാഭ്യാസ തൊഴിൽ രംഗത്ത് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
* നേതൃത്വത്തെ പരിപോഷിപ്പിക്കുക
* സാമൂഹിക വിഷയങ്ങളിൽ പോസിറ്റീവ് ആയ ഇടപെടലുകൾ നടത്തുക
* മാനവശേഷി നൈപുണ്യ വികസന രംഗത്ത് റിസോഴ്സ് ആയി പ്രവർത്തിക്കുക
* മാനസീക ആരോഗ്യ രംഗത്ത് സാമൂഹിക സേവനങ്ങൾ നൽകുക...
* എന്നാൽ ഒരു പക്ഷെ ഏറ്റവും കൂടുതൽ സമയം ചില വഴിച്ചത് പ്രതീക്ഷയോടെ അല്ലെങ്കിൽ നിരാശയോടെ ഒക്കെ ഒരു ഗൈഡൻസിനായി എന്നെ ഫോണിൽ വിളിച്ച- സംസാരിച്ച എനിക്ക് നേരിട്ട് പരിചയംപോലും ഇല്ലാത്ത അനേകം മനുഷ്യരൊടൊപ്പമാണ്. വലിയ തിരക്കുകൾ ഉള്ളപ്പോൾപോലും കഴിയുന്നത്ര എല്ലാവരെയും കേൾക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമെങ്കിൽ നൽകാനും ശ്രമിക്കാറുണ്ട്.

YouTube ലൂടെയും സാമൂഹിക മാധ്യമത്തിലൂടെയും ഒക്കെ പുതുതായി കുറെയേറെ ബന്ധങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.

YouTube ലും മറ്റും സാമൂഹിക മാറ്റത്തിനും social learning നും ഒക്കെ അവസരം ഒരുക്കിയാലും അതിനോടൊക്കെയുള്ള നമ്മുടെ പ്രതീകരണം നിരാശാജനകമാണ്. നമുക്ക് ചുറ്റുമുള്ള ലോകം വളരെയേറെ വെല്ലുവിളികൾ ഉയർത്തിയിട്ടും, കുഞ്ഞുങ്ങളുടെയും യുവതയുടെയും ജീവിതം വളരെയേറെ സംഘീർണ്ണമായിട്ടും നമ്മൾ ഒന്നും പഠിക്കാൻ തയാറാകുന്നില്ല എന്നുള്ളത് വലിയ നിരാശ നൽകുന്ന അവസ്ഥയാണ്.

ആരാധനാലയങ്ങളും മറ്റും ഒരു സത്യസന്ധമായ അവലോകനത്തിന് തയ്യാറെടുക്കുന്നത് നന്നായിരിക്കും. കുട്ടികൾ വിശ്വാസത്തിൽ നിന്ന് ഒരുപാടു അകന്നുപോയിട്ടുണ്ട്.. ആരാധനയിൽ യുവതയെ തീരെ കാണാനില്ല... കുടുംബത്തിനുള്ളിലെ സംഘർഷങ്ങൾ വർദ്ധിച്ചു.. നിരാശ, ഉൾക്കണ്ഠ, മാനസീക ആരോഗ്യ പ്രശ്നങ്ങൾ, തൊഴിൽ പ്രശ്നങ്ങൾ ഒക്കെ വർദ്ധിച്ചിരിക്കുന്നു. മദ്യവും മയക്കുമരുന്നും ഗെയിം അഡിക്ഷനും ഒക്കെ നമ്മുടെ ജനങ്ങളുടെ താളം തെറ്റിക്കുന്നു. വിവാഹബന്ധങ്ങളിലെ താളപ്പിഴകൾ തൊഴിൽ പ്രശ്നങ്ങൾ ഒക്കെ അനുദിനം സമൂഹത്തിൽ വർദ്ധിക്കുന്നു. സഭയ്ക്ക് കാഴ്ചക്കാരായി നോക്കി നിൽക്കാൻ സാധിക്കുമോ? മനുഷ്യരാണ് സഭ. ഭാരപ്പെടുന്നവന്റെയും വേദനിക്കുന്നവന്റെയും ഇടയിലേക്കാണ് സഭ യാത്ര ചെയ്യേണ്ടത്. കാണാതെ പോയവരെ കണ്ടെത്തുന്നതാണെല്ലോ യഥാർത്ഥ സുവിശേഷം! അത് സാധ്യമാകണമെങ്കിൽ നമ്മുടെ കാഴ്ചപ്പാടും ദർശനവും ആചാരങ്ങൾക്കും ആഘോഷങ്ങൾക്കും അപ്പുറത്തേക്ക് സഞ്ചരിക്കേണ്ടതുണ്ട്.

പഠിക്കാൻ ബുദ്ധിമുട്ടുള്ള കുട്ടികളെക്കുറിച്ചു മാതാപിതാക്കൾ സ്ഥിരം പറയുന്ന ഒരു dialogue ഉണ്ട്." അവനു ബാക്കി എല്ലാം കാര്യത്തിനും വലിയ മിടുക്കാ.. ബുദ്ധിക്കൊന്നും ഒരു കുഴപ്പവും ഇല്ല. ഏതു കണ്ട നേരവും കളി... കളി എന്നൊരു വിചാരമേയുള്ളു!"

പലപ്പോഴും കുട്ടികളിലെ learning disability യെ കുറിച്ചോ, hyper activity യെ കുറിച്ചോ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വലിയപിടി ഒന്നുമില്ല. ഇനി അറിവുള്ളവർക്കു തന്നെ സ്വന്തം കുട്ടികളിൽ അതൊക്കെ accept ചെയ്യാൻ ego അനുവദിക്കാറില്ല. പിന്നെ അറിവുള്ളവരുമായി കൂടിയാലോചിക്കുക എന്നത് മലയാളിക്ക് ആലോചിക്കാൻപോലും പറ്റത്തില്ല. പലപ്പോഴും ബാല്യത്തിൽ തന്നെ കണ്ടെത്തി പരിഹരിക്കേണ്ട കുട്ടികളിലെ പലവിഷയങ്ങളും ആ സമയത്തു നിസ്സാരമായി കാണുകയോ അല്ലെങ്കിൽ കുട്ടി വളരുമ്പോൾ എല്ലാ ശരിയായിക്കോളും എന്ന് കരുതുകയോ ചെയ്യുന്നു. കാര്യങ്ങൾ കൈവിട്ടു പോകുന്നത് കൗമാരത്തിലാണ്. അത്തരം കുട്ടികൾ high school തലത്തിലേക്കൊക്കെ വരുമ്പോഴാണ് തിരിച്ചറിയപ്പെടുന്നത്. പഠനത്തിൽ അവർ പുറകോട്ടു പോകുന്നു.



സ്വഭാവത്തിൽ പ്രശ്നങ്ങൾ... മനോഭാവത്തിൽ പ്രശ്നങ്ങൾ..അലസത.. അവർ മനസിലാക്കപ്പെടുന്നില്ല... അവരെ ആരും കേൾക്കുന്നില്ല... നല്ലതു പറയുന്നില്ല... സ്വാഭാവികമായും അവരുടെ ആത്മവിശ്വാസവും ആത്മാഭിമാനവും ഒക്കെ മുറിപ്പെടുന്നു. അവർ careless അല്ല 'cared' less ആണ്. അവരുടെ നന്മ ആരും തിരിച്ചറിയുന്നില്ല. അവരുടെ സാധ്യതയും അവരിലെ പ്രത്യേകതകളും മനസ്സിലാക്കാൻ ആരും മിനക്കെടുന്നില്ല. കളിയിലോ, കലാപരമായോ, സാമൂഹികമായോ ഉള്ള അവരുടെ കഴിവുകൾക്ക് വില കല്പിക്കുന്നില്ല. അവരിലെ നല്ല മനുഷ്യന് ആരാണ് വിലനൽകുന്നത്?

അനേകം കുട്ടികളാണ് നമ്മുടെ സമൂഹത്തിൽ മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും ഹ്രസ്വകാഴ്ചകൊണ്ട് മാത്രം മുറിവേറ്റു ജീവിക്കുന്നത്... നമ്മൾ തോൽപ്പിച്ചു കളയുന്നത്. അവരാണ് ഓരോ സമൂഹത്തിന്റെയും ഉപ്പായി മാറുന്നത് എന്ന് 23 വർഷമായി സമൂഹത്തോട് വിളിച്ചു പറയുന്ന ഒരു എളിയ പ്രവർത്തനമാണ് ഇൻസൈറ്റ് മിഷൻ... micro level ൽ എങ്കിലും അനേകം കുഞ്ഞുങ്ങളെ രക്ഷിക്കാൻ കഴിഞ്ഞു എന്ന സംതൃപ്തി വലുതാണ്.

**സഭയുടെ ഭാവി ഉറപ്പിക്കാൻ:**

* കുട്ടികളിൽ നിക്ഷേപിക്കുക. കുട്ടികളെ സഭയിലേക്ക് ആകർഷിക്കാനും അവരെ ചെറിയ പ്രായത്തിലെ സഭയോട് ചേർത്തുനിർത്താനും വലിയ പ്രവർത്തനങ്ങൾ വേണം.

* യുവതയ്ക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുക. യുവതയെ ഉയർന്ന കാഴ്ചപ്പാടുള്ളവരാക്കാനും അവരുടെ നൈപുണ്യങ്ങൾ വർദ്ധിപ്പിക്കാനും ഒക്കെ മികച്ച counselling ക്ലാസുകളും മറ്റും അനിവാര്യമാണ്.

* കൊച്ചുകുട്ടികളുടെ മാതാപിതാക്കൾക്ക് parenting മാർഗ്ഗനിർദ്ദേശം നൽകുക. സന്തോഷമുള്ള കുട്ടികളെ വളർത്തിയെടുക്കാൻ നല്ല പഠനം- guidance മാതാപിതാക്കൾക്ക് ആവശ്യമാണ്.

* സൺണ്ടേസ്ക്കൂളിനും മറ്റും വലിയ രൂപാന്തരം ഉണ്ടാകണം. സൺഡേസ്ക്കൂൾ അദ്ധ്യാപകർക്കും നൈപുണ്യ പരിശീലനം നൽകുക. അദ്ധ്യാപകർക്ക് മനശാസ്ത്ര പരമായ പരിശീലനങ്ങളും ആവശ്യമാണ്.

* പുരോഹിതന്മാർക്ക് നേതൃത്വ പരിശീലനം നൽകുക. കുട്ടികളെയും യുവജനങ്ങളെയും ഫലപ്രദമായി നയിക്കാൻ, കാലഘട്ടം ആവശ്യപ്പെടുന്ന നൈപുണ്യങ്ങൾ നേടാനൊക്കെ പരിശീലനം ഉണ്ടായേ തീരൂ.

അൽമായ നേതാക്കൾക്കും പരിശീലനം അനിവാര്യമാണ്. ഓരോ ദൈവാലയവും 'മനുഷ്യനെ പിടിക്കുന്ന' കേന്ദ്രങ്ങളായി മാറട്ടെ.. പത്തുകൊല്ലം മുമ്പ് വരെ ഞാൻ മുൻപോട്ടു വച്ച മാനവശേഷി വികസന കാഴ്ചപ്പാട് എതിർത്തവരും നിരുത്സാഹപ്പെടുത്തിവരും ഇന്ന് അതിനു മുതിരും എന്ന് തോന്നുന്നില്ല. ലോക യാഥാർത്ഥ്യങ്ങൾ അത്രമേൽ നമ്മളെ പഠിപ്പിച്ചു കഴിഞ്ഞു.

"ഒരു ഫലവൃക്ഷം വയ്ക്കാനുള്ള ഏറ്റവും നല്ല സമയം 20 വർഷം മുൻപായിരുന്നു. രണ്ടാമത്തെ ഏറ്റവും നല്ല സമയം ഇന്നാണ്. ഈ കാലമത്രയും പ്രോത്സാഹിപ്പിച്ചും അനുകൂലിച്ചും വിമർശിച്ചും എതിർത്തുമൊക്കെ എന്നെ സഹായിച്ച എല്ലാവരോടും നന്ദിമാത്രം. കുട്ടികളെ കൂടുതൽ സന്തോഷമുള്ളവരാക്കാൻ യുവതയെ കൂടുതൽ ലക്ഷ്യമുള്ളവരാക്കാൻ സമൂഹത്തിലെ മാനസീക ആരോഗ്യ അറിവ് വർദ്ധിപ്പിക്കാൻ ഒക്കെ കൂടുതൽ ശ്രമങ്ങൾ 2024-ൽ ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നു. 2023 നു നന്ദി!

എല്ലാ പ്രിയപ്പെട്ടവർക്കും ഐശ്വര്യപൂർണ്ണമായ സന്തോഷവും സമാധാനവുമുള്ള ഒരു പുതുവർഷം ആശംസിക്കുന്നു. ദൈവം എല്ലാവരെയും സമൃദ്ധിയായി അനുഗ്രഹക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു!

**Happy New Year 2024**

---

*സുനിൽ ഡി കുരുവിള: കരിയർ കൗൺസിലറും മാനവ ശേഷി വികസന പരിശീലകനുമാണ്. ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ. 25 വർഷങ്ങൾകൊണ്ട് 4000 അധികം പരിശീലന പ്രോഗ്രാമുകൾ നയിച്ചു.*
*Cell: 9656144712/ 9847400712*
*YouTube: Sunil Kuruvilla*
*E.mail sunil _ kuruvilla@rediffmail.com)*

# സഭയിൽ സ്ത്രീകൾക്കുള്ള പങ്ക്

ഡോ. മറിയാമ്മ തോമസ്, കുന്നുപറമ്പിൽ

സഭയിൽ സ്ത്രീകൾക്കുള്ള പങ്ക് എന്താണെന്ന് നാം ചിന്തിക്കുന്നത് നല്ലതാണ്.

സഭ എന്നു പറഞ്ഞാൽ പലരും കരുതുന്നത് ക്നാനായ സഭ, യാക്കോബായ സഭ, ഓർത്തഡോ ക്സ്, മർത്തോമ, കത്തോലിക്ക തുടങ്ങിയ മറ്റ് ഇതര ക്രൈസ്തവ സഭ തുടങ്ങിയവയാണെന്നാണ്. എന്നാൽ സഭ എന്നു വിവക്ഷിക്കുന്നത് ക്രിസ്തുവും ക്രിസ്തുവിന്റെ മണവാട്ടിയും ചേർന്നതാണ്. ഇതിൽ ചേരിതിരിവില്ല. ജാതിമത വ്യത്യാസങ്ങളില്ല. "പത്രോസേ നീ പാറയാകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും." എന്നാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു ഉദ്ഘോഷിച്ചത്. പത്രോസാകുന്ന പാറമേൽ പണിയപ്പെട്ട സഭയാണ് ക്രിസ്തീയ സഭ.

ആദിമ കാലത്ത് ശ്ലീഹന്മാരും പിതാക്കന്മാരും വളരെയധികം പീഡനകൾക്കും യാതനകൾക്കും ഇരയായി തീർന്നാണ് സഭ രൂപീകൃതമായത്. ഇന്നു നാം കാണുന്ന ക്രിസ്തീയ സഭയിൽ സ്ത്രീകൾ ക്കുള്ള പങ്ക് എന്തായിരിക്കണമെന്ന് ചിന്തിക്കുകയാണ് എന്റെ മുഖ്യധാര. അതുകൊണ്ട് സഭയെക്കുറിച്ച് ഒരു വിശദീകരണത്തിന്റെ പ്രസക്തി ഇവിടില്ല. വേദപുസ്തകാടിസ്ഥാനത്തിൽ സഭയിൽ സ്ത്രീകൾക്കുള്ള പങ്ക് എന്താണെന്ന് നമുക്ക് നോക്കാം.

2. കോരി. 13 ന്റെ 14–ാം വാക്യം വായിച്ചാൽ പിതാവിനോടും പുത്രനോടും കൂട്ടായ്മയും പരിശുദ്ധാത്മാവിനോടു കൂടുതൽ അടുത്ത സഹവാസവും വേണമെന്ന് നമുക്ക് കാണുവാൻ സാധിക്കും. കൂട്ടായ്മയെക്കാൾ എപ്പോഴും വലുതാണ് സഹവാസം. ചിന്തകളും വികാരങ്ങളും പങ്കുവയ്ക്കുന്ന പ്രവൃത്തിയാണ് സഹവാസം. നമ്മുടെ ആഴമായ ചിന്തകളും ഹൃദയവികാരങ്ങളുംവരെ പരിശുദ്ധാത്മാവുമായി പങ്കു വെയ്ക്കണം. ഒരു യുവാവ് ഒരു യുവതിയെ വിവാഹം കഴിച്ചാൽ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവരും. വീട്ടിലെത്തി മറ്റു സാധനങ്ങൾ കൊണ്ടുവെക്കുന്നതുപോലെ അവളെ ഒരു മൂലയ്ക്ക് വെക്കുകയല്ല. മറിച്ച് അവൻ അവളെ സ്നേഹിക്കുകയും തന്റെ ജീവിതം അവളുമായി പങ്കവെയ്ക്കുകയും ചെയ്യുന്നു അത് വളരെ ആഴമായ ബന്ധമായി പരിണമിക്കുന്നു. ഇതുപോലെ ഒരു ഇഴുകി ചേർന്ന ബന്ധമാണ് പരിശുദ്ധാത്മാവുമായി നമുക്കുണ്ടാകേണ്ടത്.

സഭയിൽ പലവിധ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ സ്ത്രീകൾ കടപ്പെട്ടവരാണ്. എഫെസ്യർ 4 ന്റെ 11 ൽ ഇപ്രകാരം പറയുന്നു. "അവൻ ചിലരെ അപ്പോസ്തോലന്മാരായും ചിലരെ ഇടയന്മാരായും ചിലരെ ഉപദേശകന്മാരായും നിയമിച്ചു".

സേവനത്തിനുവേണ്ടി ദൈവജനത്തെ പ്രേരിപ്പിക്കുന്നതുവഴി ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ പണിയുകയാണ്. ദൈവിക ശുശ്രൂഷകളിൽ സഹോദരന്മാരോടൊപ്പം സഹോദരിമാരെക്കൂടി ഉൾപ്പെടുത്തിയാൽ അവർക്ക് സഭയ്ക്കകത്തും പുറത്തും ഫലകരമായി പ്രവർത്തിക്കുവാൻ സാധിക്കുമെന്നതിന് സംശയമില്ല. കത്തോലിക്കാ സഭയിലെ കന്യാസ്ത്രീ സമൂഹം അതിന് ഒരു ദൃഷ്ടാന്തമാണ്.

അപ്പോ.പ്ര. 2:46–47–ാം വാക്യം വായിച്ചാൽ അവിടെ ആദിമസഭയിൽ ഉണ്ടായിരുന്ന രണ്ടുതരം യോഗങ്ങളെക്കുറിച്ച് പറയുന്നതായി നമുക്ക് കാണുവാൻ സാധിക്കും. അവർ പള്ളികളിൽ ഒന്നിച്ചു കൂടിയതോടൊപ്പം ദിനംതോറും വീടുകളിൽ സമ്മേളിക്കുകയും അപ്പം നുറുക്കുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്തു.

ആദിമസഭയിൽ യെരുശലേമിൽ ഒരു ലക്ഷത്തോളം വിശ്വാസികൾ ഉണ്ടായിരുന്നു. എന്നാൽ 12 അപ്പോസ്തോലന്മാരുടെ കാര്യമേ നമുക്ക് അറിയുകയുള്ളു. ഇത്രയധികം ജനങ്ങളെ ഈ 12 പേർ എങ്ങിനെ ശുശ്രൂഷിച്ചു. അവിടെ വീട്ടു കൂട്ടങ്ങൾക്കെല്ലാം പ്രത്യേകം പ്രത്യേകം ലീഡേഴ്സ് ഉണ്ടായിരുന്നുവെന്നത് അതിൽനിന്നും വ്യക്തമാണ്. ഏഴ് മൂപ്പന്മാരോടൊപ്പം നിരവധി അമ്മായ ശുശ്രൂഷകരും വീട് വീടാന്തരമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയെന്ന് മനസ്സിലാക്കാം.

സഭയെക്കുറിച്ച് പലരുടെയും മനസ്സിലെ സങ്കല്പം എക്കാലത്തും ഒരു പൊതു കെട്ടിടമെന്നോ പള്ളിയെന്നോ ആയിരിക്കും. ഞായറാഴ്ച ആരാധനാലയത്തിൽ പോയി ആരാധനയിൽ പങ്കുകൊള്ളുന്നതുകൊണ്ടുമാത്രം സഭയാകുന്നില്ല. വീട് വീടാന്തരമുള്ള സഭയെക്കുറിച്ച് വീടുകളിലുള്ള സഭാ കൂടിവരവിനെക്കുറിച്ച് വേദപുസ്തകം വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.

അപ്പോ. പ്ര. 6–ാം അദ്ധ്യായം വായിച്ചാൽ അവിടെ അപ്പോസ്തോലന്മാർ ഏഴു മൂപ്പന്മാരെ തിരഞ്ഞെടുത്ത് സഭയുടെ ഭൗതിക കാര്യങ്ങൾക്കുവേണ്ടി നിയമിക്കുന്നു. എന്നിട്ട് അപ്പോസ്തോലന്മാർ പ്രാർത്ഥനയിലും സുവിശേഷീകരണത്തിലും മാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്നു. മൂപ്പന്മാരിൽ ഒരുവനായ സ്തേഫാനോസ് സഹദായെ കല്ലെറിഞ്ഞു കൊന്നതോടെ സഭ ചിതറപ്പെട്ടു. മൂപ്പന്മാരും പ്രസംഗകരായിരുന്നു എന്നതിന് തെളിവാണ് ഫിലിപ്പോസിന്റെ സുവിശേഷീകരണത്തിന്റെ പരിപാടി. 8–ാം അദ്ധ്യായത്തിൽ നാമതു വായിക്കുന്നു. മൂപ്പന്മാർ കേവലം ഭൗതിക കാര്യങ്ങൾക്കുവേണ്ടി മാത്രമല്ല തിരഞ്ഞെ ടുക്കപ്പെട്ടത്. ആത്മീയ ശുശ്രൂഷകളും അവരുടെ ഉത്തരവാദിത്വം ആയിരുന്നുവെന്ന് ഇതിൽ നിന്നൊക്കെ മനസ്സിലാക്കാം.

അപ്പോസ്തോല പ്രവൃത്തി പരിശോധിച്ചാൽ പെന്തക്കോസ്തു നാളിൽ രക്ഷിക്കപ്പെട്ട മൂവായിരത്തെക്കുറിച്ചും പിന്നീട് സഭയിൽ ചേർന്ന അയ്യായിരത്തെക്കുറിച്ചും കാണാം. അന്ന് ഈ പുതിയ കൂട്ടായ്മയ്ക്ക് ഒറ്റ മാർഗ്ഗമേ ഉണ്ടായിരുന്നുള്ളു. വീടുകളിലുള്ള ചെറിയ ചെറിയ കൂട്ടായ്മ. ആ ഓരോ കൂട്ടത്തിനും അവരിൽനിന്നു തന്നെ ഒരു ലീഡർ ഉണ്ടാകുമെന്നത് സ്വാഭാവികമാണല്ലോ. വളർന്നു വരുന്ന സഭയുടെ മുഴുവൻ ആവശ്യങ്ങളും നിറവേറ്റത്തക്കവണ്ണം ഈ വീട് കൂട്ടങ്ങൾ സജ്ജമായിരുന്നു.

പെന്തക്കോസ്തുനാളിൽ രക്ഷിക്കപ്പെട്ട മൂവായിരം പേരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെട്ടത് ആരാധനാ ഹാളിലോ ദൈവാലയത്തിലോ അല്ല പ്രത്യുത വീടുകളിലാണ്. വീടു

കളിൽ കൂടിയിരുന്ന പല സഭകളേയും ബൈബിളിൽ നമുക്കു കാണാം. ലുദിയായുടെ വീട്ടിലെ സഭ. അക്വിലാവിന്റെയും പ്രിസ്കില്ലയുടെയും വീട്ടിലെ സഭ. ഫിലോമോന്റെ വീട്ടിലെ സഭ തുടങ്ങിയവ. ലുദിയായും പ്രിസ്കില്ലയുമൊക്കെ സ്ത്രീകളായിരുന്നു. ആദിമ സഭയിൽ അവരുടെ പങ്ക് വളരെ വലുതായിരുന്നു എന്ന് വിശുദ്ധ പൗലോസിന്റെ ലേഖനങ്ങൾ വായിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

പുറപ്പാട് പുസ്തകം 18-ാം അദ്ധ്യായം വായിച്ചാൽ അവിടെ മരുഭൂമിയിൽ ഇസ്രായേൽ ജനത്തെ നയിക്കാനായി ബുദ്ധിമുട്ടുന്ന മോശയെ തന്റെ അമ്മായിയപ്പനായ യിത്രോ ഏതു വിധമാണ് ഉപദേശിച്ചു സഹായിക്കുന്നതെന്നും അധികാര വികേന്ദ്രീകരണം ഏതുവിധമാണ് ദൈവഹിതത്താൽ മോശ നടപ്പിലാക്കുന്നതെന്നും നമുക്ക് ദർശിക്കാം.

സഭയിൽ സ്ത്രീകൾക്കും ഇതുപോലെ സഭാകാര്യങ്ങളിൽ പ്രവർത്തിക്കാൻ സാധിക്കണം. അതിന് ആദിമ സഭയിലെപോലെ വീടുകളിലൂടെ സഭ വളർത്തണം. വീടുകളിൽ സുഹൃത്തുക്കളേയും അയൽക്കാരേയും യോഗങ്ങളിലേക്ക് ക്ഷണിക്കുക. ഒടുവിൽ ഞായറാഴ്ചകളിൽ എല്ലാവരും ഒത്തൊരുമിച്ച് ദൈവാലയത്തിൽ വിശുദ്ധ ആരാധയിൽ പങ്കുചേരുക. വീടുകളിൽ പ്രാർത്ഥനാ ഗ്രൂപ്പുകൾ സംഘടിപ്പിച്ച് സഭയെ വളർത്താൻ സ്ത്രീകൾ മുൻകൈയ്യെടുക്കണം.

സമൂഹത്തിൽ എല്ലാ തലത്തിലും സ്ത്രീകൾക്ക് രണ്ടാം സ്ഥാനം മാത്രമാണ് ഉള്ളത്. സ്ത്രീകൾ ഭർത്താക്കന്മാരുടെ അടിമകളായാണ് ജീവിക്കുന്നത്. സമൂഹത്തിലോ സഭയിലോ സ്ത്രീക്ക് ഉത്തരവാദിത്വമുള്ള ഒരു ജോലിയും നൽകി വരുന്നില്ല. സഹോദരിമാരെ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുവാൻപോലും പ്രയാസമുള്ള പുരുഷമേധാവിത്വത്തിന്റെ നാടാണ് എവിടെയും.

വേദപുസ്തകത്തിൽ സ്ത്രീകൾ നിശ്ശബ്ദരായിരിക്കണമെന്ന് പറയുന്ന വേദവാക്യമെടുത്താണ് പുരുഷന്മാർ സ്ത്രീകളെ സഭാപങ്കാളിത്വത്തിൽ നിന്നും അകറ്റി നിറുത്തുന്നത്. അത് ക്രിസ്തീയ സഭയുടെ ആദ്യകാലഘട്ടവും ക്രിസ്ത്യാനികളെ പീഡിപ്പിച്ചു കൊണ്ടിരുന്ന സഭയുടെ ആദിമകാലഘട്ടവുമായിരുന്നു. 2000-ൽ പരം വർഷങ്ങൾ പിന്നിട്ട ഈ നൂതനകാലയളവിൽ വി.ബൈബിളിൽ അതിലെ വചനങ്ങൾ ശരിക്കും വായിച്ചുപഠിക്കുകയും, ധ്യാനിക്കുകയും ചെയ്യുന്ന ഈ കാലയളവിൽ പുരുഷമേധാവിത്വമുള്ള ഒരു സമൂഹത്തിൽ സ്ത്രീകളെ സഭാകാര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് കുലങ്കഷമായി ചിന്തിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

സ്ത്രീകളെ സഭാശുശ്രൂഷയ്ക്കായി ഉപയോഗിക്കാവുന്നതിന്റെ ദൈവവചനാടിസ്ഥാനം പരിശോധിക്കാം. പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഒരിക്കലും പുരുഷമേധാവിത്വത്തിന്റെ വക്താവായിരുന്നില്ല. അദ്ദേഹത്തിന്റെ നിയന്ത്രണത്തിന്റെ കീഴിൽ സ്ത്രീകളെ ശുശ്രൂഷയ്ക്കായി ഉപയോഗിച്ചിരുന്നു.

റോമർ 16:1 അനുസരിച്ച് കെംക്രേയ സഭയുടെ ശുശ്രൂഷക്കാരിയാണ് ഫേബ. അതായത് ആ സഭയുടെ പ്രധാന ഉത്തരവാദിത്വങ്ങളുള്ള ആളെന്നർത്ഥം. എന്നാൽ ഫേബയുടെ ശുശ്രൂഷയ്ക്കു മുകളിൽ പൗലോസ് ശ്ലീഹായുടെ നിയന്ത്രണമുണ്ടായിരുന്നു. റോമിൽ ഫേബായെക്കുറിച്ച് പൗലോസ് ശ്ലീഹാ പറയുന്നത് തന്റെ കീഴിലുള്ള വെറുമൊരു ദാസിയായിട്ടല്ല പ്രത്യുത അധികാരമുള്ള പ്രസംഗകയായിട്ടാണ്. പ്രസംഗിക്കാൻ അവർക്ക് പൗലോസ് ശ്ലീഹാ അധികാരം നൽകിയെങ്കിൽ മറ്റെല്ലാ ശുശ്രൂഷകളും ചെയ്യുവാൻ അനുവദിച്ചിരുന്നു എന്നു വേണം കരുതുവാൻ. നമ്മുടെ സഭയിൽ ഒരു ഫേബപോലും കാണ്മാൻ ഉണ്ടോ എന്നു സംശയമാണ്. അതിന് സ്ത്രീകൾ സഭയിൽ സ്ത്രീകൾക്കുള്ള പങ്കും ഉത്തരവാദിത്വവും മനസ്സിലാക്കി മുന്നോട്ടിറങ്ങണം. സഭയിൽ നമ്മുടെ പങ്ക് വളരെ വലുതായിരിക്കണം. ഇന്ന് പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ് സുവിശേഷയോഗങ്ങളിലും ധ്യാനത്തിലും സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുന്നതെന്നും സന്ധ്യാപ്രാർത്ഥനയിലും കുടുംബ പ്രാർത്ഥനകൾക്കും മുൻകൈയ്യെടുത്തു പ്രവർത്തിക്കുന്നതെന്നും ഒരു നഗ്നസത്യം മാത്രം.

റോമർ 16:3-ൽ പ്രിസ്കില്ലയേയും അകിലാവിനേയും അവരുടെ വീട്ടിലുള്ള സഭയെയും കുറിച്ച് പൗലോസ് പറയുന്നു. ആ വീട്ടിലെ സഭയുടെ നേതൃത്വം പ്രിസ്കില്ല എന്ന സഹോദരിക്കായിരുന്നു. പൗലോസ് തന്റെ അധികാരത്തോടെ നിയമിച്ചിരിക്കുന്നത് പ്രിസ്കില്ലയെ മാത്രമാണ്. ഭർത്താവായ അകിലാവിനെയല്ലെന്ന് മനസ്സിലാക്കാം.

റോമർ 16:6 ൽ "നിങ്ങൾക്കായി വളരെ അദ്ധ്വാനിച്ചവളായ മറിയയ്ക്കു വന്ദനം ചൊല്ലുവീൻ" എന്നു പറയുന്നു. മറിയ അടുക്കള ജോലി ചെയ്തോ കുഞ്ഞുങ്ങളെ വളർത്തിയോ കഠിനാദ്ധ്വാനം ചെയ്തു എന്നല്ല ഉദ്ദേശിക്കുന്നത്. കർത്താവിന്റെ വേലയിൽ പ്രസംഗകയായി സഭയിൽ ശുശ്രൂഷ ചെയ്ത് സഭയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുന്നതിനെയാണ് ശ്ലാഘിക്കുന്നത്. ഇതു കൂടാതെ മറ്റ് രണ്ടു സ്ത്രീകളെക്കുറിച്ചും 12-ാം വാക്യത്തിൽ പറയുന്നു. കർത്താവിൽ അദ്ധ്വാനിക്കുന്നവരായ ത്രൂഫൈനെയും ത്രൂഫോസെയും പൗലോസ് വന്ദനം ചൊല്ലുന്നതുകാണാം. കർത്താവിന്റെ വേലയിൽ കഠിനാദ്ധ്വാനം ചെയ്ത മറ്റൊരു സ്ത്രീയായ പെർസീസിനെക്കുറിച്ചും പൗലോസ് പരാമർശിക്കുന്നു. ഈ സ്ത്രീകളെയെല്ലാം കർത്താവിന്റെ വേലക്കാരായി സഭാപ്രവർത്തനങ്ങളിൽ കഠിനാദ്ധ്വാനം ചെയ്തു വരുന്നവരായിട്ടാണ് ശ്ലീഹാ ഉദ്ധരിക്കുന്നത്.

ഇതുപോലെ കർത്താവിന്റെ വേലയ്ക്കായി കഠിനാദ്ധ്വാനം ചെയ്ത ധാരാളം സ്ത്രീകളെ ആദിമ സഭയിൽ നമുക്ക് ദർശിക്കുവാൻ കഴിയും. കർത്താവിന്റെ വേലയിൽ ആയിരിക്കുക എന്നു പറഞ്ഞാൽ സാക്ഷിയാകുക, പ്രാർത്ഥിക്കുക, ജനത്തെ ആത്മീയ കാര്യങ്ങളിൽ സഹായിക്കുക തുടങ്ങിയ കാര്യങ്ങൾ എല്ലാം ഉൾപ്പെടും.

പുതിയ നിയമസഭയിൽ ദൈവം സ്ത്രീകളെ ദൈവിക ശുശ്രൂഷകൾക്കായി തിരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ അതെല്ലാം ഒരു പുരുഷന്റെ നിയന്ത്രണത്തിലായിരിക്കുമെന്നു മാത്രം. അതുകൊണ്ടാണ് പൗലോസ് 1 കൊരി: 11:5 ൽ ഇപ്രകാരം പറയുന്നത് "മൂടുപടമില്ലാതെ പ്രാർത്ഥിക്കയോ പ്രവചിക്കുകയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു. അതു അവൾ ക്ഷൗരം ചെയ്യിച്ചതുപോലെയല്ലോ".

ഇവിടെ ഒരു കാര്യം വ്യക്തമാണ് പ്രവചന ശുശ്രൂഷ സ്ത്രീകൾക്കു ചെയ്യാം. പ്രസംഗത്തിന്റെ മറ്റൊരു രൂപവും ഭാഗവുമാണ് പ്രവചനം. പ്രസംഗിക്കുമ്പോഴും പ്രാർത്ഥിക്കുമ്പോഴും പ്രവചിക്കുമ്പോഴും പുരുഷന്റെ അധികാരത്തിന് വിധേയയാണെന്ന് വ്യക്തമാക്കുന്നു. ഏതു പുരുഷന്റെയും തല ക്രിസ്തു. സ്ത്രീയുടെ തല പുരുഷൻ.......... പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ സ്ത്രീ പുരുഷനിൽ നിന്നത്രേ ഉണ്ടായത് എന്നു വ്യക്തം.

നമ്മുടെ കർത്താവ് ജനിച്ചത് സ്ത്രീയിൽ നിന്നാണ്. സ്ത്രീയുടെ മടിയിലാണ് താലോലിക്കപ്പെട്ടത്. സ്ത്രീയാണ് മുലയൂട്ടി വളർത്തിയത്. സ്ത്രീകളാണ് കർത്താവിന്റെ പരസ്യ ശുശ്രൂഷാവേളയിൽ ആദ്യാവസാനംവരെ ഭൗതിക കാര്യങ്ങളിൽ കൂടെ നടന്നു ശുശ്രൂഷിച്ചത്. ക്രൂശീകരണത്തിന്റെ അവസാനനിമിഷംവരെ യേശുവിനോടൊപ്പമുണ്ടാ

യിരുന്നതും സ്ത്രീകളാണ്. തന്റെ അരുമശിഷ്യന്മാർ യഹൂദന്മാരെ ഭയന്ന് ഒളിവിൽ കഴിഞ്ഞെങ്കിൽ ക്രൂശിൻ ചുവടു വരെ ധൈര്യസമേതം പിൻതുടർന്നതും ക്രൂശുമരണത്തിന് ദൃക്സാക്ഷികളാകാൻ ഭാഗ്യം ലഭിച്ചതും സ്ത്രീകൾക്കാണ്. യേശുവിന്റെ തിരുശരീരസംസ്ക്കാരത്തിനായി സുഗന്ധവർഗ്ഗങ്ങൾ ഒരുക്കിയതും സ്ത്രീകളാണ്. യേശുനാഥന്റെ ഉയിർത്തെഴുന്നേല്പ്പിന് ആദ്യദൃക്സാക്ഷി ആയതും സ്ത്രീയാണ്. യേശു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റശേഷം ആദ്യസന്ദേശം നൽകിയതും സ്ത്രീക്കാണ്.

കർത്താവായ യേശുക്രിസ്തു ഈ ലോകത്തിൽ ഇരുന്നപ്പോൾ സദാനേരവും പ്രിയപ്പെട്ട സഹോദരിമാർ യേശുവിനെ പരിചരിച്ചിരുന്നു. ആ യേശുവിന്റെ ശരീരമാകുന്ന സഭയെ സംരക്ഷിക്കുവാനും പരിചരിക്കുവാനും സഭയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുവാനും സ്ത്രീകൾ മുൻപോട്ടു വരേണ്ടകാലം വീണ്ടും സമാഗതമായിരിക്കുന്നു.

ഒരു ശരീരത്തിന്റെ ജീവനുള്ള കോശങ്ങൾപോലെ സഭയാം ശരീരത്തിന്റെ കോശങ്ങളാണ് ഹോം – സെല്ലുകൾ. സ്ത്രീകളുടെ കുടുംബസഭ. സഭാജനങ്ങൾ തമ്മിൽ ബന്ധം നിലനിർത്താൻ കുടുംബ സഭയ്ക്കു സാധിക്കും. എന്താണ് സെൽഗ്രൂപ്പ്. സഭാംഗങ്ങളായ 15 കുടുംബങ്ങളുടെ ഒരു പ്രത്യേക കൂട്ടായ്മയാണ് സെൽഗ്രൂപ്പ്. കഴിവതും അടുത്തുള്ള വീടുകൾ ചേർന്നതായിരിക്കും സെല്ലുകൾ. വെറുമൊരു സാമൂഹിക സമ്മേളനമല്ല സെൽഗ്രൂപ്പുകൾ. അത് വെറുമൊരു വീട്ട് പ്രാർത്ഥയുമല്ല. പാട്ടും പ്രാർത്ഥനയും ആരാധനയും പങ്കുവെക്കലും ആഘോഷങ്ങളും സാക്ഷിയും സഹകരണവും കുടുംബപ്രശ്ന പരിഹാരവും എല്ലാം ചേർന്നതാണ്. ഓരോ സെല്ലുകളും ആഴ്ചയിൽ ഒരിക്കൽ ഏതെങ്കിലും വീട്ടിൽ സൗകര്യപ്രദമായ സമയത്ത് ഗ്രൂപ്പിലെ അംഗങ്ങൾ കുടുംബമായി ഒത്തുചേരുന്നു. ഓരോ ഗ്രൂപ്പിലും ഒരു ലീഡറും ഒരു അസിസ്റ്റന്റ് ലീഡറും ഒരു ട്രഷററും ഉണ്ടായിരിക്കും. സ്ത്രീകൾ മുൻകൈയ്യെടുത്ത് ചെയ്യാവുന്നതാണ് ഈ കാര്യങ്ങൾ.

ജീവനുള്ള ശരീരത്തിൽ കോശങ്ങൾ സജീവമായിരിക്കുന്നതുപോലെയും ഹോംസെല്ലുകൾ സജീവമായും വർദ്ധിച്ചു കൊണ്ടുമിരിക്കുന്നു. സഭയിൽ സ്ത്രീകൾക്കുള്ള പങ്ക് എത്ര മാത്രം പ്രാധാന്യമർഹിക്കുന്നതാണെന്നും ക്രിസ്തു പങ്കാളിയാകാൻ കിട്ടുന്ന അവസരങ്ങൾ സ്ത്രീകൾ വിനിയോഗിക്കണം. ക്രിസ്തുവിന്റെ മണവാട്ടി സഭയിൽ മണവാളനെ എതിരേൽക്കാൻ എണ്ണയും വിളക്കുമായി കാത്തുനിൽക്കുന്ന കന്യകമാരായി ഓരോ സ്ത്രീകളും രൂപാന്തരപ്പെടണം. യേശുവിനെ തന്റെ ഭവനത്തിലേയ്ക്ക് ക്ഷണിക്കുകയും എതിരേൽക്കുകയും സൽക്കരിക്കുകയും ചെയ്യുന്ന മാർത്തയേയും മറിയയേയും പോലെയായിരിക്കണം ഓരോ സ്ത്രീകളും.

●

# മോർ സേവേറിയോസ് എഡ്യൂക്കേഷൻ ട്രസ്റ്റ്

നമ്മുടെ സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുവാനായി പ്രവർത്തിച്ചുവരുന്ന മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റിന്റെ എക്സിക്യുട്ടീവ് ട്രസ്റ്റികളായി കഴിഞ്ഞ ആറുവർഷം പ്രവൃത്തിക്കുവാൻ കഴിഞ്ഞതിൽ വളരെയേറെ സന്തോഷമുണ്ട്. നമ്മുടെ സമുദായത്തിലെ വിവിധ ഇടവകകളിലെ 682 വിദ്യാർത്ഥികൾക്കായി 2,50,91,260 (രണ്ടുകോടി അൻപത് ലക്ഷത്തി തൊണ്ണൂറ്റോരായിരത്തി ഇരുനൂറ്ററുപതു രൂപ) ലോണായി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ആറുവർഷത്തെ ഞങ്ങളുടെ എളിയ പ്രവർത്തനങ്ങളിൽ ഒന്നര ക്കോടി രൂപ വിദ്യാർത്ഥികൾക്കു നൽകുവാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. 2023 ഡിസംബർ 5 ന് കൂടിയ വാർഷിക പൊതുയോഗത്തിൽ പുതിയ എക്സിക്യൂട്ടീവ് ട്രസ്റ്റികളായി റവ.ഫാ.കെ.കെ.ഏബ്രഹാം കുറ്റിയിലിനെയും, ശ്രീ.തമ്പാൻ തോമസ് കോളഭാഗത്തിനേയും തെരഞ്ഞെടുത്തു. 2024 ജനുവരി 2 ന് പുതിയ ഭാരവാഹികൾ ചുമതല ഏറ്റെടുത്തു.

കഴിഞ്ഞ ആറുവർഷമായി ഈ പ്രസ്ഥാനത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ഞങ്ങളെ പ്രോത്സാഹിപ്പിക്കുകയും സഹായസഹകരണങ്ങൾ നൽകുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. നമ്മുടെ സമുദായത്തിനും മറ്റുള്ളവർക്കും എന്നു മാതൃകയും സഹായവുമായി ഈ പ്രസ്ഥാനം നാൾക്കുനാൾ വളരട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്തുകൊണ്ടും, എല്ലാ പ്രിയപ്പെട്ടവരോടുമുള്ള നന്ദിയും സ്നേഹവും ഒരിക്കൽക്കൂടെ അറിയിക്കുകയും ചെയ്യുന്നു.

**ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ** **തോമസ് ജോൺ കുളങ്ങര**

മുൻ എക്സിക്യൂട്ടീവ് ട്രസ്റ്റികൾ

# ഇരുവായ്ത്തലവാൾ III

കൊച്ചുമോൻ പള്ളിക്കപറമ്പിൽ, ചിങ്ങവനം

വചനങ്ങളിൽ ചിലതിന് ഇരുവായ്തലയുണ്ട്. എബ്രാ.4:12 ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം, രണ്ട് വചനങ്ങളെ മുൻപ് വിശദീകരിച്ചതിനുശേഷം മൂന്നാം ലേഖനവിഷയം ദൈവം ഏകനോ, മൂന്ന് ആളത്വമോ എന്നതാണ്.

എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. ഞാനും പിതാവും ഒന്നാകുന്നു (യോഹ.10:30). നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും, പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുവിൻ (മത്തായി 28:19). മൂന്നാളത്വത്തിലും കാണുന്നത് പലർക്കും ഒരു ഇടർച്ചക്കല്ല് ആണ്. ഈ കല്ലിൽ തട്ടി ഉണ്ടായ ഒരു പ്രധാന സഭയാണ് യഹോവാ സാക്ഷികൾ. ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുൻപ് സൃഷ്ടിച്ച ആദ്യജാതനാണ് യേശു. അതിനാൽ ആരാധനയ്ക്ക് യോഗ്യനല്ലെന്നാണ്. ഇവരെപ്പറ്റി ദൈവം ജഡത്തിൽവന്നു എന്ന് വിശ്വസിക്കാത്ത വഞ്ചകന്മാർ വന്നുയെന്ന് (2 യോഹ.1:7) വെളിപ്പെടുത്തിയിരിക്കുന്നു. ഇവരാണ് എതിർക്രിസ്തു. അതുപോലെ സഭയുടെ വിശ്വാസത്തിന് വിപരീതമായ ഉപദേശങ്ങൾ പഠിപ്പിക്കുന്ന എല്ലാവരും എതിർക്രിസ്തുവിന്റെ ഏജന്റുമാരാകുന്നു.

എന്നാൽ നമ്മുടെ സഭയുടെ വിശ്വാസം പിതാവും പുത്രനും പരിശുദ്ധാത്മാവും ആയ ദൈവത്തിന് സ്തുതി. ആദിമുതൽ എന്നേയ്ക്കും ആമ്മീൻ. അതിന്റെ അർത്ഥം ആരംഭം മുതൽ എന്നേക്കും സ്തുതിക്കും യോഗ്യരാണെന്നാണ്. നമ്മുടെ പ്രഭാതപ്രാർത്ഥനയിൽ മൂന്നത്വത്തിന് സ്തുതി. ഹാലേല്ലുയ്യാ എന്നതും മൂന്ന് പ്രാവശ്യം ഉരുവിടുന്നത് ഈ വിശ്വാസത്തിൽ ആണ്. അത് മൂന്ന് ആളത്വത്തിൽ ആണ്. സഭയുടെ പെന്തക്കോസ്തി പെരുന്നാൾ ദിവസം ഈ മൂന്ന് ക്നൂമകളോടും പ്രത്യേകം പ്രത്യേകമുള്ള പ്രാർത്ഥനയാണ്. നമ്മുടെ വി. കുർബ്ബാനയിൽ നമ്മുടെ ബോധങ്ങളും, വിചാരങ്ങളും, ഹൃദയങ്ങളും പിതാവായ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുന്ന യേശു മിശിഹായുടെ പക്കൽ ആയിരിക്കണം എന്നു ചൊല്ലുന്നു. ദാവീദ് പരിശുദ്ധാത്മാവിൽ നിന്റെ ശത്രുക്കൾ നിന്റെ പാദപീഠമാകുവോളം നീ എന്റെ വലതുഭാഗത്ത് ഇരിക്കുക എന്നും (സങ്കീ.110:1), വരിക നാം നമ്മുടെ സാദൃശ്യത്തിലും സ്വരൂപത്തിലും മനുഷ്യനെ സൃഷ്ടിക്കാം (ഉല്പ.1:26). നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിന് സ്തോത്രം (കൊലോ.1:3). ഈ ഭാഗങ്ങളിലെല്ലാം ദൈവം ഏകനല്ല മൂന്ന് ആളത്വമാണെന്ന് തെളിയുന്നു. എന്നാൽ ചിലർ ഒരു നിത്യനെയുള്ളൂ. അത് പിതാവാം ദൈവം മാത്രമാണെന്ന തെറ്റായ ധാരണ പരത്തുന്നുണ്ട്.

ഇപ്രകാരം ഇവർ ചിന്തിക്കുന്നത് നമ്മുടെ സഭാ വിശ്വാസപ്രമാണത്തിൽ ആകാശവും, ഭൂമിയും സൃഷ്ടിച്ച ഏകദൈവത്തിൽ നാം വിശ്വസിക്കുന്നു എന്ന ചിന്തയിൽ നിന്നും രൂപപ്പെട്ടതാണ്. പുത്രനില്ലാതെ പിതാവ് തനിയെ ഉണ്ടായിരുന്ന ഒരു കാലവും ഉണ്ടായിട്ടില്ലെന്നാണ് സഭയുടെ വിശ്വാസം, നാം എന്നു മുതൽ ദൈവത്തെ അറിയുന്നുവോ അപ്പോൾ എല്ലാം പുത്രനും പരിശുദ്ധാത്മാവും ഉൾപ്പെട്ടിരുന്നു.

ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും അനുരൂപത്തിലും ഒരുമനപ്പെട്ട് സ്നേഹത്തിലും അധികാരത്തിലും മുപ്പിരിച്ചരടുപോലെ സ്നേഹത്തിൽ ബലവത്താണ്. ലോകത്ത് ഒരു ശക്തിക്കും അവരെ സ്നേഹത്തിൽ നിന്ന് വിഭജിക്കുവാൻ സാദ്ധ്യമല്ലാത്തവിധം സ്നേഹമൂർത്തികൾ ആണ്. യോഹന്നാൻ തന്റെ വെളിപ്പെടുത്തൽ (1 യോഹ.4:16) വ്യക്തമാക്കുന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് യേശു എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു എന്ന് പറഞ്ഞതിന്റെ പൊരുളും. ദൈവത്തിന്റെ മുഖമുദ്രതന്നെ സ്നേഹമാണെന്ന സത്യമാണ്.

ആളത്വത്തിൽ ദൈവം മൂന്നാണെന്ന വചനം പഴയനിയമത്തിൽ ഉണ്ടോയെന്ന് പരിശോധിക്കാം. ഇത് മനസ്സിലാക്കാനായി കിംഗ് ജെയിംസ് രണ്ടാമന്റെ കാലത്ത് ലണ്ടൻ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സിൽ അക്കാലത്ത് അച്ചടിച്ച ബൈബിൾ പരിശോധിക്കണം. ആംഗ്ലിക്കൻ സഭ പ്രസിദ്ധീകരിച്ച പുസ്തകമാണ് നിർഭാഗ്യവശാൽ നമ്മുടെ പള്ളികളിൽ ഉള്ളത്. അതിൽ പലതും തെറ്റുകളും. തങ്ങളുടെ വിശ്വാസത്തിന് വചനങ്ങളിൽ തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. അതിൽ പരിഭാഷപ്പെടുത്തിയ ശരിയായ വിവരണം സദൃ.8:22 വിശകലനം ചെയ്യുമ്പോൾ ദൈവം തന്റെ വഴിയുടെ ആരംഭത്തിൽ എന്നെ സൃഷ്ടിച്ചതിനു പകരം possesed എന്നാണ് ആ പദത്തിന്റെ അർത്ഥം ഉൾപ്പെടുത്തി എന്നതാണ്. ഈ ഭാഗം തുടർന്ന് വായിക്കുമ്പോൾ ആകാശവും ഭൂമിയും, സമുദ്രവും പർവ്വതങ്ങളും സെറ്റപ്പ് ചെയ്തപ്പോഴും ഞാനും ഉണ്ടായിരുന്നു. ഈ ഞാൻ ആരെന്ന് ചിന്തിച്ചിട്ടുണ്ടോ? അതാണ് യേശു.

സ്വർഗ്ഗത്തിൽ കയറുകയും ഇറങ്ങുകയും ചെയ്തവൻ ആര്? കാറ്റിനെ തന്റെ മുഷ്ടിയിൽ പിടിച്ചടക്കിയവൻ ആര്? മരിച്ചശേഷം മൂന്നാംനാൾ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നവനും, കാറ്റിനെ തന്റെ മുഷ്ടിയിൽ ആക്കിയവനും യേശു തന്നെ. എന്നാൽ വെള്ളം വസ്ത്രത്തിൽ കെട്ടിയവൻ ആര്? ഇത് മനസ്സിലാക്കാനായി പള്ളിക്കപ്പറമ്പിൽ കുര്യാക്കോസ് കത്തനാര് പരി. ദൈവമാതാവിന്റെ ജീവചരിത്രം സുറിയാനി ഭാഷയിൽ നിന്നും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയ പുസ്തകത്തിന്റെ 75-ാം പുറത്ത് ബാലനായിരുന്ന യേശു തന്റെ മാതാവിന് വെള്ളം കൊണ്ടുവരാനായിട്ട് പോയപ്പോൾ മൺകുടം തന്റെ കൈയ്യിൽ നിന്ന് വീണ് ഉടഞ്ഞുപോയി. യേശു തന്റെ വസ്ത്രത്തിൽ ജലം കിഴിപോലെ കെട്ടികൊണ്ടുവന്ന ഒരു കഥയും യേശുവിനെ പഴയനിയമത്തിൽ പരാമർശിക്കുന്നതുപോലെ അബ്രഹാമിന്റെ മുൻപിലും മൂന്ന് ആളത്വത്തിൽ ദൈവം പ്രത്യക്ഷപ്പെടുന്നത് (ഉല്പ.18:1) ദൈവം ആളത്വത്തിൽ മൂന്നാണെന്ന സത്യം മനസ്സിലാക്കാം.

എന്നാൽ യേശു ചില കാര്യങ്ങൾ തന്റെ പിതാവിന്റെ ഇഷ്ടത്തിലാണെന്ന് പറയുന്നു. ലോകാവസാനം എപ്പോൾ ആയിരിക്കുമെന്ന് (മത്താ.24:36) സെബിദി മക്കൾക്ക് തന്റെ വലതും ഇടത്തും സ്ഥാനം യാചിച്ചപ്പോഴും (മർക്കോ.10:40) പിതാവിന്റെ സ്വന്തം ഇഷ്ടമാണെന്ന് പറഞ്ഞത് തങ്ങൾ മൂവരും ചേർന്നുള്ള ആലോചനയ്ക്കുശേഷമേ മറുപടി പറ

യുവാൻ പാടുള്ളുവെന്നും പറഞ്ഞത്, സ്നേഹത്തിൽ അവർ ഒന്നായിരിക്കുന്ന അവസ്ഥയിൽ ആയതിനാലാണ്. ഈ അടിസ്ഥാനത്തിലാണ് എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നുവെന്ന് പറഞ്ഞതിന്റെ പൊരുൾ. യേശു മരിച്ച് മൂന്നാം നാൾക്ക് ശേഷം സ്വന്തം ശരീരത്തിൽ സ്പർശിക്കരുതെന്നും താൻ പിതാവിനെ ഇതുവരെ കണ്ടില്ലെന്നും മഗ്ദലന മറിയത്തോട് (യോഹ.20:17) പറയുന്നതും, ദൈവം ആളത്വത്തിൽ മൂന്നാണെന്നതാണ് സത്യമായത്.

പലരും തങ്ങളുടെ തന്നെ ഭാവനയിൽ ത്രിത്വം ചിന്തിക്കാറുണ്ട്. ചിലർ റബർകായ്ക്ക് മൂന്ന് കുരു ഒന്നായിരിക്കുന്നതുപോലെയും, ഇൻഡ്യയുടെ പ്രതീകചിഹ്നം അശോകസ്തംഭംപോലെയും സങ്കല്പിക്കാറുണ്ടെങ്കിലും ത്രിത്വം ഒരു മഹാമർമ്മം ആണ്. ദൈവത്തെപ്പറ്റിയുള്ള തർക്കങ്ങൾ പരിമിതമായ മനുഷ്യബുദ്ധിയ്ക്ക് ഗ്രഹിക്കുക പ്രയാസമാണ്. എങ്കിലും ക്രിസ്തീയസഭ ഈ ഇനത്തിൽ മൂന്നാണെന്ന് വിശ്വസിക്കുന്നു. യേശു നമ്മോട് പറഞ്ഞത് എന്റെ കല്പന പാലിച്ച് ജീവിക്കുന്നവരാണ് എന്റെ മാതാവും എന്റെ സഹോദരന്മാരുമെന്നാണല്ലോ തിരുവാമൊഴി അരുളിയത്. അതിനാൽ ദൈവത്തെപ്പറ്റിയുള്ള തർക്കങ്ങൾ നമുക്ക് ഭൂഷണമല്ല. നിങ്ങൾ ഒരുവിധമെങ്കിലും ആദ്യഫലമായി ജീവിക്കണമെന്ന് യാക്കോബ് (1:18) പറഞ്ഞിരിക്കുന്നത്. അധികം തിന്മയായത് ഒന്നും ചെയ്യാതെ ഒരുവിധമെങ്കിലും ഒരു ക്രിസ്ത്യാനിയായി ജീവിക്കുകയാണ് മുഖ്യം.

നീ എന്റെ പുത്രൻ. ഞാനിന്ന് നിന്നെ ജനിപ്പിച്ചിരിക്കുന്നു (Begotten) എബ്രാ.1:5. ഇവിടെ created എന്ന പദമല്ലാത്തതിനാൽ യേശു സൃഷ്ടിയല്ല. ജനിച്ചവനാണ്. ദൈവത്തിൽ നിന്നും ജനിച്ചവൻ ദൈവപുത്രൻ തന്നെ. അതിനാൽ യേശു ദൈവം ആകുന്നു. ദൈവം സ്നേഹം ആകുന്നു. ഇതറിയുന്നതാണ് നിത്യജീവൻ. (യോഹ:17:3).

യേശുവിന്റെ സ്നാന സമയത്തും, മറുരൂപ സമയത്തും, ഇവൻ എന്റെ പുത്രനെന്നാണ് പറഞ്ഞത്. എന്നാൽ മോശയോടു ഞാനാകുന്നവൻ, ഞാൻ ആകുന്നു എന്നായിരുന്നു. ഞാൻ തന്നെയാണ് ഇവൻ എന്നും പറയാഞ്ഞതും ഇതു ത്രിത്വത്തിൽ മൂന്നായതിനാലായിരുന്നു. അതിനാൽ യേശുവും ദൈവമാണെന്ന ഗ്രഹണമാണ് നിത്യജീവൻ. ●

# ദൈവ കൃപയുടെ കാര്യസ്ഥൻ

ഫാ. ആൻഡ്രൂസ്, കടപ്പനങ്ങാട്ട്

കാര്യങ്ങൾ ക്രമമായി കൈകാര്യം ചെയ്യുന്നവൻ കാര്യസ്ഥൻ. അവ കാര്യപ്രാപ്തിയോടും കൃത്യമായും കൈകാര്യം ചെയ്യുവാൻ കർത്താവ് കാര്യസ്ഥനെ ഭരമേല്പിച്ചിരിക്കുന്നു. ഭരമേല്പിച്ചിരിക്കുന്ന കാര്യമാകട്ടെ അമൂല്യമായ ദൈവകൃപയാണ്. ദൈവം തന്റെ കൃപാവരങ്ങൾ കർത്താവായ യേശുക്രിസ്തുവിലൂടെ ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. കർത്താവു താനും, തന്റെ അപ്പോസ്തോലന്മാരും ദൈവത്തിന്റെ പരിശുദ്ധാത്മാവിലൂടെ വിശുദ്ധ സഭ വഴി വിശ്വാസവും, വിശുദ്ധിയും, വിശ്വസ്തതയുമുള്ള വിശ്വാസികൾക്കു ദൈവകൃപ പകർന്നുകൊടുക്കുന്നു.

ക്രിസ്തുവിന്റെ ശരീരമാകുന്ന വിശുദ്ധസഭയിൽ വി.മാമോദീസായിലൂടെ ചേർക്കപ്പെടുന്ന ഓരോ വിശ്വാസിയും ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവങ്ങളാണ്. വി.സഭയിൽ പരികർമ്മണം ചെയ്യുന്ന വി. കൂദാശവഴി ഈ ദൈവകൃപ വിശ്വാസികൾക്കു പ്രത്യക്ഷമായി അനുഭവിക്കുവാനുള്ള ഒരു സാധ്യതയാണ്. ദൈവകൃപ ജീവിക്കുന്ന കുടുംബത്തിലും, സഭയിലും, സമൂഹത്തിലും, പരിപോഷിപ്പിക്കുവാൻ വിളിക്കപ്പെട്ട കാര്യസ്ഥരാണു രാജകീയ പുരോഹിത വർഗ്ഗമായ ക്രൈസ്തവ വിശ്വാസികൾ. കാര്യനിർവ്വഹണത്തിൽ കാര്യസ്ഥൻ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ:-

1. ക്രിസ്തുയേശുവിന്റെ മനോഭാവമായിരിക്കണം അവന്റെ ഏറ്റവും വലിയ ആയുധം.

2. ശരീരത്തിൽ ജീവിക്കുന്നിടത്തോളം കാലം മാനുഷിക വികാരങ്ങൾക്കു അടിമപ്പെടാതെ ദൈവഹിതത്തിനൊത്തു ജീവിക്കണം.

3. അഴിഞ്ഞാട്ടം, ജഡമോഹം, മദ്യപാനം, മദിരോത്സവം, ദ്രവ്യാഗ്രഹമാകുന്ന വിഗ്രഹാരാധന തുടങ്ങിയ ദുർവൃത്തികളിൽ പങ്കു ചേരാത്തവരാകണം.

4. ദൈവവചനം അനുസരിച്ച് ആത്മാവിൽ ദൈവചൈതന്യമുള്ളവർ ആയിരിക്കണം.

5. സമചിത്തരും, ജാഗരൂകരുമായിരിക്കണം. പ്രാർത്ഥനയിലൂടെ നല്ല ചിന്തകൾ മനസ്സിൽ രൂപപ്പെടുത്തുവാനും, ചുറ്റുപാടുകളുടെ ചലനം മനസ്സിലാക്കി ജാഗ്രത പുലർത്തുവാനും കഴിയണം.

6. പരസ്പര സ്നേഹം ഗാഢമായി പുലർത്തണം. കാരണം, സ്നേഹം നിരവധി പാപങ്ങളെ മറക്കുന്നു. (സദ്യ.10:12) "സ്നേഹമോ സകല ലംഘനങ്ങളെയും മൂടുന്നു".

7. പിറുപിറുപ്പു കൂടാതെ പരസ്പരം ആതിഥ്യ മര്യാദ പാലിക്കണം.

8. ദൈവം നൽകിത്തരുന്ന ദാനങ്ങളെ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ആവശ്യാനുസരണം ഉപയോഗപ്പെടുത്തണം.

9. ദൈവവചനത്തിലൂടെ ആത്മാവിന്റെ ആലോചനപ്രകാരം പ്രസംഗിക്കുവാനും പഠിപ്പിക്കുവാനും, അതിലുപരി പ്രവർത്തിക്കുവാനും കഴിയണം.

10. ദൈവത്തിൽ നിന്നും ലഭിക്കുന്ന പരിശുദ്ധാത്മ ശക്തിയാൽ വിവേചനവും, വേർവ്യത്യാസവും നോക്കാതെ ശുശ്രൂഷിക്കുവാൻ കഴിയണം.

ഇങ്ങനെ വിശ്വാസി തന്നെ ഭരമേല്പിച്ചിരിക്കുന്ന ദൈവകൃപയുടെ കാര്യവിചാരകത്വം നിത്യവും, നിറപടിയായി നിർഭയം നിറവേറ്റുമ്പോൾ അവനിലൂടെ ദൈവത്തിന്റെ നാമം മനുഷ്യരുടെ ഇടയിൽ മഹത്വീകരിക്കപ്പെടും. മാത്രമല്ല ദൈവമക്കളെന്നു നാം വിളിക്കപ്പെടുകയും, നമ്മുടെ സാക്ഷ്യമുള്ള ഈ ജീവിതം അനേകരെ ക്രിസ്തുയേശുവിലേയ്ക്ക് ആകർഷിക്കുവാൻ സംഗതിയാകും.




**ഫാ. പി.ഒ. ഏലിയാസ്**
**വികാരി, വി. മഗ്ദലനമറിയം തിരുശേഷിപ്പ് ചാപ്പൽ, മന്ദിരം**

## ദനഹായ്ക്ക് ശേഷം 3-ാം ഞായർ (വി.യോഹ. 3:1-12) 21-01-2024

യേശു തമ്പുരാന്റെ ശ്രോതാക്കൾ മിക്ക അവസരങ്ങളിലും സാധാരണക്കാരായ ആളുകൾ ആയിരുന്നു. നീക്കോദിമോസിനെപ്പോലെയുള്ള പ്രധാന വ്യക്തികളുമായി അപൂർവ്വ സന്ദർഭങ്ങളിൽ യേശു സംസാരിച്ചതായി സുവിശേഷകർ പറയുന്നുണ്ട്. നീക്കോദിമോസ് പരീശനും യഹൂദ പ്രമാണിയുമായിരുന്നു. വളരെ ബഹുമാനത്തോടുകൂടിയാണ് അദ്ദേഹം സംഭാഷണം ആരംഭിക്കുന്നത്. യേശു ചെയ്ത അത്ഭുതങ്ങളെ അദ്ദേഹം ബഹുമാനത്തോടെ വീക്ഷിച്ചിരുന്നു (3:2). പെട്ടെന്നു തന്നെ മറുപടിയായി പുതുതായി ജനിക്കുന്നതിനെക്കുറിച്ച് യേശു പറഞ്ഞുതുടങ്ങി. അടയാളങ്ങളും അത്ഭുതങ്ങളുമല്ല ആത്മീയതയിൽ പ്രധാനമായിട്ടുള്ളത് ജീവിതത്തിൽ ഉണ്ടാകുന്ന പരിവർത്തനം അതായത് വീണ്ടും ജനനം ആണെന്ന് കാണിക്കുവാനാണ് യേശു ഇതുപോലെ പ്രതികരിച്ചത് (3:3).

പലരും ദൈവത്തിൽ നിന്നും പ്രതീക്ഷി ക്കുന്നത് അടയാളങ്ങളും അത്ഭുതങ്ങളുമാണ്. പുതിയ സഭകളും ഉണർവ്വ് പ്രസ്ഥാനങ്ങളുടെ പരസ്യത്തിലൂടെ അവ വാഗ്ദാനം ചെയ്യുന്നുമുണ്ട്. എന്നും അത്ഭുതങ്ങളോ അടയാളങ്ങളോ തേടിയല്ല വീണ്ടും ജനനത്തിൽക്കൂടി ജീവിതശൈലിയ്ക്ക് മാറ്റമുണ്ടാകുവാനാണ് ദൈവത്തെ സമീപിക്കുന്നത്. സ്വഭാവ പരിവർത്തനമാണ് ഒരുവനെ സ്വർഗ്ഗരാജ്യത്തിലെ പൗരനാക്കുന്നത്.

"പുതുതായി ജനിക്കുക" എന്നതിനു തുല്യമായ ഗ്രീക്കു പദത്തിന് "സമൂല പരിവർത്തനമുണ്ടാക്കുക", "രണ്ടാമതു ജനിക്കുക" എന്നീ അർത്ഥങ്ങളുണ്ട്. ഒന്നാമത്തെ അർത്ഥത്തിലാണ് കർത്താവ് ഉപയോഗിച്ചത് എന്ന് നീക്കോദിമോസിന് മനസ്സിലായി. എങ്കിലും അയാൾ ചോദിക്കുന്ന ചോദ്യത്തിന്റെ (3:4) അർത്ഥം നീ ഉദ്ദേശിക്കുന്ന രീതിയിലുള്ള സമൂല പരിവർത്തനം ഒരുവന് സാധ്യമാണോ? എന്നായിരിക്കും. മനുഷ്യന്റെ സമ്പൂർണ്ണ മാനസാന്തരം സാധ്യമല്ലെന്ന് അദ്ദേഹം ചിന്തിച്ചിരിക്കാം. ആഗ്രഹമുണ്ടെങ്കിലും മനുഷ്യനു മാറുവാൻ സാദ്ധ്യമല്ലെന്ന് ആയിരിക്കാം അയാളുടെ സൂചന.

സമൂലമാറ്റത്തിനുള്ള ഉപാധി വെള്ളത്താലും ആത്മാവിനാലുമുള്ള വീണ്ടും ജനനമത്രേ എന്ന് യേശു അയാളെ മനസ്സിലാക്കിക്കൊടുക്കുന്നു (3:5). മാമോദീസ അല്ലെങ്കിൽ വീണ്ടും ജനനം പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതാണ് (3:6). ജഡത്തിൽ നിന്നും ജനിച്ചത് ജഡമാണ്. വീണ്ടും ജനനം പ്രാപിക്കാത്തവരാണ് ജഡത്തിൽ നിന്നും ജനിച്ചത്. എന്നാൽ ആത്മാവിൽ നിന്നും ജനിച്ചവരിൽ ആത്മാവ് വസിക്കുന്നു. പരി. ആത്മാവിനെ പ്രാപിച്ചവർ ആത്മാവിന്റെ സ്വഭാവം ജീവിതത്തിൽ പ്രകടമാക്കും. പരി. മാമ്മോദീസാ എന്ന കൂദാശവഴിയായി വീണ്ടും ജനനവും പരിശുദ്ധാത്മ നിറവും പ്രാപിക്കുന്നു.

ദൈവാത്മ സാമീപ്യത്തിന്റെ തെളിവാണ് വ്യക്തികളിൽ കാണുന്ന ആത്മാവിന്റെ ഫലങ്ങൾ (ഗലാ. 5:22-23). വീണ്ടും ജനനം പ്രാപിക്കുക, ആത്മാവിനെ പ്രാപിക്കുക എന്നത് അർത്ഥമാക്കുന്നത് ഒരു വ്യക്തിയുടെ സമൂലപരിവർത്തനമാണ്. ആയതിന്റെ രൂപവും പ്രഥമപടിയുമാണ് വി. മാമ്മോദീസ. വീണ്ടും ജനനത്തിന്റെ അനുഭവത്തിൽ ജീവിക്കുവാൻ നമ്മെ സഹായിക്കുന്ന വി. കർമ്മാനുഷ്ഠാനങ്ങളാണ് വി. കൂദാശകൾ. പ്രത്യേകിച്ച് വി.കുമ്പസാരവും വി.കുർബ്ബാനാനുഭവവും. ക്രിസ്തീയ ജീവിതത്തിന്റെ ലക്ഷ്യം വീണ്ടും ജനിച്ച് ദൈവമക്കളായിത്തീരുക്കയാണ്. ഗിരിപ്രഭാഷണത്തിൽ കർത്താവ് പറയുന്നു (മത്താ.5:48) "ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ". സൽഗുണ പൂർണ്ണതയിലേക്കുള്ള വളർച്ചയാണ് ക്രിസ്ത്യാനികളുടെ ജീവിത ലക്ഷ്യം.

## സകല പട്ടക്കാരുടെയും ഓർമ്മയുടെ ഞായർ (കൊഹനേ) (മത്തായി 24:42-51) 28-01-2024

ഒരു പുരോഹിതന്റെ ചുമതലകളെക്കുറിച്ചാണ് ഈ വേദഭാഗത്ത് പ്രതിപാദിച്ചിരിക്കുന്നത്. പഴയനിയമക്കാലത്ത് ഊറീമും, തുമ്മീമും എന്ന രണ്ടു കല്ലുകൾ ഉപയോഗിച്ചിരുന്നു. ഇവ ഒരു പ്രത്യേക രീതിയിൽ വീണാൽ ദൈവഹിതം അനുകൂലമെന്നും അല്ലെങ്കിൽ പ്രതികൂലമാണെന്നും പുരോഹിതന്മാർ വിധിച്ചിരുന്നു.

(1) പുരോഹിതന്റെ പ്രഥമലക്ഷ്യം **ദൈവഹിതം ജനങ്ങളെ അറിയിക്കുക** എന്നതാണ്. ദൈവഹിതം യേശുക്രിസ്തുവിൽ വെളിപ്പെട്ട് തിരുവെഴുത്തുകളിൽ കൂടെ നമുക്ക് ലഭിച്ചിരിക്കുന്നു. ദൈവാശ്രയത്തിലും വിശുദ്ധിയിലും ജീവിച്ച പൂർവ്വികപിതാക്കന്മാർ ധ്യാനപൂർവ്വം അവ പഠിച്ച് നമുക്ക് വിശദീകരിച്ചു തന്നിരിക്കുന്നു. മനുഷ്യൻ എന്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നും, അവന്റെ ജീവിതത്തിന്റെ ലക്ഷ്യവും എപ്രകാരമുള്ള ജീവിത രീതിയാണ് ദൈവം മനുഷ്യനിൽ നിന്നും പ്രതീക്കുന്നതും എന്നുമുള്ള ചോദ്യങ്ങൾക്ക് മറുപടി ജനങ്ങൾക്ക് പഠിപ്പിച്ചു കൊടുക്കുകയാണ് പുരോഹിതന്റെ ഒന്നാമത്തെ ചുമതല.

(2) "അവർ യാക്കോബിന് നിന്റെ വിധികളും ഇസ്രായേലിന് ന്യായപ്രമാണവും ഉപദേശിക്കും" **പ്രബോധന ശുശ്രൂഷ വൈദികരുടെ കടമയാണ്.** ആദ്യത്തേതിനോട് ബന്ധപ്പെട്ടതാണിത്. സഭാ വിശ്വാസം ജനത്തെ പഠിപ്പിക്കുകയും തിരുവെഴുത്തുകൾ വിശദീകരിച്ചുകൊടുക്കുകയും ചെയ്യണം. പഴയനിയമത്തിൽ ആദ്യകാലത്ത് വിശ്വാസപ്രബോധനം പുരോഹിതന്റെ ജോലിയായിരുന്നു. പിൽക്കാലത്ത് ശാസ്ത്രിമാർ (സപ്രേൻമാർ) ഈ ജോലി ഏറ്റെടുത്തു. പുതിയ നിയമത്തിൽ പുരോഹിതന് പഠിപ്പിക്കുവാനുള്ള കഴിവ് പ്രധാനമായിരുന്നു. ആദിമ സഭയിൽ വിശ്വാസം പഠിപ്പിക്കൽ ആരാധനയുടെ ഭാഗമായി നടത്തിത്തീരുന്നു. ഇന്ന്

നമ്മുടെ സഭയിൽ വിശ്വാസ പ്രബോധനത്തിന് അർഹമായ പരിഗണന നൽകുന്നുണ്ടോ?

പുരോഹിതന്റെ അടുത്ത ചുമതല **യാഗാർപ്പണമാണ്**. സഭ ഒരു രാജകീയ പുരോഹിതവർഗ്ഗമാണ് **(1 പത്രോ. 2:9)**. പഴയ ഇസ്രായേലിന്റെ പദവി ഇസ്രായേൽ മുഴുവനും ഒരു പൗരോഹിത്യ ഗണമായി വിളിക്കപ്പെട്ടിരുന്നു (പുറ.19:6). അതിന്റെ നേതൃത്വത്തിലേക്ക് ലേവീ ഗോത്രത്തേയും അതിൽ തന്നെ അഹറോന്റെ കുടുംബത്തേയും ദൈവം തെരഞ്ഞെടുത്തത്. പുതിയ ഇസ്രായേലാകുന്ന പരി. സഭ ഒരു രാജകീയ പുരോഹിത വർഗ്ഗമാണ്. വി. മാമോദീസായിൽ രാജകീയ പുരോഹിതവർഗ്ഗമായി ഓരോ ക്രിസ്ത്യാനിയും അഭിഷേകം ചെയ്യപ്പെടുന്നു. ഈ രാജകീയ പുരോഹിത വർഗ്ഗത്തിൽ പ്രഥമസ്ഥാനമാണ് കൗദാശിക പൗരോഹിത്യത്തിനുള്ളത്. ദൈവത്തിന്റെ ആട്ടിൻകൂട്ടവും രാജകീയ പുരോഹിത വർഗ്ഗവുമായ സഭ ഒരു തീർത്ഥയാത്രയിലാണ്. ദൈവരാജ്യത്തിലേക്കുള്ള തീർത്ഥയാത്ര. ഈ യാത്രയിൽ സഭാമക്കളായ ആട്ടിൻ കൂട്ടത്തിന്റെ മുമ്പിൽ വഴികാട്ടിയായി നടക്കുകയാണ് പുരോഹിത ധർമ്മം. ഈ യാത്രയിൽ വിവിധഘട്ടങ്ങളിൽ നേതൃത്വം നൽകിയവരായ പുരോഹിതന്മാരെ എല്ലാവരെയും ഓർക്കുന്ന അനുഗ്രഹീത ദിവസമാണ് ഇന്ന്.

## സകല മരിക്കപ്പെട്ടവരുടെയും ഓർമ്മയുടെ ഞായർ (ലൂക്കോ.12:32-49, 1 കോരി. 15:20) 04-02-2024

പുതിയ നിയമത്തിൽ സാധാരണ മരണത്തിനുപയോഗിക്കുന്ന വാക്ക് 'നിദ്ര' എന്നാണ്. വിശ്രമം എന്നാണ് വി.യോഹന്നാൻ മരണത്തേപ്പറ്റി പറയുന്നത് (വെളി.14:13). മരണത്തേപ്പറ്റിയുള്ള ക്രിസ്ത്രീയ വീക്ഷണം പൂർണ്ണമായി പ്രതിഭലിപ്പിക്കുന്ന വാക്കുകളാണ് ഇവ രണ്ടും. മനുഷ്യ ജീവിതത്തിന് അർത്ഥവും ലക്ഷ്യബോധവും നൽകുന്നത് അദ്ധ്വാനമാണ്. ആ അദ്ധ്വാനത്തിൽ നിന്നുള്ള വിശ്രമമാണ് മരണം. ആ ഉറക്കത്തിന് അന്ത്യമുണ്ട്. കർത്താവിന്റെ രണ്ടാമത്തെ വരവിൽ നാം ഉറക്കത്തിൽ നിന്നെന്നതുപോലെ ജീവിച്ചെഴുന്നേൽക്കും. നാം ഉയർത്തെഴുന്നേൽക്കുകയും തുടർന്ന് "എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കുകയും ചെയ്യുമെന്ന് വി. പൗലോസ് പറയുന്നു (1 തെസ്സ.4:16-18).

കർത്താവിനോടുകൂടെ ഇരിക്കേണ്ടതിന് ഉയർത്തെഴുന്നേൽക്കും എന്ന വിശ്വാസമാണ് നമ്മുടെ ജീവിതത്തിന് അർത്ഥം നൽകുന്നത്. ഈ പ്രത്യാശയിലാണ് നാം ആരാധിക്കുന്നതും പ്രാർത്ഥിക്കുന്നതും. മരണത്തോടുകൂടി ജീവിതം അവസാനിക്കുന്നില്ല. നമ്മുടെ വാങ്ങിപ്പായവർ ഉയർത്തെഴുന്നേൽക്കും എന്നുള്ള ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം നമ്മുടെ കർത്താവിന്റെ ഉയർത്തെഴുന്നേല്പാണ് (1കൊരി.15:14-22).

മരണത്തിനുശേഷം ഒരു ജീവിതമുണ്ട് എന്നു വിശ്വസിക്കുന്നവർക്ക് പരി. പൗലോസ് നൽകുന്ന മറുപടി (1 കോരി.15:20). യേശുക്രിസ്തുവിൽ മനുഷ്യജീവിതത്തിന്റെ അർത്ഥം വെളിപ്പെട്ടു. മരണത്തോടുകൂടെ മനുഷ്യൻ ഇല്ലാതാകുന്നില്ല. ഒരു പുതിയ അവസ്ഥയിലേയ്ക്ക് മാറ്റപ്പെടുന്നു എന്നേയുള്ളൂ. ജീവിച്ചിരുന്നപ്പോൾ നമ്മോട് കരുണ കാണിച്ച ദൈവം മരണശേഷവും കരുണ കാണിക്കുന്നു. ഈ പ്രത്യാശയിലാണ് നാം മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത്. ആ പ്രത്യാശ പുതുക്കുവാനുള്ള ദിവസമാണ് എല്ലാ മരിക്കപ്പെട്ടവരുടെയും ഓർമ്മകൊണ്ടാടുന്ന ഈ ഞായർ.

വലിയ നോമ്പിന്റെ മുമ്പുള്ള ഞായറാഴ്ചകൾ വാങ്ങിപ്പോയവർക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നത് അർത്ഥവത്താണ്. വലിയനോമ്പ് കർത്താവിന്റെ ഉയർപ്പിൽ പങ്കുചേരുവാനുള്ള ഒരുക്കത്തിന്റെ അവസരമാണ്. പരി.സഭ മുഴുവനായി- മരിച്ചുപോയവരും, ജീവനുള്ളവരും ഉയർപ്പുപെരുന്നാളിനായി ഒരുങ്ങുന്ന ദിവസമാണ് ഇനിയുള്ള ദിവസങ്ങൾ. മരണത്തിനും രോഗത്തിനും സൗഖ്യം നൽകുന്ന സ്വർഗ്ഗീയ വൈദ്യന്റെ പീഢാനുഭവത്തിനും ഉയർപ്പിനും സഭ പ്രതീക്ഷയോടെ കാത്തിരിക്കുന്നു. ഈ പ്രത്യാശയുടെ സന്ദേശമാണ് വലിയ നോമ്പിന് മുമ്പുള്ള രണ്ടു ഞായറാഴ്ചകൾ നൽകുന്നത്.

## കൊത്ത്നേ ഞായർ (യോഹ. 2:1-11) 11-02-2024

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുതമ്പുരാൻ ചെയ്ത ആദ്യത്തെ അത്ഭുതമാണ് പച്ചവെള്ളത്തെ വീഞ്ഞാക്കിയ സംഭവം. യോഹന്നാന്റെ സുവിശേഷത്തിൽ കർത്താവ് ചെയ്ത ഏഴ് അത്ഭുതങ്ങൾ തെരഞ്ഞെടുത്ത് അവതരിപ്പിച്ചിരുക്കുന്നു. യോഹന്നാൻ അത്ഭുതങ്ങൾക്ക് അടയാളം എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഓരോ അടയാളങ്ങളും യേശുവിന്റെ മഹത്വത്തെ വെളിപ്പെടുത്തുന്നു (2:11). യേശു ഇതിനെ അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വച്ച് ചെയ്തു; തന്റെ മഹത്വം വെളിപ്പെടുത്തി. അവന്റെ ശിഷ്യന്മാർ തന്നിൽ വിശ്വസിച്ചു യോഹന്നാന്റെ ചിന്തയിൽ കുരിശുമരണത്തിൽകൂടെയാണ് യേശു ശരിക്കും മഹത്വപ്പെടുന്നത് (യോഹ.17:1). "ഇതു സംസാരിച്ചിട്ട് യേശു സ്വർഗ്ഗത്തിലേക്കു നോക്കി പറഞ്ഞതെന്തെന്നാൽ പിതാവെ! നാഴിക വന്നിരിക്കുന്നു. നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ മഹത്വപ്പെടുത്തണമേ" കുരിശിലുള്ള മഹത്വീകരണത്തിന്റെ മുൻകുറിയാണ് ഓരോ അത്ഭുതപ്രവർത്തികളും യോഹന്നാന്റെ ചിന്തയിൽ, ഓരോ അത്ഭുതവും ദൈവരാജ്യം സമീപിച്ചിരിക്കുന്നതിന്റെ അടയാളമാണ്. ദൈവരാജ്യത്തിലെ സന്തോഷാനുഭവത്തെ ഒരു ഒരു വിവാഹ വിരുന്നിനോട് ആണ് സുവിശേഷകൻ ഉപമിച്ചിരിക്കുന്നത്. ഒരു വിവാഹ വിരുന്നിലാണ് തന്റെ മഹത്വത്തിന്റെ അടയാളമായിട്ട് ഒന്നാമത്തെ അത്ഭുതം യേശു ചെയ്തത്. സ്വർഗ്ഗീയ മണവറയിലെ സന്തോഷം ഇതാ ഒരുങ്ങിയിരിക്കുന്നു എന്നു കാണിക്കുവാനാണ് ഈ അത്ഭുതത്തോടുകൂടി യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നത്.

"സ്ത്രീയെ! എനിക്കു നിനക്കും എന്ത്? എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല" (യോഹ.2:4). യോഹന്നാന്റെ സുവിശേഷത്തിൽ നാഴിക എന്നത് യേശുവിന്റെ കുരിശുമരണത്തിന്റെ സമയമാണ് (യോഹ.7.30). "ആകയാൽ അവർ അവനെ പിടിപ്പാൻ അന്വേഷിച്ചു എങ്കിലും അവന്റെ നാഴിക വന്നിട്ടില്ലായ്കയാൽ ആരും അവന്റെമേൽ കൈവച്ചില്ല". കാനാവിൽ വച്ച് മ്ശിഹായുടെ മഹത്വം വെളിപ്പെടുത്തുവാനാണ് മാതാവ് ആവശ്യപ്പെട്ടത്. അതിനുള്ള മറുപടിയാണ് അത്ഭുതങ്ങൾ പ്രവർത്തിച്ച് മഹത്വം വെളിപ്പെടുത്തി ജനങ്ങളുടെ അംഗീകാരം ആഗ്രഹിക്കുന്ന മിശിഹാ ആയല്ലേ താൻ വന്നിരിക്കുന്നത്. തന്റെ മഹത്വം വെളിപ്പെടേണ്ടത് കുരിശുമരണം എന്ന നാഴികയിലാണ്. അതിനാലാണ് താൻ നാഴിക വന്നിട്ടില്ല എന്ന് പറയുന്നത്.

'സ്ത്രീയേ' എന്ന സംബോധന ഏറ്റവും ബഹുമാനപൂർവ്വമാണ് (യോഹ. 2:4). സ്ത്രീയേ എന്റെ വാക്ക് വിശ്വസിക്ക; നിങ്ങൾ പിതാവിനെ നമസ്ക്കരിക്കുന്നത് ഈ മലയിലുമല്ല ജറുശലേമിലുമല്ല എന്നുള്ള നാഴിക വരുന്നു. 'മാഡം'എന്നതിനു തുല്യമായ സംബോധനയാണിത്. സാധാരണ ഒരു മകൻ അമ്മയെ സംബോധന ചെയ്യുവാൻ ഈ

വാക്ക് ഉപയോഗിക്കാറില്ല. യോഹന്നാന്റെ ചിന്തയിൽ പുതിയ ഹവ്വയാണ് കന്യകമറിയാം. ഒന്നാമത്തെ സൃഷ്ടിയിലെ സ്ത്രീയാണ് ഹവ്വ. ഹവ്വായെ സകല ജീവനുള്ളവരുടെയും മാതാവ് എന്നാണ് വിളിക്കുന്നത് (ഉല്പ.3:20). അതേ രീതിയിൽ പുതിയ രക്ഷാചരിത്രത്തിലെ സ്ത്രീയാണ് മറിയം. മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ മാതാവായ മറിയാമിനെ ക്രിസ്തുവിൽ പുതുജീവൻ പ്രാപിച്ചവരുടെ മാതാവാക്കി പുതിയ ഹവ്വായായി സഭാപാരമ്പര്യത്തിൽ ചിത്രീകരിച്ചിരിക്കുന്നു.

കുരിശിന്റെ സമീപത്ത് വീണ്ടും സ്ത്രീയേ എന്നു വിളിക്കുന്നു (യോഹ. 19:26). ഇതാ നിന്റെ അമ്മ എന്നു പറഞ്ഞുകൊണ്ട് മാതാവിനെ യോഹന്നാനെ ഏൽപ്പിക്കുന്നു. ഇവിടെ യോഹന്നാൻ സഭയുടെ മുഴുവൻ പ്രതിനിധിയാണ്. സ്ത്രീയേ ഇതാ നിന്റെ മകൻ എന്നു പറഞ്ഞുകൊണ്ട് മാതാവിന് വി. സഭയെ കാണിച്ചുകൊടുക്കുകയായിരുന്നു. അതേ രീതിയിൽ പുതിയ ഹവ്വായായി മറിയാമിനെ താൻ വെളിപ്പെടുത്തി. ഈ പശ്ചാത്തലത്തിൽ വേണം 'സ്ത്രീയേ' എന്ന സംബോധനയെ മനസ്സിലാക്കാൻ.

എനിക്കും നിനക്കും എന്ത്? എന്നത് വിസമ്മതം അറിയിക്കുവാനുള്ള ഒരു പഴയനിയമ രീതിയാണ്. (2ശമു.16:10, 2രാജ.17:18) തമ്മിൽ എന്നു ചേർത്തിട്ടുള്ള വിവർത്തനം ശരിയല്ല.

കൊത്തിനെ ഞായറാഴ്ച സന്ധ്യയുടെ സെദറായിൽ 'നീ വെള്ളത്തെ നോക്കിയതിനാൽ അത് ചൈതന്യം പ്രാപിച്ചു' എന്ന ഒരു വാചകം കാണുന്നുണ്ട്. ഒഴിഞ്ഞ പാത്രങ്ങളില്ല വെള്ളം നിറഞ്ഞ പാത്രങ്ങളിലാണ് യേശു വീഞ്ഞുണ്ടാക്കിയത്. നമ്മുടെ ജീവിതത്തിൽ ഒരു പുതിയ ആത്മീയ ചൈതന്യം ഉണ്ടാകണമെങ്കിൽ ഒഴിഞ്ഞപാത്രങ്ങളായിട്ടല്ല മറിച്ച് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദൈവാശ്രയത്തിന്റെയും വെള്ളം കൊണ്ട് നിറഞ്ഞവരായി ദൈവമുമ്പാകെ സമർപ്പിക്കണം. ദൈവം അവയെ നോക്കും. അവ ആത്മീയ ചൈതന്യമുള്ളതായി തീരും. ●

---

**കവിത**

# "ക്ഷമ എന്ന പുണ്യം കൈവരിക്കാൻ"

**ജയ്നമ്മ മർക്കോസ്, നടുവിലേപറമ്പിൽ, കുഴിമറ്റം**

പാപത്തിൽ നിന്ന് മുക്തിനേടി
ദൈവസ്നേഹം കൈവരിക്കാൻ
സോദരെ ചേർത്തു പിടിച്ചുകൊണ്ട്
ഹൃദയംകൊണ്ട് ക്ഷമിച്ചിടുക!

ദൈവത്തിൽ നിന്നകന്നിടുവാൻ
വെറുപ്പിന്റെ വിത്തു വിതച്ചുകൊണ്ട്
സാത്താൻ വേലി കെട്ടുന്നു
ലോകയിമ്പത്തിൽ ചാടിക്കുന്നു.

ഇന്നിന്റെ പച്ചപ്പ് കണ്ടുകൊണ്ട്
ലോകയിമ്പത്തിൽ ഭ്രമിക്കുന്നോരേ
ശ്രദ്ധിക്കുവീൻ നിങ്ങൾ ശ്രദ്ധക്കുവീൻ
സാത്താൻ, കെണിയിൽപ്പെടുത്തിയല്ലോ

ദൈവത്തിൽ നിന്നകന്നിടുമ്പോൾ
മ്ലേച്ഛ അരൂപി നയിച്ചിടുന്നു
സൽബുദ്ധി ദൂരെയെ്ക്കറിഞ്ഞുകൊണ്ട്
പാപക്കുഴിയിൽ വീഴിക്കുന്നു.

വിശുദ്ധിയെ നഷ്ടപ്പെടുത്തിടുവാൻ
ദൈവത്തിൽ നിന്നകന്നിടുന്ന
ജീവിതം കഷ്ടത്തിലാക്കിക്കൊണ്ടു
സാത്താൻ കൊട്ടിച്ചിരിച്ചിടുന്നു.

ജഡിക സുഖം തേടുന്നോരേ
ശാന്തി നിങ്ങളെ വിട്ടുപോകും
രോഗവും ദുഃഖവും ഓടിയെത്തി
കയ്പിന്റെ കണ്ണീർ കുടിച്ചിടുമേ.

സാത്താന്റെ തോഴരായി തീർന്നിടുകിൽ
ഹൃത്തിലെ വചനം പേറ്റിക്കളയും
ക്ഷണികമാം ജീവിതം തച്ചുടച്ച്
അഗ്നി നരകത്തിലെത്തിക്കുമേ

ക്ഷമിക്കാൻ പറ്റാത്ത മക്കളേ കേൾക്കു
ഏതൊരു പുണ്യ പ്രവൃത്തി ചെയ്താലും
കർത്തൻ പ്രാർത്ഥന കേൾക്കില്ലല്ലോ
മാരക രോഗം തേടിയെത്തും

വെറുപ്പ് ഹൃത്തിനെ കഠിനമാക്കും
കണ്ണും കാതും കൊട്ടി അടയ്ക്കും
അന്യന് വേദന നൽകിക്കൊണ്ട്
തലമുറ ശാപത്തിലായിടുമേ

ദൈവത്തിലാശ്രയം വെച്ചുകൊണ്ട്
മോശയും, ഏലിയാവും ദാനിയേൽ പോൽ
കർത്തന്റെ അനുഗ്രഹം നേടിടുവാൻ
മുട്ടു മടക്കി പ്രാർത്ഥിക്കുവീൻ

അല്ലയോ, മക്കളെ അറിഞ്ഞിടുക
പൂർണ്ണമായി ദൈവത്തിലായിടുന്ന
മക്കളെ സ്വർഗ്ഗം നോക്കിക്കൊള്ളും
സ്വർഗ്ഗരാജ്യത്തിലെത്തിച്ചീടും

ജീവിതാന്ത്യം ഓർത്തെങ്കിലും
സ്വർഗ്ഗ രാജ്യത്തിലെത്തിടുവാൻ
'ക്ഷമ' എന്ന പുണ്യം കൈവരിക്കാൻ
ദൈവ കരുണയ്ക്കായി നിലവിളിക്കുക. ●

# "ആരാണു സാക്ഷാൽ ആടുകളുടെ ഇടയൻ"

റ്റി. കെ. തോമസ് തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

സാക്ഷാൽ ആടുകളുടെ ഇടയൻ ആരാണ് എന്ന് വി. വേദപുസ്തകം വളരെ വ്യക്തമായി നമുക്ക് വിവരിച്ചു നൽകുന്നു. വി.യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായത്തിലൂടെ ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, ആട്ടിൻതൊഴുത്തിൽ വാതിലിലൂടെ കടക്കാതെ വേറെ വഴിയായി കയറുന്നവൻ കള്ളനും, കവർച്ചക്കാരനുമാകുന്നു. വാതിലിലൂടെ കടക്കുന്നവനോ, ആടുകളുടെ ഇടയനാകുന്നു. അവന് വാതിൽ കാവൽക്കാരൻ വാതിൽ തുറന്നു കൊടുക്കുന്നു. ആടുകൾ അവന്റെ ശബ്ദം ശ്രവിക്കുന്നു. അവൻ അവർക്കു മുമ്പായി നടക്കുകയും, ആടുകൾ അവന്റെ ശബ്ദം തിരിച്ചറിഞ്ഞ് അവനെ അനുഗമിക്കുകയും ചെയ്യുന്നു. പിന്നെയും യേശു പറയുന്നു ഞാൻ ആടുകളുടെ വാതിൽ ആകുന്നു, എന്നിലൂടെ കടക്കുന്നവൻ രക്ഷപെടും, എനിക്കു മുമ്പേ വന്നവൻ ഒക്കെയും കള്ളന്മാർ ആയിരുന്നു. മോഷ്ടിപ്പാനും അറപ്പാനും, മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. ഞാൻ നല്ല ഇടയനാകുന്നു ഞാൻ പിതാവിനെ അറിയുകയും, പിതാവ് എന്നെ അറിയുകയും ചെയ്യുന്നതു പോലെ എനിക്കുള്ളവയെ ഞാൻ അറിയുന്നു. എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ അവയെ അറിയുകയും അവ എന്നെ അനുഗമിക്കുകയും ചെയ്യുന്നു. അവ ഒരു നാളും നശിച്ചുപോകാതിരിക്കത്തക്കവണ്ണം ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു. തന്നിൽ വിശ്വസിക്കുന്നവരെ ആടുകളോട് ഉപമിച്ചുകൊണ്ടും, ഒരു ഇടയന്റെ ഉത്തരവാദിത്വത്തെയും, ആത്മാർത്ഥതയേയും, തന്റെ വചനത്തിലൂടെ സന്ദേശമായി യേശുതമ്പുരാൻ യഹൂദാജനത്തിനു വിവരിച്ചു കൊടുക്കുന്നതുമാണ് രംഗം. തെറ്റിപ്പോകുന്ന ഒരു ജനതയെ നേരിലേയ്ക്കും, നന്മയിലേയ്ക്കും നയിക്കാൻ ഒരു ഇടയന്റെ അശ്രാന്തപരിശ്രമമാണ് വി. വേദപുസ്തകത്തിലെ ദൈവവചനങ്ങളുടെ കാതൽ എന്നു നമുക്ക് മനസ്സിലാക്കാൻ കഴിയും. സ്വന്തജീവനെ ആടുകൾക്കു വേണ്ടി നൽകുവാൻ തക്കവണ്ണം, ആടുകളെ അത്രമാത്രം സ്നേഹിക്കുന്ന, ഒരു ഇടയനെ, മറ്റെങ്ങും ഇന്നോളം ചരിത്രത്തിൽ കാണാൻ കഴിയില്ല. യേശു എന്ന നല്ല ഇടയൻ ഒഴികെ. സങ്കീർത്തനത്തിൽ ഒരു നല്ല ഇടയന്റെ സവിശേഷതകളെ ദാവീദ് വിവരിക്കുന്നു. 23-ാം സങ്കീർത്തനത്തിൽ യഹോവ ഇടയനാകുന്നു എങ്കിൽ, അവന് മുട്ടുണ്ടാകുകയില്ല. നല്ല മേച്ചിൽ പുറങ്ങൾ അവൻ ആടുകൾക്കു കണ്ടെത്തിക്കൊടുക്കുന്നു. സ്ഫടിക തുല്യവും, ശാന്തവുമായ തടാകത്തിലേയ്ക്ക് അവൻ തന്റെ ആടുകളെ നയിക്കുകയും, അവയെ സമൃദ്ധിയായി കുടിപ്പിക്കുകയും ചെയ്യുന്നു. കൂരിരുൾ താഴ്വരയും നിർഭയമായി കടക്കാൻ, വടിയും കോലും ഏന്തി നമുക്കു മുമ്പായി അവനുണ്ടാകും. ശത്രുക്കൾ കാൺകെ വിരുന്നൊരുക്കുകയും, തലയെ എണ്ണയാൽ അഭിഷേകം ചെയ്യുകയും, തന്നിൽ വിശ്വാസം അർപ്പിച്ചവരിൽ നന്മയും, കരുണയും, ആയുഷ്ക്കാലം മുഴുവൻ വർഷിക്കുന്ന ഒരു ദൈവത്തെ ദാവീദ് വരച്ചു കാട്ടുന്നു. നാം ഓരോരുത്തരും, ദൈവത്താൽ നയിക്കപ്പെടുകയും, നടത്തപ്പെടുകയും ചെയ്യുന്ന ആടുകളാണോ എന്ന് സ്വയം ശോധന ചെയ്ത്, നല്ല ഇടയന്റെ കരുതലിലായിരുന്ന്, ഭീതിയിൽ നിന്നും, ശത്രുഭയത്തിൽ നിന്നും ഒഴിഞ്ഞ് ഏറെ സ്വസ്ഥതയോടെയുള്ള ജീവിതം ലഭ്യമാക്കുവാൻ ഇനി ശേഷിക്കുന്ന നാളുകളിൽ നമുക്ക് സാദ്ധ്യമാകണം. അനവധിയായി ലൗകിക ചിന്തകളാൽ വലയുന്ന നമുക്ക് ദൈവം നൽകുന്ന സന്ദേശം നാം ലോകത്തിനുള്ളവരല്ല എന്നും, ലോകത്തിനുള്ളവരത്രേ ലോകത്തിലുള്ളത് അന്വേഷിക്കുന്നത് എന്നുമാണ്. ക്രിസ്തു പറയുന്നു ഞാൻ തന്നെ വഴിയും സത്യവും, ജീവനുമാകുന്നു എന്നിൽ വിശ്വസിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു. വെളിച്ചം ലോകത്തിൽ വന്നപ്പോൾ, ലോകത്തിന്റെ അന്ധകാരം നീങ്ങിപ്പോയി. സകലജനത്തിന്റെയും സന്തോഷമായ ക്രിസ്തു നമ്മുടെ ജീവിതത്തിൽ നമ്മുടെ ഇടയനായിത്തീരുമ്പോൾ, നാം അനുഭവിക്കുന്ന സുരക്ഷിതത്വത്തിന് അതിരുകളുണ്ടാകില്ല. ഒരു നല്ല ഇടയൻ തന്റെ സ്വന്തജീവൻ തന്റെ ആടുകൾക്കുവേണ്ടി ത്യജിച്ച സ്നേഹമാണല്ലോ യേശുദേവന്റെ ക്രൂശ് മരണം അനുസ്മരിപ്പിക്കുന്നത്. സകല മനുഷ്യരുടെയും പാപങ്ങൾ തന്നിലേയ്ക്ക് ആവഹിച്ചുകൊണ്ട് പിതാവിന്റെ സന്നിധിയിൽ അവർക്കു വേണ്ടി പാപയാഗമായി അർപ്പിക്കപ്പെട്ട മഹാമനസ്കത, ഒരു നല്ല ഇടയന്റെ മഹനീയ ദൃഷ്ടാന്തമാണല്ലോ. ആ നല്ല ഇടയന്റെ പരിപാലനയിൽ ആയിരിക്കാൻ നമ്മെയും ഏല്പിച്ചു കൊടുത്തുകൊണ്ട്, ഇടയന്റെ നല്ല ആടുകളുടെ ഗണത്തിൽ നമുക്കും ചേർക്കപ്പെടാം. നല്ല ചിന്തകളാൽ നല്ല സ്വഭാവ ഗുണങ്ങളാൽ, പരസ്പര സ്നഹത്തിൽ ഐക്യപ്പെട്ട്, യേശു ക്രിസ്തു എന്ന നല്ല ഇടയന്റെ പ്രീതിയ്ക്ക് നമുക്കും പാത്രീഭൂതരാകാം.






# അവർ തർക്കത്തിനില്ലല്ലോ!

കുറുക്കനും കുരങ്ങും ഒരുമിച്ച് യാത്ര പോവുകയായിരുന്നു. യാത്രക്കിടയിൽ അവർ മുഖ്യമായും സംസാരിച്ചിരുന്നതു തങ്ങളുടെ വർഗ്ഗ മഹിമയെക്കുറിച്ചാണ്. ഞാനാണ്; എന്റെ വർഗ്ഗമാണ് മികച്ചതെന്നും കുലീനവുമെന്ന് രണ്ടുപേരും വാദിച്ചു.

അങ്ങനെ നടന്നു നടന്ന് വിശാലമായ ഒരു സ്ഥലത്തെത്തിയപ്പോൾ കുരങ്ങൻ പെട്ടെന്നു നിന്നു. ആ നിൽപ്പിൽ വികാരപാരവശ്യം നിഴലിച്ചിരുന്നു.

കുരങ്ങച്ചന്റെ കണ്ണുകൾ അവിടെയെങ്ങും സഞ്ചരിച്ചു. അവയിൽ കണ്ണീർ നിറഞ്ഞു. അടുത്ത നിമിഷത്തിൽ അവൻ പൊട്ടിക്കരയുകയും ചെയ്തു.

'നിനക്ക് എന്തു പറ്റി? കുറുക്കൻ ചോദിച്ചു.

കുരങ്ങൻ അപ്പോഴും വികാര നിർഭരനായിരുന്നതിനാൽ സംസാരിക്കാൻ കഴിയാതെ വിരൽ ചൂണ്ടുക മാത്രം ചെയ്തു.

'അത് ശവകുടീരങ്ങളാണല്ലോ. അവിടെ എന്താണ്' കുറുക്കൻ വീണ്ടും ചോദിച്ചു.

'നിനക്കു അത് മനസ്സിലാവില്ല.' കുരങ്ങൻ ഗദ്ഗദത്തോടെ പറഞ്ഞു: 'എന്റെ പിതാമഹാന്മാർക്ക് ജോലി ചെയ്തിരുന്ന അടിമകളാണ് അവിടെ അന്ത്യവിശ്രമം കൊള്ളുന്നത്. അവരുടെ ശവകുടീരങ്ങൾക്കു മുന്നിൽ ഒരിറ്റ് കണ്ണീരെങ്കിലും അർപ്പിക്കാതെ പോകാൻ എനിക്കു കഴിയുമോ?'

'അർപ്പിച്ചോളൂ!' കുറുക്കൻ പുഞ്ചിരിയോടെ പറഞ്ഞു: 'നീ തൃപ്തിയാവോളം നുണകൾ ഛർദ്ദിച്ചുകൊള്ളു. അവരാരും നിന്നോട് എതിർത്തു പറയാൻ ശവകുടീരങ്ങളിൽനിന്ന് എഴുന്നേറ്റുവരില്ലെന്നു തീർച്ചയല്ലേ?'

***പൊങ്ങച്ചം പറയുന്നവർ പലപ്പോഴും തങ്ങളുടെ പഴയ തലമുറകളെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചുമാണ് വീമ്പിളക്കുക.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

1. 'നല്ലതു' എന്നു കണ്ട ദൈവം 'നന്നല്ല' എന്നു കണ്ടതെന്ത്?
2. ഉരസ്സുകൊണ്ടു ഗമിച്ചു ആയുഷ്ക്കാലമൊക്കെയും പൊടി തിന്നുന്നതെന്ത്?
3. ലാമേക്കിന്റെ ഭാര്യമാർ ആരെല്ലാം?
4. ശേത്തിന്റെ ആയുഷ്ക്കാലം എത്ര?
5. നോഹയുടെ പെട്ടകത്തിന്റെ അകത്തും പുറത്തും തേച്ചതെന്ത്?
6. ജലപ്രളയകാലത്ത് എത്ര ദിവസം ഭൂമിയിൽ മഴ പെയ്തു കൊണ്ടിരുന്നു?
7. നോഹയുടെ പെട്ടകം ഉറച്ച പർവ്വതം ഏത്?
8. കനാന്റെ പിതാവാര്?
9. അറിയപ്പെടുന്ന ആദ്യത്തെ മഹാനഗരം ഏത്?
10. സോവറിന്റെ മറ്റൊരു പേരെന്ത്?

## ഡിസംബർ മാസത്തിലെ ഉത്തരങ്ങൾ

1. ഉല്പത്തി 3:24
2. പാമ്പ് (ഉല്പ: 3:14)
3. ശേം, ഹാം, യാഫെത്ത് (ഉല്പ: 6:10)
4. നോഹ (ഉല്പ: 9:20)
5. ആരാം (ഉല്പ: 10:23)
6. ഹാരാൻ (ഉല്പ:11:26)
7. ലോത്ത് (ഉല്പ:13:12)
8. സിദ്ധീം താഴ്വര (ഉല്പ:14:3)
9. മൽക്കീസദേക്കിനു (ഉല്പ:14:20)
10. ഫ്രാത്ത് (ഉല്പ:15:18)

# ക്നായിതോമ പ്രാർത്ഥന യോഗം

പൂവൻത്തുരുത് : ക്നായിതോമ പ്രയർ ഫെല്ലോഷിപ്പിന്റെ ഈ മാസത്തെ പ്രാർത്ഥന യോഗം 28-01-2024 ഞായർ 6 പിഎം ന് പാക്കിൽ സെന്റ് തോമസ് യാക്കോബായ പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് നടത്തുന്നു. വെള്ളുത്തുരുത്തി സെന്റ് മേരിസ് പള്ളി വികാരി റവ. ഫാ. നോബിൻ തോമസ് ഇളംകുറ്റൂർ മുഖ്യ സന്ദേശം നൽകുന്നതാണ്. വൈസ് പ്രസിഡന്റ് റവ. ഫാ. സി. സി. ഏലിയാസ് കട്ടയിൽ അധ്യക്ഷത വഹിക്കുന്നതാണ്.

## ക്ലിഫ് ഹൗസിൽ നടന്ന കൂടിക്കാഴ്ച



കോട്ടയം ജില്ലയിലെ തോട്ടയ്ക്കാട് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന സേവേറിയോസ് ക്നാനായ കോളേജിൽ ബിഎസ്സ്സി നേഴ്സിങ് ഉൾപ്പെടെയുള്ള പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങുന്നതിന് വേണ്ടി സ്പെഷ്യൽ സാങ്ഷൻ തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 03–01 –2024–ൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിലും ക്നാനായ കമ്മിറ്റി അംഗം ആലിച്ചൻ ആറൊന്നിലും ബഹു.കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനുമായി തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ നടന്ന കൂടിക്കാഴ്ചയ്ക്ക് ശേഷം.

## ക്രിസ്തുമസ് ന്യൂ ഇയർ ഫീസ്റ്റ്



ബഹു.കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തിരുവനന്തപുരത്ത് ഒരുക്കിയ ക്രിസ്തുമസ് ന്യൂ ഇയർ ഫീസ്റ്റിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേയറിയോസ് തിരുമേനിയും സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിലും സംബന്ധിക്കുന്നു.

# ഓതറ നസ്രത്ത് ഫാർമസി കോളേജ് ഗവേണിങ് ബോർഡ് അംഗങ്ങൾ



ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി



റവ.ഫാ. വി.എ.ഏബ്രഹാം ഇളയശ്ശേരിൽ ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റ്



ശ്രീ.റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ സമുദായ സെക്രട്ടറി



റവ.ഫാ.എം.സി.സഖറിയ മധുരംകോട്ട് വൈദിക ട്രസ്റ്റി



ശ്രീ. റ്റി.സി. തോമസ് തോപ്പിൽ അല്മായ ട്രസ്റ്റി



ശ്രീ. ജേക്കബ് ലൂക്കോസ് കോയിപ്പുറത്ത് മാനേജർ



ശ്രീ. പി.എ.ഏബ്രഹാം കുഴിക്കണ്ടത്തിൽ സെക്രട്ടറി



ശ്രീ. ടോണി കുറിയാക്കോസ് അട്ടച്ചിറയിൽ



പ്രൊഫ. ബേബി ഏബ്രഹാം പുളിക്കാവിൽ



ശ്രീ. ലിൻസോ ഏലിയാസ് ഇളവൻകുളം



ശ്രീ. ആലിച്ചൻ ആറൊന്നിൽ



ശ്രീ. പി.കെ.കുര്യൻ പാട്ടമ്പലത്ത്



ശ്രീ. സ്മിജു ജേക്കബ് മറ്റയ്ക്കാട്ട് ആശ്രമം സെക്രട്ടറി



ശ്രീ. സണ്ണി കുറിയാക്കോസ് ഇടയാടിയിൽ



ശ്രീ. ബൈജുമോൻ ചാക്കോ പുലയകുന്നിൽ

## കേരള കൗൺസിൽ ഓഫ് ചർച്ചസ് ചിൽഡ്രൻസ് കമ്മീഷന്റെ സംസ്ഥാനതല പ്രവർത്തനോദ്ഘാടനം



കേരള കൗൺസിൽ ഓഫ് ചർച്ചസ് ചിൽഡ്രൻസ് കമ്മീഷന്റെ സംസ്ഥാനതല പ്രവർത്തനോദ്ഘാടനം ചിങ്ങവനം മാർ ക്ലിമ്മീസ് സ്കൂളിൽ വച്ച് ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവഹിച്ചു. കമ്മീഷൻ ചെയർമാൻ സ്മിജു ജേക്കബ് മറ്റക്കാട്ട് അധ്യക്ഷത വഹിച്ചു. ക്നാനായ സമുദായ സെക്രട്ടറി ടി. ഒ. ഏബ്രഹാം തോട്ടത്തിൽ ക്രിസ്തുമസ് സമ്മാനങ്ങൾ വിതരണം ചെയ്തു.

കെ.സി.സി. ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി. തോമസ് മുഖ്യപ്രഭാഷണം നടത്തി. കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ആലിച്ചൻ ആറൊന്നിൽ, കറന്റ് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ ജോജി പി. തോമസ്, കോ–ഓർഡിനേറ്റർ റ്റിറ്റൻ തേവരുമുറിയിൽ, സ്കൂൾ മാനേജർ റവ. ഫാ. സാജൻ സി. അലക്സ്, പ്രിൻസിപ്പാൾ സിജി ജോസ്, ലിഡി മേരി ചാക്കോ, ജെസ്സി ചാക്കോ എന്നിവർ പ്രസംഗിച്ചു

## ക്നാനായ കൺവൻഷൻ ഫണ്ട് ഉദ്ഘാടനം



ക്നാനായ കൺവൻഷൻ ഫണ്ട് ഉദ്ഘാടനം അഭിവന്ദ്യ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് കൺവൻഷൻ ഫിനാൻസ് കൺവീനർ സാബു കുഴികണ്ടത്തിലിന് നൽകി നിർവ്വഹിക്കുന്നു. സി. കെസിയ, സി. ശേബ, സുവിശേഷ സമാജം വൈസ് പ്രസിഡണ്ട് ഫാ. ബെന്നി ഏബ്രഹാം മാമലശ്ശേരിൽ, ജനറൽ സെക്രട്ടറി ജിജി ഏബ്രഹാം കറുകേലിൽ, ടി.സി. ജേക്കബ് തോപ്പിൽ, തങ്കച്ചൻ മാമ്പുഴക്കരി, സാബു മഠത്തിപ്പറമ്പിൽ, ഭദ്രാസന സെക്രട്ടറി ഫാ. ഏലിയാസ് ഇളവൻകളം, എം.പി. തോമസ് മംഗലത്ത്, ട്രസ്റ്റി സജി മുണ്ടയ്ക്കൽ എന്നിവർ സമീപം.

## നെല്ലിക്കൽ സ്ഥലത്തിന്റെ ആധാരം



പ്രിയപ്പെട്ടവരെ 2013–ൽ സമുദായം വക നെല്ലിക്കൽ സ്ഥലം മുൻ ഭരണ സമിതി സൗത്ത് ഇന്ത്യൻ ബാങ്കിൽ ഒന്നരക്കോടി രൂപയ്ക്ക് പണയം വെച്ച് സമുദായത്തിന് വലിയ ബാധ്യത വരുത്തിയത് കഴിഞ്ഞ ഡിസംബർ 30–ന് 88 ലക്ഷം രൂപ ബാങ്കിൽ അടച്ച് ബാധ്യത തീർത്തു. ഇന്ന് 6/1/2024–ൽ ബാങ്ക് മാനേജർ നെല്ലിക്കൽ സ്ഥലത്തിന്റെ ആധാരം സമുദായ മെത്രാപ്പോലീത്തായെയും കമ്മറ്റിയെയും തിരിച്ച് ഏൽപ്പിക്കുന്നു.

സമുദായ മെത്രാപ്പോലീത്തായോട് ഒപ്പം സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, മാനേജിങ് കമ്മറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, ലിനു വരാത്തറ, രഞ്ജു കോഴിമറ്റം, ഭദ്രാസന സെക്രട്ടറി ഫാ. ഏലിയാസ് സ്കറിയാ ഇളവൻകളം എന്നിവർ.



33 – ാം ചരമവാർഷികം
10 – 01 – 2024



# ഏബ്രഹാം കുര്യൻ

കിഴക്കേത്തലക്കൽ, വേഴപ്ര, ആലപ്പുഴ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 4th Death Anniversary

22-01-2024



Advt -O

## Rajan M George

**Moozhickal Valel,**

**Kalathipady, Kottayam.**

*"Gone from our sight, but never from our hearts*

Sorrowing family members.

## 1-ാം ചരമവാർഷികം

11-01-2024



Advt -O

## C.P.Philip

**കുളമടയിൽ, റാന്നി**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 17th Death Anniversary

10-12-2023



## Kunjachen

## 2nd Death Anniversary

26-08-2024



## Aleykkuty Kunjachen

## 7th Birthday in Heaven

29-1-2024



Advt - S

## Joji P. Abraham

**Pulanchanaril, Channanikadu**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Sorrowing Family members

## 14th Death Anniversary
**20-01-2024**



# Mr. K. C. Mathew

**Kariyil, Kunnumpurathu, Kottayam**

*It's been 14 years since you passed on.*
*Yet you remain with us.*

**Marykutty, Arun,Shiny, Shalini, Tom, Kevin, Sami, Tamsin and Aidan.**

Advt -O

## 40-ാം ചരമദിനം
**27-01-2024**



# കുര്യൻ പി.എ. (89)

**(ബേബിസാർ)**

**പുതുവീട്ടിൽ, അങ്ങാടി, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S



## 40-ാം ചരമദിനം
**26-01-2024**

# മറിയാമ്മ പുന്നൂസ്

**(കുഞ്ഞമ്മ)**

**അമ്പലപ്പാട്ട് (H)**

**തിരുവൻവണ്ടൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

**മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ**

Advt - G



## 4 – ാം ചരമ വാർഷികം
**08 – 02 – 2024**

# Very. Rev. K. C. Andrews Cor-Episcopa

**Kochuparambil, Vadapuram**
**Nilambur**

"ആചാര്യേശാ മ്ശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

By Sorrowing Family

Advt - O

## 40 – ാം ചരമദിനം
**12 – 1 – 2024**



## കെ. സി. മാത്യു

**കുന്നശ്ശേരിൽ, കാരാപ്പുഴ, കോട്ടയം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 5th Death Anniversary
**25-01-2024**



## A.P.ABRAHAM

**Ampalappatt House,**
**Thiruvanvandoor**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 3 – ാം ചരമവാർഷികം

**3 – 01 – 2024**



Advt -O

## റ്റി.കെ. കുരുവിള (രാജു)

**തൈക്കുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ**

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമ വാർഷികം

**14 – 01 – 2024**



Advt -O

## ജിഷ ഡെന്നി

**തെക്കേമഠത്തിൽ, ചിങ്ങവനം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 9 – ാം ചരമവാർഷികം

**28 – 01 – 2024**



Advt -G

## റ്റി.കെ. തോമസ്

**തേലക്കാട്ട്, കല്ലിശ്ശേരി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

**8 – 01 – 2024**



Advt - O

## K.J. KURUVILLA (THAMPY)

**Kizhakkethil House,
Vallamkulam, Thiruvalla**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

20 – 01 – 2024



Advt - O

# P.P.MATHEW (ANIYACHEN)

## Perincheril (Velloothuruthy)

*"Days will pass and turn into years but you will always be remembered, fondly with silent tears."*

By Sorrowing Family

## 6th Death Anniversary

17 - 01 - 2024



Advt -O

# Thankamma Kuruvilla

**Kodinjoor Enclave**
**Kaviyoor, Thiruvalla**

By Sorrowing Family

## 3 – ാം ചരമവാർഷികം

17 – 01 – 2024



Advt -R

# ജസ്സി സക്കറിയ

## മുക്കാട്ട്, പുത്തൻപമ്പിൽ, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

പ്രാർത്ഥനയോടെ

**സണ്ണി, മരിയ, സനൽ, മിഥുൻ, അലീന**

## 1 – ാം ചരമവാർഷികം

25 – 01 – 2024



Advt -G

# ജെയ്സമ്മ തോമസ്

## മടുക്കമൂട്ടിൽ, പൂവൻതുരുത്ത്

ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു.
ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു.
(2 തിമോ. 4:7)

*സന്തപ്ത കുടുംബാംഗങ്ങൾ*

# ചിന്തയുടെ ചീന്തുകളിൽ നിന്ന്

പ്രൊഫ. ഡോ. അന്നമ്മ ജേക്കബ്, മള്ളൂശ്ശേരിൽ, റാന്നി

വിടർന്നു വിലസുന്ന റോസാപ്പൂക്കൾ എന്നെ ആകർഷിച്ചു. പൂർണ്ണമായും വിടർന്നത്, വിടരാൻ വെമ്പുന്നത്, വിടരാൻ നാളുകൾ കാത്തിരിക്കുന്നത്. അങ്ങനെ വിവിധഭാവങ്ങൾ ആ റോസാപ്പൂക്കളിൽ ഞാൻ കണ്ടു.

അതിൽ എന്നെ ഏറ്റവും അധികം ആകർഷിച്ചത് വിടർന്നു മലർന്ന ഒരു റോസാമലരായിരുന്നു. ഓരോ ഇതളും ശ്രദ്ധയോടെ ഞാൻ നോക്കി. എത്ര മനോഹരമായി അടുക്കിവച്ചിരിക്കുന്ന ഇതളുകൾ. പക്ഷേ ഓരോ ഇതളിന്റെയും അരികുകൾ കരിഞ്ഞുണങ്ങാൻ തുടങ്ങിയിരിക്കുന്നു. കടും ചുവപ്പു നിറത്തിലുള്ള ഇതളുകളുടെ അരികുകൾ ഇളം കറുപ്പുനിറംകൊണ്ട് മോടിപിടിപ്പിച്ച മാതിരി പ്രകൃതി ഒരു മനോഹര കലാസൃഷ്ടി നടത്തിയിരിക്കുന്നു. ഇതളുകൾ താനേ അടർന്നു തുടങ്ങിയിരിക്കുന്നതും എന്റെ ശ്രദ്ധയിൽപ്പെട്ടു. ഒരു ചെറിയ കാറ്റിന്റെ ചലനംപോലും താങ്ങാൻ ആ ദളങ്ങൾക്ക് ശക്തിയില്ല എന്നും എനിക്ക് മനസ്സിലായി. ആ മലരിനെ വളരെ സൂക്ഷ്മതയോടെ റോസാച്ചെടിയിൽ നിന്നും ഞാൻ അടർത്തിയെടുത്തു. ഇതളുകൾ ഓരോന്നായി കൊഴിയാൻ തുടങ്ങിയെങ്കിലും ഞാൻ അനുവദിച്ചില്ല. മൃദുലമേറിയ ആ ഇതളുകൾ ചേർത്ത് അടുക്കിപ്പിടിച്ച് ആ സുഗന്ധം മുഴുവനും പതുക്കെ പതുക്കെ ആസ്വദിച്ചു. അവസാന നിമിഷം വരെ...... സുഗന്ധവാഹിയായി പ്രകൃതിയെ രസിപ്പിക്കുന്ന നിർവ്യാജ സേവനത്തിനു മുൻപിൽ ഞാൻ കൈകൂപ്പി. ആ പുഷ്പത്തെ ഞാൻ നെഞ്ചോടു ചേർത്തു. എന്തൊക്കെയോ അവാച്യ സ്മരണകൾ എന്നെ പുളകം കൊള്ളിച്ചു. എന്റെ കണ്ണുകളിൽ നന്ദിയുടെ, നിർവൃതിയുടെ ബാഷ്പം പൊടിഞ്ഞു. എന്നിൽ ആനന്ദവികാരമുണർത്തിയ ആ മലർ ഇന്നും ഞാൻ സൂക്ഷിക്കുന്നു. അത്, എന്റെ ശാകുന്തളം പുസ്തകത്തിന്റെ ഉൾത്താളുകളിൽ ഞാൻ ഒളിപ്പിച്ചുവച്ചിട്ടുണ്ട്. അതും നാലാം അങ്കത്തിൽ.... അതവിടെ സ്വസ്ഥമായിരിക്കട്ടെ... കാവ്യഭംഗി ആസ്വദിച്ച്, ഭാവനയുടെ ലോകത്ത് സ്വയം മുഴുകി രസിച്ചിരിക്കട്ടെ... സുരക്ഷിതമായിരിക്കട്ടെ.

ഈ സന്ദർഭത്തിൽ അടുത്തകാലത്ത് എനിക്കുണ്ടായ ഒരനുഭവം ഓർമ്മയിൽ വരുന്നു. എന്റെ ഒരു മുതിർന്ന സുഹൃത്തിനെ ഞാൻ ഫോണിൽ വിളിച്ചു. ഫോണെടുത്തത് സുഹൃത്തായിരുന്നില്ല. സുഹൃത്തിന്റെ ഭർത്താവായിരുന്നു. ഏതാണ്ട് എൺപത്തിയഞ്ചോടടുത്ത പ്രായം ഉള്ള ആൾ. ഒരു ഔപചാരികതയോ, മുഖവുരയോ കൂടാതെ എന്നോടു പ്രതികരിച്ചത് ഇങ്ങനെയായിരുന്നു. ഉറച്ചമനസ്സോടെ അദ്ദേഹം ഉറക്കെപ്പറഞ്ഞു. "എന്റെ മോൻ വരുന്നുണ്ട്. നാലുദിവസത്തേക്ക് മറ്റേന്നാൾ വരും. നാലുദിവസം കഴിഞ്ഞു മടങ്ങിപ്പോകും". ദീർഘമായ അവധിയ്ക്ക് രണ്ടുമാസം കഴിഞ്ഞ് വീണ്ടും വരും. അദ്ദേഹത്തിന്റെ മനസ്സിൽ അലതല്ലിയ സന്തോഷം എന്നെയും സ്വാധീനിച്ചു. ഞാൻ വളരെ ചിന്തിച്ചു, അദ്ദേഹം അനുഭവിക്കുന്ന ആ നല്ല നിമിഷങ്ങളെപ്പറ്റി. ഞങ്ങളുടെ സംഭാഷണത്തിൽ മറ്റൊന്നും അദ്ദേഹത്തിനു പറയാനുണ്ടായിരുന്നില്ല. ഫോൺ എന്റെ സുഹൃത്തിനു കൈമാറുന്നതിനു മുൻപ് ഒരിക്കൽക്കൂടി അദ്ദേഹം ഉറക്കെപ്പറഞ്ഞു "മോൻ മറ്റേന്നാൾ വരും.... നാലുദിവസത്തേക്ക്".

സംഭാഷണമദ്ധ്യേ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിയെപ്പറ്റി ഞാൻ ചോദിച്ചു. അതിന്റെ മറുപടി ഏറ്റവും ശുഭാപ്തി വിശ്വാസം നിറഞ്ഞതായിരുന്നു. എന്റെ ചുറ്റിലും മരുന്നല്ലെ ടീച്ചർ? എനിക്കെങ്ങനെ രോഗം വരും? രോഗത്തിന് എന്നെ കീഴടക്കാൻ പറ്റില്ല. വിദഗ്ദ്ധമായ പരിശോധനകളും സ്നേഹ പരിചരണങ്ങളും സാന്ത്വന വാക്കുകളും.... ഇതൊക്കെയല്ലെ മരുന്നുകളേക്കാൾ ഉപരി എന്നെ ഉന്മേഷവാനാക്കുന്നത്! ആ കുടക്കീഴിലാണ്, ആ സ്നേഹത്തണലിലാണ് ഞാൻ ഇപ്പോൾ വിശ്രമിക്കുന്നത്. ഞാൻ ഭാഗ്യവാനാണ്. നിമിഷം തോറും ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എന്റെ മകൻ എത്ര അകലെയാണെങ്കിലും എന്റെ ആരോഗ്യസ്ഥിതി ആരായുകയും വേണ്ടതു ചെയ്യുകയും ചെയ്യുന്നു. എനിക്കതുമാത്രം മതി. ഞാൻ പൂർണ്ണസംതൃപ്തനാണ്.

സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ ഒപ്പം താമസിപ്പിച്ച് പരിചരിക്കാൻ കഴിയുന്നില്ലെങ്കിലും ആവോളം ശ്രദ്ധ കൊടുക്കാനും സാമീപ്യം നൽകാനും ആവശ്യമായ സാദ്ധ്യതകൾ ഇന്ന് സാമൂഹിക മാദ്ധ്യമങ്ങൾ വികസിപ്പിച്ചിട്ടുമുണ്ടല്ലോ.

അദ്ദേഹത്തിന്റെ വാക്കുകളിൽ നിഴലിച്ച വിശ്വാസവും പ്രതീക്ഷയും എത്രയോ ശക്തമാണ്. ഇത് ഒരു ഒറ്റപ്പെട്ട സംഭവം അല്ല. മാതാപിതാക്കളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവൻ എന്നും അനുഗ്രഹീതനാണ്.

